# നാടിന്റെ നന്മ
# നമ്മുടെ നന്മ

सत्यमेव जयते

പബ്ലിക്കേഷൻസ് ഡിവിഷൻ
ൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്റ്ററി
ഇന്ത്യാഗവണ്മെണ്ട്

G
352
GOV

ഏപ്രിൽ 1955

10 അണ.

16

1394/988

11707

# നാടിന്റെ നന്മ നമ്മുടെ മേന്മ

1394/483

सत्यमेव जयते

പബ്ലിക്കേഷൻസ് ഡിവിഷൻ
ഇൻഫർമേഷൻ ആൻറ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്റ്റ്റി
ഇന്ത്യാഗവമ്മേൻറ്

# ഉള്ളടക്കം


| അദ്ധ്യായം | | ഭാഗം |
|---|---|---|
| | ആമുഖം | V |
| 1 | ദാഹിക്കുന്ന നിലങ്ങൾ .... .... | 1 |
| 2 | വെളിച്ചവും ചൂട്ടും വെള്ളത്തിൽനിന്ന് .... | 21 |
| 3 | ഉണരുന്ന ഉൾനാട്ടുകൾ .... .... | 28 |
| 4 | അവകാശങ്ങളും കടമകളും .... .... | 79 |

# ആമുഖം

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ മിക്ക ഭാഗങ്ങളിലും ഒരു തരത്തിലല്ലെങ്കിൽ മററു തരത്തിലുള്ള വികസന പരിപാടികൾ നടന്നുവരുന്നു. മററു ഭാഗങ്ങളിലേക്കും ഇന്നല്ലെങ്കിൽ നാളെ ഇത്തരം പ്രവൎത്തനങ്ങൾ വ്യാപിക്കുന്നതാണ്. ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനത്തിനുള്ള പരിപാടികളാണവ. പൊതുജനങ്ങൾതന്നെയാണ് ഇന്ന് ഈ പദ്ധതികളുടെയെല്ലാം സൂത്രധാരന്മാർ. അപ്പോൾ ഏതെല്ലാം പരിപാടികൾ എത്രമാത്രം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും അവയെല്ലാം ഏതു വിധത്തിൽ പ്രയോജനപ്പെടുന്നുവെന്നും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്ന ജലസേചനപദ്ധതികളേക്കുറിച്ചും, വിദ്യുച്ഛക്തി പദ്ധതികളേക്കുറിച്ചും, സാമൂഹ്യ വികസന പദ്ധതികളേക്കുറിച്ചും പൊതുവായൊരു ധാരണ ഉളവാക്കുവാൻ ഈ പ്രസിദ്ധീകരണം സഹായകമായേക്കും. നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന കാര്യങ്ങൾ ഒന്ന് അടുക്കിപ്പറയുന്നുവെന്നേയുള്ളു. വിവിധ പദ്ധതികളുടെ ഇതേവരെയുള്ള പ്രവൎത്തന പുരോഗതി അറിയുമ്പോൾ അതിൻെറയും ഇനി ആരംഭിക്കുന്നവയുടെയും പരിപൂൎണ്ണ വിജയത്തിനുവേണ്ടി അദ്ധ്വാനിക്കുവാനുള്ള ആശയും ആവേശവും വൎദ്ധിക്കാതിരിക്കയില്ല. നമുക്ക് കാര്യത്തിലേക്കു കടക്കാം.

## അദ്ധ്യായം 1

# ദാഹിക്കുന്ന നിലങ്ങൾ

ആയിരത്തോളം വർഷത്തിനപ്പുറത്ത് കാശ്മീരിൽ നടന്ന ഒരു കഥ പറയാം. അവന്തിവർമ്മൻ എന്നൊരു രാജാവാണ് അന്ന് കാശ്മീർ ഭരിച്ചിരുന്നത്. വൂലാർതടാകത്തിലേയും ഝലം നദിയിലേയും വെള്ളപ്പൊക്കംകൊണ്ട് കാശ്മീരിൽ കൃഷിനാശം നേരിടുകയെന്നത് അന്നൊരു പതിവായിരുന്നു. അങ്ങനെ വെള്ളപ്പൊക്കമുണ്ടായി കൃഷിയെല്ലാം മുങ്ങിക്കിടക്കുന്ന സമയം. ദാരിദ്ര്യംകൊണ്ട് ജനങ്ങൾ മരിച്ചുതുടങ്ങി. ഒരു ദിവസം രാവിലെ നാട്ടുകാർക്കെല്ലാം പരിചിതനായ സുയ്യ എന്നൊരാൾ വെള്ളപ്പൊക്കം ബാധിച്ച ആ ഗ്രാമത്തിലേക്കു ചെന്നു. അസാധാരണമായ ബുദ്ധിസാമർത്ഥ്യംകൊണ്ട് സുയ്യ പ്രസിദ്ധനായിരുന്നു. മൂടികെട്ടിയ പത്തിരുപതു കുടങ്ങളും ചുമന്നുകൊണ്ടു പുറകേവന്ന ചുമട്ടുകാരെ സുയ്യ വൂലാർതടാകത്തിനടുത്തു നിറുത്തി. കുടങ്ങളിൽ പകുതിയോളം മൂടി തുറന്നുമാററി. അതിനകത്തുനിന്ന് നാണയങ്ങൾ ചൊരിഞ്ഞ് ചൊരിഞ്ഞ് നിലത്തിട്ടു. അപ്പോഴേക്ക് ചുററുപാടുമുള്ള ജനങ്ങൾ അവിടെയെല്ലാം തിങ്ങിക്കൂടികഴിഞ്ഞിരുന്നു. അവരെല്ലാം കാൺകെ ആ നാണയമത്രയും വാരി സുയ്യ തടാകത്തിലേക്കെറിഞ്ഞു. ജനങ്ങൾ അമ്പരന്നുപോയി. ബുദ്ധിമാനായ സുയ്യക്ക് ഭ്രാന്തുപിടിച്ചെന്ന് അവർ കരുതി. എങ്കിലും തടാകത്തിലെറിയപ്പെട്ട നാണയങ്ങൾ തപ്പിയെടുത്താൽ തല്ക്കാലത്തെ ദാരിദ്ര്യത്തിന് ഒരാശ്വാസമുണ്ടാകുമെന്ന് അവർക്ക് തോന്നാതിരുന്നില്ല. എന്നല്ല, എന്തായാലും നാണയങ്ങൾ തപ്പിയെടുക്കാൻതന്നെ അവർ തീരുമാനിച്ചു. സുയ്യ ഇതൊന്നും ശ്രദ്ധിക്കാതെ ഝലം നദീതീരത്തേക്കു പോയി. ഝലം നദിയിലും വെള്ളം പൊങ്ങി അയൽ ഗ്രാമങ്ങളെല്ലാം പട്ടിണിയിലായിരുന്നു. അവിടേയും സുയ്യ നാണയങ്ങൾ വാരി വെള്ളത്തിലേക്കെറിഞ്ഞു. പെട്ടെന്നുതന്നെ മടങ്ങിപ്പോകുകയും ചെയ്തു. ജനങ്ങൾ നദിയിൽനിന്ന് നാണയങ്ങൾ തപ്പിയെടുക്കാൻ തീരുമാനിച്ചു. നാണയം തപ്പാനിറങ്ങിയവർ വെള്ളപ്പൊക്കത്തിലൊഴുകി വന്നടിഞ്ഞുകിടന്നിരുന്ന തടികളും ഉരുളൻകല്ലുകളുമെല്ലാം മാററി അതിനിടക്കു വീണ നാണയങ്ങൾ തപ്പിയെടുത്തു. തടികളും കല്ലുകളും മാററപ്പെട്ടതോടെ നദിയിൽ ഒഴുക്കു തുടങ്ങി. തടാകത്തിൽനിന്നു് വെള്ളം ഇറങ്ങി. എന്തിന്, അല്പസമയത്തിനകം ഗ്രാമങ്ങൾ ഓരോന്നായി തെളിഞ്ഞുവന്നു. വെള്ളം മുഴുവൻ ഒഴുകിപ്പോയിക്കഴിഞ്ഞപ്പോൾ സുയ്യ വീണ്ടും പ്രത്യക്ഷപ്പെട്ടു. വെള്ളപ്പൊക്കം നിയന്ത്രിയ്ക്കാൻവേണ്ടി താൻ പ്രയോഗിച്ച ഉപായം സുയ്യ

ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കി. തുടന്ന് ആളുകളുടെ സഹകരണത്തോടുകൂടി ഝലം നദിയിൽ ഒരു അണകെട്ടുകയും, സ്ഥിരമായി വെള്ളപ്പൊക്കം നിയന്ത്രിക്കാനും ആവശ്യമുള്ള സമയത്ത് വെള്ളംവിട്ടുകൊടുക്കുവാനും ഉള്ള പരിപാടികൾ കൈക്കൊള്ളുകയും ചെയ്തു. അരിക്കും മററു ധാന്യങ്ങൾക്കും തീപിടിച്ച വിലയുണ്ടായിരുന്നത് മുമ്പൊന്നും കേട്ടുകേൾവിപോലുമില്ലാത്ത തരത്തിൽ അങ്ങു കുറഞ്ഞു. ഇതാണ് കാഷ്മീരിലെ ആദ്യത്തെ ജലസേചനസംരംഭം എന്നു പറയാം. അങ്ങനെ 1000 വർഷത്തിനു മുമ്പ് ഭാരതത്തിന്റെ വടക്കെ അററത്ത് ഈ രീതിയിൽ ജലസേചന പ്രവർത്തനങ്ങളുടെ പ്രാരംഭമിട്ട സമയത്ത് തെക്കൻ തിരുവിതാംകൂറിലെ പരളയാററിൽ പാണ്ഡ്യൻ അണക്കെട്ടിലൂടെ നാഞ്ചിനാട്ടെ നിലങ്ങളിൽ ജലസേചനം നടത്തിവന്നിരുന്നു. തോടുകൾ, കുളങ്ങൾ തുടങ്ങി പല ചെറുകിട ജനസേചനമാർഗ്ഗങ്ങളും അക്കാലത്തു നടപ്പിലിരുന്നതായി കാണാം. നമ്മുടെ വരുതിക്കു വഴങ്ങാൻ തയ്യാറായി നില്ക്കുന്ന പ്രകൃതിയെ വേണ്ടതുപോലെ മെരുക്കിയെടുക്കുന്നതിലാണ് വിജയം സ്ഥിതിചെയ്യുന്നത്. ഭക്ഷ്യോല്പാദനവർദ്ധനവാണ് നമ്മുടെ പുരോഗതിയുടെ അടിത്തറ. ഭക്ഷ്യോല്പാദനവർദ്ധനവിൽ ജലസേചനപരിപാടികൾക്കു വളരെ പ്രാധാന്യമുണ്ട്. യഥാകാലം ആവശ്യത്തിനു വെള്ളം കിട്ടുന്നതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ കൃഷിയുടെ വിജയം. ആവശ്യമുള്ളപ്പോൾ വെള്ളം കിട്ടാതെയും അനവസരങ്ങളിൽ വെള്ളം കെട്ടിനിന്നും നമ്മുടെ നെൽകൃഷി ഒട്ടേറെ നാശനഷ്ടങ്ങൾ അനുഭവിക്കുന്നുണ്ട്. അതുപോലെതന്നെ വേണ്ടസമയത്തു വെള്ളം നൽകാൻ കഴിഞ്ഞാൽ ഇപ്പോൾ കൃഷി ചെയ്യാത്ത കുറെ സ്ഥലത്തുകൂടി കൃഷി വ്യാപിപ്പിക്കുവാനും ഇന്നത്തെ ഒരുപ്പൂനിലങ്ങൾ പലതും ഇരുപ്പൂനിലങ്ങളാക്കാനും സാധിക്കും. ആവശ്യമുള്ള കാലത്തു ആവശ്യമുള്ളത്ര വെള്ളം കൃഷിസ്ഥലത്തു എത്തിച്ചുകൊടുക്കുവാനും ആവശ്യമില്ലാത്തപ്പോൾ വെള്ളത്തിന്റെ ആക്രമണത്തിൽനിന്നു നിലങ്ങളെ രക്ഷിക്കുവാനും ചില പരിപാടികൾ വേണം. വർഷകാലത്തു നദികളിലും മററും പെരുകുന്ന വെള്ളം അയൽസ്ഥലങ്ങളെല്ലാം നശിപ്പിച്ചുകൊണ്ട് സമുദ്രത്തിലേക്കു ഒഴുകിപ്പോയ്ക്കളയുന്നു. വേനല്ക്കാലമാകുമ്പോൾ വെള്ളം കിട്ടാതെ വരണ്ടു കൃഷികൾ നശിക്കുന്നു. വർഷകാലത്തു ഒഴുകിപ്പോയ വെള്ളമെല്ലാം വേനല്ക്കാലത്തു ലഭിക്കുമായിരുന്നെങ്കിൽ എത്രമാത്രം പ്രയോജനപ്പെട്ടേനെ! കൊയ്ത്തുകാലത്തു കുറെ നാളത്തേയ്ക്ക് ആവശ്യത്തിലധികം ഭക്ഷണം കഴിച്ചു പിന്നെയുള്ള കാലമെല്ലാം പട്ടിണികിടക്കുവാൻ നമുക്കു സാധിക്കുകയില്ല. അതുകൊണ്ട് നെല്ല് ആവശ്യത്തിന് ഉപയോഗിക്കാനായി പത്തായങ്ങളിലും മററും ശേഖരിച്ചുവെക്കുന്നു. അതുപോലെയാണ് വെള്ളത്തിന്റെ കാര്യവും. ധാരാളമായി ജലം ലഭിക്കുന്ന കാലത്ത് അതു ദുരുപയോഗപ്പെടുത്താതെ എവിടെയെങ്കിലും കെട്ടി നിറുത്തണം. ഇതിനു അണക്കെട്ടുകളും ജലസംഭരണകേന്ദ്രങ്ങളും വേണം. പിന്നീടാവശ്യമുള്ളപ്പോൾ തോടുകൾവഴിയായും മററും വെള്ളം പാടങ്ങളിൽ എത്തിച്ചുകൊടുക്കണം.

ഇതിന്നു തോടുകളും ചാലുകളും വെട്ടണം. ഇത്തരം പരിപാടികൾക്കാണ് ജലസേചനപദ്ധതികൾ എന്നു പറയുന്നത്.

നൂററാണ്ടുകാലങ്ങളായി, മനുഷ്യർ കൃഷിചെയ്യാൻ ആരംഭിച്ചകാലം മുതല്ക്കേ, ജലസേചനത്തിൻെറ പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ട്. അന്നെല്ലാം കൃഷിക്കുവേണ്ടിയുണ്ടായ ജലസേചനസംരംഭങ്ങളാണ് മനുഷ്യരുടെ സാമൂഹ്യജീവിതത്തേയും സാംസ്കാരികസിദ്ധികളേയും നനച്ചു വളർത്തിയതെന്നു പറയാം. പൊതുജനങ്ങളെ ഒരുപോലെ ബാധിക്കുന്ന ഈ പ്രശ്നത്തിൻെറ വിജയം സ്ഥിതിചെയ്യുന്നതു എല്ലാവരും ഒത്തുചേർന്നു പ്രവർത്തിക്കുന്നതിലാണ്. ഇതു പണ്ടുപണ്ടേ ജനങ്ങൾ മനസ്സിലാക്കിയിരുന്നു. തിരുവിതാംകൂർകൊച്ചിയിലെ ജലസേചനപ്രശ്നങ്ങളെക്കുറിച്ചു നമുക്കു നോക്കാം.

ഭാരതത്തിലെ മററു ഭാഗങ്ങളെ അപേക്ഷിച്ച്, ലോകത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ചെന്നുതന്നെ പറയാം, ഏററവും കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ സംസ്ഥാനം. ഭക്ഷ്യകാര്യത്തിൽ ഏററവും വലിയ കമ്മിപ്രദേശവും നമ്മുടെ സംസ്ഥാനമാണ്. ഇന്ത്യയിൽ പൊതുവേയുള്ള കമ്മി പത്തുശതമാനമാണെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിൽ അതു അറുപതു ശതമാനമാണ്. നമ്മുടെ പ്രധാന ഭക്ഷ്യധാന്യം അരിയാണല്ലോ. തിരുവിതാംകൂർ-കൊച്ചിയിൽ 275,000 ടൺ അരിയേ ആണ്ടുതോറും ഉല്പാദിപ്പിക്കുന്നുള്ളുവെന്ന് കണക്കാക്കപ്പെടുന്നു. 12 ഔൺസ് റേഷൻ നല്കുന്നതിനുതന്നെ ആണ്ടൊന്നിന് 550,000 ടൺ അരികൂടി നമ്മുടെ സംസ്ഥാനത്തിന് പിന്നേയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ബർമ്മയിൽനിന്നും മററുമായി കുറഞ്ഞ വിലക്ക് ആവശ്യമുള്ളതു അരി കിട്ടിക്കൊണ്ടിരുന്നതിനാൽ അന്നൊന്നും അരി കിട്ടാത്തതുകൊണ്ടുള്ള വിഷമത നമ്മുടെ നാട്ടുകാർ അറിഞ്ഞിരുന്നില്ല. എന്നാൽ യുദ്ധകാലത്തോടെ ഇത്തരം ഇറക്കുമതികൾ നിന്നുപോയതുകൊണ്ട് അരിക്ഷാമം നമ്മുടെ നാടിനെ ബാധിച്ചു. ഇപ്പോൾ അരിയുടെ കാര്യത്തിൽ നാം ഇൻഡ്യാഗവമ്മേൻറിനെ ആശ്രയിച്ചുകൊണ്ടാണിരിക്കുന്നത്. ഭക്ഷ്യധാന്യങ്ങൾ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതിലും അരിയുടെ വിലയിലും ഗവമ്മേൻറ് നിയന്ത്രണങ്ങൾ ഏപ്പെടുത്തി. റേഷൻ അനുസരിച്ച് 1951-ൽ പ്രായപൂർത്തിയായ ഒരാൾക്ക് ദിവസമൊന്നിന് നാലര ഔൺസ് അരി നല്കിയിരുന്നത് 1952-ൽ ആറൌൺസാക്കി ഉയർത്തി. ഇപ്പോൾ ഭക്ഷ്യോല്പാദനത്തിൽ ഭാരതത്തിൽ പൊതുവേയും നമ്മുടെ നാട്ടിൽ പ്രത്യേകിച്ചും പറയത്തക്ക അഭിവൃദ്ധിയുണ്ടായിട്ടുള്ളതുകൊണ്ട് റേഷൻ സമ്പ്രദായം നിർത്തലാക്കാൻ സാധിച്ചിരിക്കുന്നു. അരിയുടെ വിലയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. അരി വേണ്ടതു വാങ്ങാൻ കിട്ടുകയും ചെയ്യും. എന്നാൽ ഇനിയും ഭാരതത്തിൻെറ മററു ഭാഗങ്ങളിൽനിന്നും കൊണ്ടുവരുന്ന അരിയെ ആശ്രയിച്ചാണ് നാം കഴിഞ്ഞുകൂടുന്നതെന്നുള്ളത് മറക്കരുത്. മൂന്നു ലക്ഷം

ടണ്ണോളം അരി വെളിയിൽനിന്നും നമ്മുടെ നാട്ടിലേക്ക് കൊണ്ടുവന്നു കൊണ്ടിരിക്കുന്നു. ജനങ്ങൾക്ക് നിയന്ത്രിതവിലക്ക് അരി നല്ലുന്നതിന്നു വേണ്ടി ഇൻഡ്യാഗവമ്മേണ്ടിൽനിന്നും വമ്പിച്ച തുകകൾ സഹായധനമായി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനവും കോടിക്കണക്കിനു രൂപാ ഇതിലേക്കുവേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്നു. 1953 മാച്ചിൽ അവസാനിച്ച മൂന്നു സാമ്പത്തിക വഷങ്ങളിൽ നമ്മുടെ സംസ്ഥാനഗവമ്മേൻറ് ഇതിലേക്കുവേണ്ടി ചെലവാക്കിയിട്ടുള്ള തുക 8 കോടി രൂപയോളമാണെന്നറിയുമ്പോഠം സംസ്ഥാനത്തെ മുതലെടുപ്പിൽ എത്ര വമ്പിച്ചൊരു ഭാഗമാണ് ഇതിനായി ഓരോ വഷവും നീക്കിവെക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഓരോ വഷവും ഇത്ര വമ്പിച്ച തുക ഇതിലേയ്ക്കുവേണ്ടി ചെലവാക്കുന്നതുകൊണ്ട് ഇതിൻെറ അടിയിൽക്കിടക്കുന്ന പ്രശ്നം പരിഹരിയ്ക്കപ്പെടുകയില്ല. അതിനു നമ്മുടെ സംസ്ഥാനത്തെ ഭക്ഷ്യോല്പാദനം വദ്ധിപ്പിയ്ക്കുകയെന്നതാണ് ഒരൊററ പോംവഴി. ജനസംഖ്യ വളരെ വദ്ധിച്ചിട്ടുള്ളതുകൊണ്ടും കൃഷിഭൂമി വളരെ പരിമിതമായതുകൊണ്ടും നമ്മുടെ സംസ്ഥാനത്തിൽ ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തത കൈവരുത്തുവാൻ വിഷമമുണ്ട്. എന്നാൽ ഭക്ഷ്യോല്പാദനം പരമാവധി വദ്ധിപ്പിയ്ക്കുവാനും പുറമേനിന്നുമുള്ള ഇറക്കുമതികഠം കഴിവുള്ളിടത്തോളം കുറയ്ക്കുവാനും നമുക്കു സാധ്യമാകും.

അപ്പോഠം ഭക്ഷ്യോൽപ്പാദനം അങ്ങേയററം വദ്ധിപ്പിയ്ക്കണമെങ്കിൽ ഏതെല്ലാം പരിപാടികളാണ് നാം കൈക്കൊള്ളേണ്ടതെന്നു നോക്കാം.

1 കൃഷിയോഗ്യമായ ഭൂമിയിൽ മുഴുവൻ കൃഷിയിറക്കുക.

2 നിവൃത്തിയുള്ളിടത്തെല്ലാം മണ്ണിൻെറ വീര്യം സംരക്ഷിച്ചുകൊണ്ടു കൂടുതൽ തവണ കൂടുതൽ വിളവുകഠം ഇറക്കുവാൻ ശ്രമിയ്ക്കുക.

3 നല്ല കൃഷിസമ്പ്രദായങ്ങഠം നടപ്പാക്കുക.

ഭക്ഷ്യോല്പാദനം വദ്ധിപ്പിക്കുന്നതിൽ ജലസേചനപരിപാടികഠംക്കു കൂടുതൽ പ്രാധാന്യമുണ്ടെന്നു മുമ്പു പറഞ്ഞുവല്ലോ. തിരുവിതാംകൂർ–കൊച്ചിയിൽ ആറു വൻകിട ജലസേചനപദ്ധതികഠം ഉണ്ട്. പീച്ചി, ചാലക്കുടി, വടക്കാഞ്ചേരി, പെരിഞ്ചാണി, കുട്ടനാട്, നെയ്യാർ എന്നിവ. മിയ്ക്കവാറും ഇവ എല്ലാം ജനകീയഗവമ്മെണ്ടിൻെറ ആവിർഭാവത്തിനുശേഷം രൂപം പ്രാപിച്ചിട്ടുള്ളവയും പിന്നീട് പഞ്ചവത്സരപദ്ധതിയിൽ ഉഠംപ്പെടുത്തിയിട്ടുള്ളവയുമാണ്. നമ്മുടെ കാഷികവിഭവങ്ങഠം വദ്ധിപ്പിയ്ക്കുന്നതിന്നും അങ്ങിനെ നാട്ടിൽ സുഭിക്ഷത കൈവരുത്തുന്നതിനുമായി കേന്ദ്രഗവമ്മേണ്ടിൻെറ സഹായത്തോടുകൂടി സംസ്ഥാനഗവമ്മെണ്ട് നടത്തുന്ന പ്രവത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജലസേചനപദ്ധതി. ഈ പദ്ധതികളുടെ പൂത്തീകരണത്തോടുകൂടി ഭക്ഷ്യോല്പാദനത്തിലുണ്ടാകുന്ന വദ്ധനവു രാജ്യത്തെ മുഴുവൻ ജനങ്ങഠംക്കും ഒരുപോലെ പ്രയോജനപ്പെടും. മഹത്തായ ഒരു സംരംഭത്തിൻെറ ആദ്യത്തെ പടിമാത്രമാണ് ഈ പഞ്ചവത്സരപദ്ധതിയും അതിൽ ഉഠംക്കൊള്ളിച്ചിട്ടുള്ള വികസനപരിപാടികളും. ഈ പദ്ധതിയുടെ വിജയത്തോടു

കൂടി കൂടുതൽ കൂടുതൽ നേട്ടങ്ങൾക്കുള്ള അടിത്തറ ഒരുക്കുകയായിരിക്കും നാം ചെയ്യുന്നത്. അതുകൊണ്ട് നമ്മുടെ നാട്ടിന്റെ വിവിധഭാഗങ്ങളിൽ നടന്നുവരുന്ന ജലസേചനപദ്ധതികളേക്കുറിച്ചും അവകൊണ്ട് നമുക്കുണ്ടാകുന്ന പ്രയോജനങ്ങളേക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. അതോടൊപ്പം ഈ പരിപാടികളുടേയും ഇതുപോലുള്ള മററു വികസനപ്രവത്തനങ്ങളുടേയും നിവ്വഹണത്തിൽ നമുക്കോരോരുത്തക്കും ഉള്ള പങ്കിനേക്കുറിച്ചുകൂടി ഓമ്മിയ്ക്കേണ്ടതുണ്ട്. തിരുവിതാംകൂർ–കൊച്ചിയിലെ വൻകിട ജലസേചനപദ്ധതികൾ എല്ലാംകൂടി 313800 ഏക്കർ നിലങ്ങൾക്ക് പ്രയോജനപ്പെടും. കൂടാതെ ഓരോ പദ്ധതിയും അതതു പ്രദേശത്തെ നാനാമുഖമായ വികസനത്തിന് ഉപകരിക്കുന്നതുമാണ്. ഈ ആറു പദ്ധതികൾക്കുമായി ആകെ 929 ലക്ഷം രൂപ ചിലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഒന്നാം പഞ്ചവത്സരപദ്ധതിയനുസരിച്ച് മൊത്തം 478 ലക്ഷം രൂപ ചിലവാക്കാനാണ് ആദ്യം ഉദ്ദേശിച്ചിരുന്നത്. എന്നാൽ വേലക്കൂലി, സ്ഥലത്തിന്റെ വില ഇതെല്ലാം പ്രതീക്ഷയിൽ കവിഞ്ഞതിനാൽ മൊത്തം തുക 578 ലക്ഷം രൂപയായി വദ്ധിപ്പിക്കേണ്ടിവന്നു. ഇതേ കാരണത്താൽ ചില പദ്ധതികളുടെ കാര്യത്തിൽ അല്പം മാററങ്ങൾ വരുത്തി. ഇനി പ്രധാന ജലസേചനപദ്ധതികൾ ഓരോന്നായി നമുക്ക് നോക്കാം.

## പീച്ചിപദ്ധതി

തൃശ്ശൂർ ഡിസ്ട്രിക്ടിലുള്ള മണലിയാററിലെ വെള്ളം കെട്ടിനിറുത്തി ജലസേചനത്തിനു ഉപയോഗിക്കാനുള്ളതാണ് ഈ പദ്ധതി. മണലിയാററിലെ വെള്ളം സംഭരിച്ച് ജലസേചനത്തിനുപയോഗിക്കുന്നതിനേക്കുറിച്ച് കാര്യമായ ഗവേഷണങ്ങൾ നടന്നത് 1944_ൽ ആണ്. ഇതിലേക്കു വേണ്ട അന്വേഷണങ്ങൾ നടത്താൻ 1944_ൽ ഒരു സംഘം ഇഞ്ചിനീയർമാരെ പ്രത്യേകമായി നിയോഗിച്ചു. ഗവേഷണങ്ങളെല്ലാം പൂത്തിയാക്കി 1948_ൽ ഈ പദ്ധതിയുടെ പണിയാരംഭിച്ചു. വാണിയൻപാറ കുന്നുകളിൽനിന്നും ഉത്ഭവിക്കുന്ന മണലിയാറ് മുപ്പതു മൈലോളം ഒഴുകി തൃശ്ശൂരിനു തെക്ക് ആറാട്ടുപുഴയിൽവെച്ച് കുറുമാലിയാറുമായി യോജിക്കുന്നു. പിന്നീട് ഇതു രണ്ടുംകൂടി ചേന്ന് ഒഴുകുന്നതാണ് കരിവണ്ണൂർ ആറ്. ഈ രണ്ടു ആറുകളിലേയും ജലം ഒന്നിച്ചൊഴുകുന്നതുമൂലം കരിവണ്ണൂർആററിൽ പലപ്പോഴും വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. ചുററുപാടുമുള്ള സ്ഥലങ്ങൾക്ക് ഇതുകൊണ്ട് ധാരാളം നാശനഷ്ടങ്ങൾ സംഭവിച്ചുപോന്നു. മഴക്കാലത്ത് ഇങ്ങനെ ഭയങ്കരമായ വെള്ളപ്പൊക്കം. വേനൽക്കാലത്തെ കഥ നേരേ മറിച്ചാണ്. അക്കാലത്ത് നദിയിൽ വെള്ളം വററി മണൽത്തിട്ട തെളിയുന്നു. വഷകാലത്ത് കര കവിഞ്ഞൊഴുകി ചുററുപാടും നാശനഷ്ടങ്ങൾ വരുത്തിവെക്കുന്ന വെള്ളമെല്ലാം കെട്ടിനിറുത്തി വഷകാലത്തെ അപകടങ്ങൾ പരിഹരിക്കുകയും വേനല്ക്കാലത്തെ ആവശ്യങ്ങൾ നിറവേററുകയും ചെയ്താലല്ലാതെ ആ നദികൊണ്ട് ജനങ്ങൾക്ക് പ്രയോജനമുണ്ടാകുകയില്ലെന്ന്

ബോധ്യമായി. അങ്ങനെ പീച്ചിയിൽ മണലിയാററിനു കുറുകെ അണകെട്ടി ജലം സംഭരിക്കാൻ തീരുമാനിച്ചു. തൃശ്ശൂരിൽനിന്ന് 15 മൈൽ കിഴക്കാണ് പീച്ചി. അവിടെ മണലിയാറിന് ഏതാണ്ട് 100 അടിയോളമേ വീതിയുള്ളു. ഇരുവശവും നല്ല പാറക്കെട്ടുകളായതുകൊണ്ട് അണകെട്ടുന്നതിന് ഈ സ്ഥലം തിരഞ്ഞെടുത്തു. $41\frac{1}{2}$ ച. മൈ. സ്ഥലത്തുനിന്നും വെള്ളം സംഗ്രഹിക്കാൻ ഈ സ്ഥലത്തുവെച്ച് സാധിക്കും. ഈ പ്രദേശത്ത് പ്രതിവഷം 115 ഇഞ്ച് മഴപെയ്യുന്നുണ്ട്. ജലസംഭരണകേന്ദ്രത്തിൽ കെട്ടിനിറുത്തുന്ന 390 കോടി ക്യൂബിക്കടി വെള്ളം ജലസേചനത്തിന് വിവിധ സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുവാൻ 51 മൈൽ നീളത്തിൽ പ്രധാനപ്പെട്ട തോടുകളും 110 മൈൽ നീളത്തിൽ ശാഖാതോടുകളും പണിതുവരുന്നു. വലതുവശത്തെ പ്രധാന തോടിന് 23 മൈൽ നീളമുണ്ട്. അതിൽനിന്നും 24 ശാഖകരം പിരിഞ്ഞുപോകുന്നു. ഇടതുവശത്ത് 28 മൈൽ നീളത്തിൽ പ്രധാന തോടും 9 ശാഖകളുമാണുള്ളത്. വലതുവശത്തെ തോടുകരംകൊണ്ട് തൃശ്ശൂർ താലൂക്കിൽ താഴെപ്പറയുന്ന 24 ഗ്രാമങ്ങരംക്ക് പ്രയോജനം സിദ്ധിക്കും.

| | | | |
|---|---|---|---|
| 1 | പാണഞ്ചേരി | 2 | മടക്കത്തറ |
| 3 | വെള്ളാണിക്കര | 4 | നെററിശ്ശേരി |
| 5 | ഒല്ലൂക്കര | 6 | കൊഴുക്കുള്ളി |
| 7 | മാറാത്തകര | 8 | നടത്തറ |
| 9 | ഒല്ലൂർ | 10 | എടക്കുന്നി |
| 11 | കണിമംഗലം | 12 | നെമ്മാണിക്കര |
| 13 | ചിയ്യാരം | 14 | കുറുക്കാഞ്ചേരി |
| 15 | കുറച്ചിക്കര | 16 | വിൽവട്ടം |
| 17 | വിയ്യൂർ | 18 | കോളാഴി |
| 19 | കില്ലന്നൂർ | 20 | ചുള്ളിശ്ശേരി |
| 21 | വാളപ്പായി | 22 | പൊട്ടോർ |
| 23 | കുറവർ | 24 | മൂലയം |

ഇടതുവശത്തെ തോട് ജലസേചനംചെയ്യുന്നതു് താഴെപ്പറയുന്ന 9 ഗ്രാമങ്ങളിലെ കൃഷിസ്ഥലങ്ങളിലാണ്.

| | | | |
|---|---|---|---|
| 1 | പാണഞ്ചേരി | 2 | മൂലയം |
| 3 | കൈനൂർ | 4 | പുത്തൂർ |
| 5 | തൃക്കൂർ | 6 | കല്ലൂർ |
| 7 | വരന്തരപ്പള്ളി | 8 | ആമ്പല്ലൂർ |

9 മണമംഗലം

പീച്ചിപദ്ധതി പൂർത്തിയാകുമ്പോരം ഇപ്പോരം തരിശായിക്കിടക്കുന്ന 12,000 ഏക്കർ സ്ഥലത്ത് ഇരുപ്പൂകൃഷി നടത്താൻ കഴിയും. ഒരുപ്പൂകൃഷി നടക്കുന്ന 4000 ഏക്കർ നിലത്തിൽ ഇരുപ്പൂകൃഷി നടത്തുകയും ചെയ്യാം. കൂടാതെ ഇപ്പോരം ഇരുപ്പൂകൃഷിചെയ്യുന്ന 10,000 ഏക്കർ സ്ഥല

ത്തിന്നും 20000 ഏക്കർ കോറംകൃഷിപ്രദേശത്തും വേണ്ടത്ര വെള്ളം എത്തിച്ചുകൊടുക്കുന്നതിന്നും സാദ്ധ്യമാകും. കൃഷിസമ്പ്രദായങ്ങറം ഇന്നത്തെ നിലയിൽതന്നെ തുടന്നാലും പീച്ചിപദ്ധതികൊണ്ടുള്ള പ്രയോജനം കിട്ടിത്തുടങ്ങിയാൽ പ്രതിവഷം 15,000 ടൺ നെല്ല്കൂടി കൂടുതലായി ലഭിക്കുന്നതാണ്. ഈ സ്ഥലങ്ങളിൽ എല്ലാം കട്ടംകൃഷി നടപ്പാക്കുന്നപക്ഷം വിളവ് ഇതിലും എത്രയോ അധികമായി വദ്ധിപ്പിക്കാം.

ഒരുലക്ഷത്തിൽപരം ആളുകറം താമസിക്കുന്ന തൃശ്ശൂർ ടൌണിൽ ശുദ്ധജലവിതരണം നടപ്പാക്കാനും പീച്ചിപദ്ധതിക്ക് സാദ്ധ്യമാകും.

ഇതിനെല്ലാം പുറമെ കരിവണ്ണൂർ ആററിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതുമൂലം നദിയുടെ ഇരുകരകളിലുമുള്ള ഒട്ടധികം സ്ഥലത്തിന്നു് സംരക്ഷണം നല്കാൻ കഴിയും. തൃശ്ശൂരിൽനിന്ന് ജലമാർഗ്ഗമായുള്ള ഗതാഗതവും ഇതോടെ സുഗമമായിത്തീരും.

1948-ൽ പണിയാരംഭിച്ച പീച്ചിപദ്ധതി 1955-1956 അവസാനത്തോടുകൂടി പൂർത്തിയാകുന്നതാണ്.

അണയുടെ മുകറംനിരപ്പിൽ 750 അടി നീളവും 14 അടി വീതിയും ഉണ്ടായിരിക്കും. നദിയുടെ തട്ടിൽനിന്നും 130 അടി പൊക്കമാണ് അണക്കെട്ടിനുള്ളത്. ആകെ 235 ലക്ഷം രൂപാ ഈ പദ്ധതിക്കുവേണ്ടി ചെലവാക്കുന്നതാണ്. ഇതിൽ 47 ലക്ഷം രൂപയോളം ഇതിനകംതന്നെ അണക്കെട്ടിൻെറ പണിക്കായി ചെലവായി കഴിഞ്ഞു. തോടുകളുടെ പണിക്ക് ഇതിനകം 64 ലക്ഷം രൂപയോളം ചെലവാക്കിയിട്ടുണ്ട്. പ്രധാന തോടുകളുടെ പണി വലത്തെക്കരയിൽ 23 മൈലും ഇടത്തെക്കരയിൽ 24 മൈലും പൂർത്തിയാക്കിയിരിക്കുന്നു. 38 മൈലോളം ശാഖാതോടുകളും ഇതിനകം വെട്ടിക്കഴിഞ്ഞിട്ടുണ്ട്.

പീച്ചി ജലസേചനപദ്ധതികൊണ്ടു പല വിധത്തിലായി 46,000 ഏക്കർ സ്ഥലത്തു കൃഷിക്കു പ്രയോജനം സിദ്ധിക്കുമെന്നു മുമ്പു പറഞ്ഞുവല്ലാ. ഇതോടൊപ്പം എത്രയായിരം പേക്കാണ് ഈ പണികറം മൂലം തൊഴിൽ ലഭിക്കുന്നതെന്നും നാം ആലോചിക്കേണ്ടതുണ്ട്. അണക്കെട്ടിൻേറയും തോടുകളുടേയും പണിക്കുവേണ്ടി ഒരേ സമയം, പ്രതിദിനം 3000 പേർവരെ പണിയെടുത്തിട്ടുണ്ട്. പണികറം പൂത്തിയായി വരുന്ന ഈ ഘട്ടത്തിലും പ്രതിദിനം 500 പേരോളം ഇതു സംബന്ധിച്ച പണികളിൽ ഏപ്പെട്ടുകൊണ്ടിരിക്കുന്നു.

അണക്കെട്ടിൻെറ പണി പുരോഗമിച്ചതോടൊപ്പംതന്നെ കൂടുതൽ കൂടുതൽ സ്ഥലത്തു ഇതിനകം ജലസേചനസൌകര്യം നൽകാനും സാധിച്ചിരിക്കുന്നു. 1952-ൽ 10,000 ഏക്കർ കോറംനിലങ്ങറംക്കു വെള്ളം കൊടുക്കാൻ കഴിഞ്ഞു. 1953-ൽ 16,000 ഏക്കർ കോറം നിലത്തിലും 1000 ഏക്കർ പുഞ്ചനിലത്തിലും പീച്ചിയിൽനിന്നും ജലസേചനം നിവ്വഹിച്ചിട്ടുണ്ട്. 1954-ൽ കോറംകൃഷിസ്ഥ

ലത്തു മുഴവനം കുറെ മുണ്ടകകൃഷിയ്ക്കും ആവശ്യമുള്ള വെള്ളം നൽകുവാൻ സാധിയ്ക്കുമെന്നാണ് പ്രതീക്ഷിയ്ക്കപ്പെടുന്നത്.

1954 ജൂലൈ അവസാനംവരെ പീച്ചി പദ്ധതിയ്ക്കുവേണ്ടി 153 ലക്ഷത്തോളം രൂപാ ചെലവാക്കിയിട്ടുണ്ട്.

## ചാലക്കുടി ജലസേചനപദ്ധതി

ആനമല, നെല്ലിയമ്പതിക്കുന്നുകൾ എന്നീ പ്രദേശങ്ങളിൽനിന്നു ത്ഭവിക്കുന്ന ചാലക്കുടിയാററിൽ ഒരു പെരുമുട്ടു കെട്ടി തോടുകൾ വഴിയായി വെള്ളം സമീപപ്രദേശത്ത് കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ചാലക്കുടിയാററിൽ പ്രായേണ എല്ലാക്കാലത്തും വെള്ളമുണ്ടായിരിക്കും. എന്നാൽ മീനം, മേടമാസക്കാലങ്ങളിൽ ആവശ്യത്തിനു വേണ്ട വെള്ളമുണ്ടാകാറില്ല. സമീപപ്രദേശങ്ങളിൽ എല്ലാക്കാലത്തും ആവശ്യമായ വെള്ളം നല്കുന്നതിനുവേണ്ടി തുമ്പൂരുമുഴിയെന്ന സ്ഥലത്ത് 606 അടി നീളവും ശരാശരി 9.5 അടി ഉയരവുമുള്ള ഒരു പെരുമുട്ടാണ് നിർമ്മിക്കുന്നത്. വലിയ പൊക്കമുള്ള അണക്കെട്ടോ, ചെറിയ മുട്ടോ അല്ലാത്തതുകൊണ്ടാണ് പെരുമുട്ടെന്ന് പറഞ്ഞത്. ഒരു സാധാരണമുട്ടിൻെറ പൊക്കം; സാധാരണ അണക്കെട്ടിൻെറ നീളം. ചാലക്കുടി ടൗണിൽനിന്നും 11 മൈൽ ദൂരെയാണിത്. ഇവിടെ നദിക്ക് വീതി കുറവുള്ളതുകൂടാതെ ഉറപ്പുള്ള പാറത്തട്ടും ഉണ്ട്. അണക്കെട്ടിൻെറ വലതുവശത്ത് 23 മൈൽ നീളത്തിൽ പ്രധാന തോടും 60 മൈൽ നീളത്തിൽ ശാഖാതോടുകളും പണിയുന്നതാണ്. ഇടതുവശത്ത് 12 മൈൽ പ്രധാന തോടും 30 മൈൽ ശാഖാതോടുകളും ഉണ്ടായിരിക്കും.

ചാലക്കുടി രണ്ടു ഘട്ടങ്ങളിലായി പണിതുതീക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യത്തെ പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ഒന്നാം ഘട്ടമാണ്. രണ്ടാം ഘട്ടം അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിക്കും. പദ്ധതിയുടെ രണ്ടു ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ വലതുവശത്തെ തോടുകളിൽനിന്നും ചുററുപാടുമുള്ള 20 ഗ്രാമങ്ങൾക്ക് ജലസേചനം നിർവ്വഹിയ്ക്കാൻ സാധിയ്ക്കും. ആദ്യഘട്ടം പൂർത്തിയാകുന്നതോടുകൂടി താഴെപ്പറയുന്ന 8 ഗ്രാമങ്ങൾക്ക് പ്രയോജനപ്പെടും.

| | | | |
|---|---|---|---|
| 1 | പരിയാരം | 2 | കൊടശ്ശേരി |
| 3 | മററത്തൂർ | 4 | പോട്ടാ |
| 5 | കൊടകര | 6 | കിഴക്കേ ചാലക്കുടി |
| 7 | പെരമ്പ്ര | 8 | എലഞ്ഞിപ്രാ |

മുൻപറഞ്ഞ 8 ഗ്രാമങ്ങളിലായി 2205 ഏക്കർ വിരിപ്പുനിലത്തിനും 1443 ഏക്കർ മുണ്ടകനും 3178 ഏക്കർ ഇരിപ്പു നിലങ്ങൾക്കും, 8506 ഏക്കർ പറമ്പിനും, 697 ഏക്കർ പുറംപോക്കു ഭൂമിക്കും പ്രയോജനം സിദ്ധിക്കുന്നതാണ്. ഇടതുഭാഗത്തെ തോടുകൾ വഴിയായി 15 ഗ്രാമങ്ങൾക്ക് പ്രയോജനപ്പെടും. അവ—

### കുന്നത്തുനാട്ടു താലൂക്കിൽ

1. മഞ്ഞപ്ര
2. മാണിക്കമംഗലം
3. കോതകുളങ്ങര

### പറൂർ

4. ചെങ്ങമനാട്

### മുകുന്ദപുരം

5. മേലൂർ
6. മുരിങ്ങൂർ—വടക്കുംമുറി
7. മുരിങ്ങൂർ—തെക്കുംമുറി
8. മുരിങ്ങൂർ—കിഴക്കുംമുറി
9. കല്ലൂർ—വടക്കുംമുറി
10. കല്ലൂർ—തെക്കുംമുറി

### കൊച്ചി-കണയന്നൂർ

11. മലയാററൂർ
12. മലയാററൂർ—കിഴക്കുംഭാഗം
13. മലയാററൂർ—വടക്കുംഭാഗം
14. ചൊവ്വര
15. ചൊവ്വര തെക്കുംഭാഗം

ഇടത്തേക്കരയിൽ 12000 ഏക്കർ ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളാക്കാനും, 9700 ഏക്കർ ഇരുപ്പൂനിലത്തിനും 2450 ഏക്കർ പുഞ്ചനിലത്തിനും കൂടുതൽ വെള്ളം നല്കാനും കഴിയുന്നു. ഇതുകൂടാതെ 2000 ഏക്കർ സ്ഥലം പുതുതായി ഇരുപ്പൂനിലമാക്കി പ്രയോജനപ്പെടുത്താനും സാദ്ധ്യമാകും.

പെരുമട്ടിന്റെ പണി പൂത്തിയായിക്കഴിഞ്ഞിരിക്കുന്നു. വലതുവശത്തെ പ്രധാന തോടിന്റെ പണി മുഴവൻ പൂത്തിയായിട്ടുണ്ട്. വലതുഭാഗത്ത് 24 മൈൽ ശാഖാതോടും പൂത്തിയായിരിക്കുന്നു. കഴിഞ്ഞ കൃഷികാലത്ത് ഈ തോടുകളിലൂടെ കൃഷിസ്ഥലങ്ങളിൽ ജലസേചനം നിവ്വഹിക്കുകയുണ്ടായി.

ഇടതുവശത്ത് പ്രധാന തോട് 8 മൈലും ശാഖാതോടുകൾ 9 മൈലും പൂത്തിയായി.

കഴിഞ്ഞ കൃഷികാലത്ത് രണ്ടുഭാഗത്തുമായി 6000 ഏക്കർ സ്ഥലത്ത് ജലസേചനം നിവ്വഹിച്ചു. കൂടുതൽ ശാഖാതോടുകളുടെ പണി സംബന്ധിച്ച പ്രാരംഭപ്രവത്തനങ്ങളും നടന്നുവരുന്നു. 1955—1956 അവസാനത്തിനുമുമ്പായി ചാലക്കുടി ജലസേചനപദ്ധതിയുടെ ഒന്നാം ഘട്ടം പൂത്തിയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

ചാലക്കുടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 143.25 ലക്ഷം രൂപാ ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. രണ്ടാം ഘട്ടത്തിന്റെയും കൂടി പണി പൂർത്തിയാകുമ്പോൾ ആകെ 50,000 ഏക്കർ കൃഷിസ്ഥലത്തിന് ഈ പദ്ധതികൊണ്ട് പ്രയോജനം സിദ്ധിക്കും. ഒന്നാം ഘട്ടംകൊണ്ട് 24,000 ഏക്കറും രണ്ടാം ഘട്ടംകൊണ്ട് 26,000 ഏക്കറും.

ഈ പദ്ധതിമൂലം ജലസേചനംചെയ്യുന്ന സ്ഥലം കുറെയെല്ലാം കുന്നിൻപ്രദേശത്തായതുകൊണ്ട് പണിയ്ക്ക് സാമാന്യനിലയിൽ കുറെ ബുദ്ധിമുട്ട് ഉണ്ട്. എങ്കിലും നിശ്ചിതസമയത്തിനുള്ളിൽത്തന്നെ പണി പൂർത്തിയാകുന്നതായിരിക്കും. 1955—56 അവസാനത്തിനുമുമ്പായി ത്തന്നെ 24,000 ഏക്കർ സ്ഥലത്തിന് ഈ പദ്ധതികൊണ്ട് പ്രയോജനപ്പെടുമെന്നറിയുമ്പോൾ ഭക്ഷ്യോല്പാദനവർദ്ധനവിൽ ഇതു എത്രമാത്രം പ്രയോജനപ്പെടും എന്ന് മനസ്സിലാക്കാൻ കഴിയും.

ഈ പദ്ധതിയ്ക്ക് ആകെ 120 ലക്ഷം രൂപാ ചെലവുവരുമെന്നാണ് ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ വേലക്കൂലിയും സ്ഥലത്തിന്റെ വിലയും പ്രതീക്ഷയിൽ കവിഞ്ഞതുകൊണ്ടും രണ്ടാം ഘട്ടത്തിന്റെ ചെലവുകൂടി ഉൾപ്പെടുത്തിയതുകൊണ്ടും മൊത്തം ചെലവ് 210 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടിവന്നു. ഇതിൽ രണ്ടാം ഘട്ടത്തിൽ 57.5 ലക്ഷം രൂപാ ചെലവുവരുന്ന ഒരു ഭാഗത്തിന്റെ പണിയാണ് അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തേയ്ക്ക് മാററിവച്ചിരിയ്ക്കുന്നത്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ത്യയിലെ ജലസേചനപരിപാടികളുടെ കൂട്ടത്തിൽവച്ച് ഏററവും കുറഞ്ഞ ചെലവിൽ ഏററവും കൂടുതൽ പ്രയോജനം കൈവരുത്തുന്നത് ചാലക്കുടി പദ്ധതിയാണ്.

1954 ജൂലായി അവസാനംവരെയായി ചാലക്കുടി ജലസേചനപദ്ധതിയ്ക്ക് 78 ലക്ഷത്തിൽപ്പരം രൂപാ ചെലവായിട്ടുണ്ട്.

## വടക്കാഞ്ചേരി (വഴാനി) നദീതടപദ്ധതി

അതിഭയങ്കരമായ മഴയുണ്ടായ ഒരു കാലത്ത് ജനങ്ങളെ രക്ഷിക്കാൻ വേണ്ടി "കുന്നു കുടയായി"ത്തീന്ന കഥ നിങ്ങൾ കേട്ടിരിക്കും. എന്നാൽ വെള്ളപ്പൊക്കത്തിൽനിന്ന് ജനങ്ങളെ രക്ഷിയ്ക്കാനും ശരിയായ സമയത്ത് ജനങ്ങൾക്ക് വെള്ളം എത്തിച്ചുകൊടുക്കുവാനും വേണ്ടി ഒരു വലിയ കുന്നുണ്ടാക്കി വെള്ളം നിയന്ത്രിച്ച് നിറുത്തുന്നത് ഒരു പുതുമയായി തോന്നാം. വഴാനിയിൽ വടക്കാഞ്ചേരി നദിക്കു കുറുകെ ഇങ്ങനെയൊരു കുന്നു പൊങ്ങിവരുന്നുണ്ട്. അര മൈലോളം നീളവും ഒരു ഫർല്ലാങ്ങോളം വീതിയും 85 അടി പൊക്കവുമുള്ള വലിയൊരു കുന്നാണത്. നദികളും കുന്നുകളുമെല്ലാം പ്രകൃതിയുടെ സംഭാവനകളായിട്ടാണ് നാം അറിഞ്ഞുവന്നിരുന്നത്. അതെല്ലാം മനുഷ്യന്റെ പ്രയത്നശക്തികൊണ്ടുണ്ടാക്കാവുന്നവയാണെന്ന് ഇപ്പോൾ ബോധ്യമായിവരുന്നുണ്ട്.

നദികഠം ഇല്ലാത്ത സ്ഥലങ്ങളിൽ അനേകം മൈൽ നീളത്തിൽ നദികഠംപോലുള്ള തോടുകഠം വെട്ടി ജലസേചനം നിർവ്വഹിക്കുന്നതെങ്ങനെയെന്ന് പറഞ്ഞുകഴിഞ്ഞു. അതുപോലെതന്നെയാണ് മനുഷ്യപ്രയത്നം കൊണ്ട് വലിയ കുന്നുകളുണ്ടാക്കുന്നതും. വടക്കാഞ്ചേരി നദിയിലെ വെള്ളം തടഞ്ഞുനിർത്തി സംഭരിക്കാൻ പററിയ സ്ഥലം വടക്കാഞ്ചേരിയിൽനിന്ന് ആറു മൈൽ കിഴക്കുള്ള വഴാനിയാണ്. അവിടെവെച്ച് നദിയുടെ ഒഴുക്കു നിയന്ത്രിക്കണം. എന്നാൽ അവിടുത്തെ ഭൂപ്രകൃതിക്ക് യോജിച്ചത് സാധാരണ രീതിയിൽ സിമൻേറാ പാറയോകൊണ്ടുള്ള അണക്കെട്ടല്ലെന്നും, ഒരു മൺകുന്നാണെന്നും വിദഗ്ധന്മാർ നിർദ്ദേശിച്ചു. അങ്ങനെ ഫാറസ്റ്റ് ബംഗ്ലാവിനടുക്കലായി ഈ വലിയ കുന്ന് പണിയാനാരംഭിക്കുകയും ചെയ്തു.

വടക്കാഞ്ചേരി നദി മച്ചാട് കുന്നുകളിൽനിന്ന് പുറപ്പെട്ട് വടക്കു പടിഞ്ഞാറോട്ടൊഴുകുന്നു. ഈ നദിയിൽ എല്ലാക്കാലത്തും വെള്ളം ഉണ്ടായിരിക്കയില്ല. നദിയുടെ ഇരുഭാഗത്തുമുള്ള സ്ഥലങ്ങളിൽ വിരിപ്പു കൃഷിക്കാലത്ത് ഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായി നാശം സംഭവിക്കുന്നു. മുണ്ടകൻകൃഷിക്കാലത്താകട്ടെ ആ സ്ഥലത്തൊന്നും ആവശ്യത്തിനു വെള്ളം കിട്ടുന്നുമില്ല. വർഷകാലത്ത് ഇരുകരകളും കവിഞ്ഞുപായുന്ന വെള്ളം കൃഷിയിറക്കിയിട്ടുള്ള പാടങ്ങളിൽ പാഞ്ഞുകയറി ചെറുഞാറുകഠം നശിപ്പിച്ചുകളയുന്നു. കുറേക്കാലത്തേക്ക് പാടങ്ങളിൽ ഈ വെള്ളമെല്ലാം കെട്ടിക്കിടക്കുന്നതുകൊണ്ട് മിക്കവാറുമുള്ള ഞാറെല്ലാം തന്നെ അഴുകിപ്പോകും. രണ്ടാം കൃഷിയുടെ സമയമാകുമ്പോഠം പാടങ്ങളിൽ ആവശ്യത്തിനു വെള്ളം കിട്ടാതെ നെൽച്ചെടികഠം ഉരുകിത്തുടങ്ങും. ഇങ്ങനെ വെള്ളം കൂടിപ്പോയതുകൊണ്ട് ആദ്യത്തെ കൃഷിയും വെള്ളം കുറഞ്ഞതുകൊണ്ട് രണ്ടാമത്തെ കൃഷിയും നഷ്ടപ്പെടുന്നു. എത്രയോ വർഷങ്ങളായി ആ പ്രദേശത്തെ കൃഷിക്കാർ ഇങ്ങിനെ നിത്യദുരിതം അനുഭവിച്ചുവരികയാണ്. നദിയിൽ അങ്ങിങ്ങ് ചെറിയ മുട്ടുകളും ചിറകളും കെട്ടി മുണ്ടകക്കൃഷിക്ക് കുറച്ചെല്ലാം വെള്ളം സംഭരിച്ചുനിർത്താൻ കൃഷിക്കാർ ശ്രമിക്കാറുണ്ട്. എന്നാൽ ഇതൊന്നും ആവശ്യത്തിനു മതിയാകാറില്ല. വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ജലസേചനത്തിനുമായി ശരിയായ ഒരു പദ്ധതിയുണ്ടാക്കേണ്ടത് അത്യാവശ്യമായിത്തീർന്നു. 1949–മുതൽ ഇതു സംബന്ധിച്ച പ്രാരംഭ അന്വേഷണങ്ങഠം തുടങ്ങി. 1951–ൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചു.

അണകെട്ടുന്ന സ്ഥലത്തെ ജലസംഭരണസ്ഥലത്തിന് 8 ച. മൈ. വിസ്താരമുണ്ട്. ഇടതിങ്ങിയ കാടുകഠംകൊണ്ട് മൂടിക്കിടക്കുന്ന ഈ പ്രദേശത്ത് 90 ഇഞ്ചു മുതൽ 120 ഇഞ്ചുവരെ മഴപെയ്യാറുണ്ട്. അണ ഒരു രണ്ടാം ഘട്ടത്തിൽ കുറേക്കൂടി വികസിപ്പിക്കുന്നപക്ഷം വളരെ കൂടുതൽ വെള്ളം സംഭരിച്ചുനിറുത്താൻ കഴിയുമെന്ന് കരുതപ്പെടുന്നു.

നദിയുടെ ഇരുവശത്തുകൂടിയും 20 മൈൽ വീതം നീളത്തിൽ ഓരോ പ്രധാന തോട് വെട്ടുന്നതാണ്. ആകെ 40 മൈൽ ശാഖാതോടു

കളും ഉണ്ടായിരിക്കും. ഇത്രയും തോടുകൾ വഴിയായി താഴെപ്പറയുന്ന ഗ്രാമങ്ങളിൽ ജലസേചനത്തിനാവശ്യമായ വെള്ളം എത്തിച്ചുകൊടുക്കു വാൻ കഴിയും.

| | | | |
|---|---|---|---|
| 1 | വിരുപ്പക്ക | 2 | മണലിത്തറ |
| 3 | തേക്കുംകര | 4 | വടക്കാഞ്ചേരി |
| 5 | പുതുരുത്തി | 6 | കോട്ടപ്പുറം |
| 7 | പരളിക്കാട് | 8 | കിളലൂർ |
| 9 | ചിറാനെല്ലൂർ | 10 | വെള്ളടഞ്ഞൂർ |
| 11 | താഞ്ഞൂർ | 12 | വേളൂർ |
| 13 | കൈപ്പറമ്പ് | 14 | മുണ്ടത്തിക്കോട് |
| 15 | എരാനെല്ലൂർ | | |

കുന്നിൻെറ പണി വളരെവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1955—56-ൽ പൂർത്തിയാകും. 18 മൈലോളം തോട് വെട്ടിക്കഴി ഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ പണി പൂർത്തിയായിക്കഴിയുമ്പോൾ വെള്ളപ്പൊക്കംകൊണ്ടുള്ള നാശനഷ്ടങ്ങൾ എന്നന്നേക്കുമായി അവസാ നിക്കുന്നതുകൂടാതെ 130,000 ഏക്കർ നിലത്തിന് യഥാകാലം വെള്ളം എത്തിച്ചുകൊടുത്ത് കൃഷിക്കാരുടെ വൈഷമ്യം പരിഹരിക്കാൻ സാധിക്കും.

പുതുക്കിയ കണക്കനുസരിച്ച് 90 ലക്ഷം രൂപയാണ് ഈ പദ്ധ തിക്കുവേണ്ടി ചെലവാക്കുന്നത്. 1954 ജൂലായിവരെ 33.75 ലക്ഷം രൂപയോളം ചിലവായിട്ടുണ്ട്.

## നെയ്യാർ ജലസേചനപദ്ധതി

വെള്ളം കൂടിപ്പോയാൽ ദൂഷ്യം; കുറഞ്ഞുപോയാൽ അതും ദൂഷ്യം. രണ്ടും നാം കണ്ടുകഴിഞ്ഞു. എല്ലാക്കാലത്തും ആവശ്യത്തിനുവേണ്ട വെള്ളമുള്ള നദിതന്നെ ദാഹിച്ചു വരണ്ടുകിടക്കുന്ന പാടങ്ങളെ നിരാശ പ്പെടുത്തിക്കൊണ്ട് അവയുടെ തൊട്ടടുത്തുകൂടി ഒഴുകിപ്പോയ്ക്കൊണ്ടിരിക്കുന്നത് ഒരുപക്ഷേ അധികമായി നിങ്ങൾ കണ്ടിരിക്കയില്ല. തെക്കൻതിരുവി താംകൂറിലെ നെയ്യാർ ഇക്കൂട്ടത്തിൽപ്പെട്ട ഒരു നദിയാണ്.

നെയ്യാർ അഗസ്ത്യകൂടത്തിൽനിന്ന് ഉത്ഭവിച്ച് തെക്കുപടിഞ്ഞാ റോട്ടൊഴുകി പൂവാറിൽവച്ച് അറേബ്യൻകടലിൽ ചേരുന്നു. കൃഷിനില ങ്ങളുടെ നിരപ്പിൽനിന്നും വളരെ താണൊഴുകുന്നതുകൊണ്ട് ഈ നദി യിലെ വെള്ളം ജലസേചനത്തിന് ഉപകരിക്കാറില്ല. നദിയില്ലാ ത്തതോ വെള്ളമില്ലാത്തതോ അല്ല പ്രശ്നം. അതു നിലങ്ങളിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ മുകളിലേയ്ക്ക് ഒഴുക്കിവിടണം. ഓരോ സ്ഥല ത്തിനുംവേണ്ടി ഇങ്ങനെ വെള്ളം കയററാൻ സാധ്യമല്ല. ഈ നദി യിലെ വെള്ളം കൃഷിയ്ക്ക് പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ആരംഭിക്കണമെന്ന് പത്തുമുപ്പതു വർഷമായി ഗവർമ്മേൻറ് ആലോചിച്ച് പോന്നു. പല അന്വേഷണങ്ങളും നടത്തി ഒടുവിൽ 1951-ൽ ഇപ്പോ ഴത്തെ പദ്ധതിയുടെ പണിയാരംഭിച്ചു.

കള്ളിക്കാട് എന്ന സ്ഥലത്തുനിന്നും 2 മൈൽ ദൂരെയുള്ള ചെമ്പീലാംമൂട് കുന്നിൽവച്ച് നദിക്കു കുറുകെ ഒരണകെട്ടുന്ന പണി നടന്നുകൊണ്ടിരിക്കുന്നു. ഇവിടെ നദീതടത്തിന് വീതി കുറവുണ്ട്. 54 ച. മൈൽ സ്ഥലത്തുനിന്നും 300 കോടി ക്യൂബിക്കടി വെള്ളം ഇവിടെ വച്ച് സംഗ്രഹിക്കാൻ കഴിയും. അണയുടെ ഏറ്റവും കൂടുതൽ നീളം 915 അടി വരും. ഏറ്റവും കൂടിയ ഉയരം 170 അടിയും.

തിരുവനന്തപുരം ജില്ലയിലെ നെയ്യാററിൻകര, വിളവംകോട്, നെടുമങ്ങാട് എന്നീ താലൂക്കുകൾക്കാണ് നെയ്യാർപദ്ധതികൊണ്ട് പ്രയോജനം സിദ്ധിക്കുന്നത്. താഴെപ്പറയുന്ന പ്രദേശങ്ങളിൽപ്പെട്ട 30,200 ഏക്കർ സ്ഥലത്തിന് ജലസേചനം നിർവ്വഹിക്കാൻ ഈ പദ്ധതിക്ക് കഴിയും.

| | | |
|---|---|---|
| 1 ഒററശേഖരമംഗലം | 2 വീരണക്കാവ് | 3 കുളത്തുംമേൽ |
| 4 മാറാനെല്ലൂർ | 5 അതിയന്നൂർ | 6 പള്ളിച്ചൽ |
| 7 നേമം | 8 തിരുവല്ലം | 9 കോട്ടുകാൽ |
| 10 കരിംകുളം | 11 തിരുവരട്ടൂർ | 12 നെയ്യാററിൽകര |
| 13 പെരിംകടവിള | 14 കൊല്ലയിൽ | 15 പാറശാല |
| 16 കുളത്തൂർ | 17 മെതികിന്മേൽ | 18 എടക്കോട് |
| 19 പാലുകാൽ | 20 ചെങ്കൽ | 21 കൊല്ലങ്കോട് |
| 22 ആറുദേശപ്പാററ് | 23 ഏഴുദേശപ്പാററ് | 24 പൈംകുളം |

അണക്കെട്ടിൻെറ പണി ഇപ്പോൾ നടന്നുവരുന്നു. നദിയുടെ രണ്ടു വശത്തുനിന്നും ഓരോ പ്രധാന തോടും ശാഖാതോടുകളും വെട്ടുന്നുണ്ട്. വലതുവശത്തെ പ്രധാന തോടിന് 21 മൈലും ഇടതുശത്തെ തോടിന് 26 മൈലും നീളമുണ്ടായിരിക്കും. വലതുവശത്ത് ഏഴര മൈൽ നീളത്തിലും ഇടതുവശത്ത് 25 മൈൽ നീളത്തിലും ശാഖാ തോടുകൾ വെട്ടുന്നതാണ്. ഇതിൽ വലതുവശത്തെ തോട് ഏതാണ്ട് 10 മൈലോളം വെട്ടിക്കഴിഞ്ഞിട്ടുണ്ട്. ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ അണക്കെട്ടും വലതുവശത്തെ തോടുകളും മാത്രമാണ് തീർക്കുന്നത്. ഇതിന് 143 ലക്ഷം രൂപാ ചെലവുവരും. ഇടതുവശത്തെ തോടിൻെറ പണി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതാണ്. ഇതിന് 78 ലക്ഷം രൂപാ ചെലവാകും. അങ്ങനെ 221 ലക്ഷം രൂപായാണ് നെയ്യാർപദ്ധതിക്കുള്ള ആകെച്ചെലവ്. നെയ്യാർപദ്ധതിയുടെ പണി മുഴുവൻ പൂർത്തിയാകുമ്പോൾ 18,000 ഏക്കർ സ്ഥലത്ത് പുതുതായി നെൽക്കൃഷി ആരംഭിക്കാമെന്നുള്ളതിനുപുറമേ 12,250 ഏക്കർ നിലത്തിൽ കൂടുതൽ ജലസേചനം നിർവ്വഹിക്കാനും സാധിക്കും. ഇപ്പോഴത്തെ പണികൾ പൂർത്തിയാകുന്നതോടെ 18,000 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താം.

പദ്ധതിയുടെ പണി പൂർത്തിയായി ജലസേചനം വേണ്ടതുപോലെ നടപ്പായിക്കഴിഞ്ഞാൽ ഈ പ്രദേശത്തെ നെൽവിളവ് വളരെയധികം

വദ്ധിക്കുമെന്ന് പറയേണ്ടതില്ലല്ലോ. കുറഞ്ഞത് 20,000 ടൺ നെല്ലെങ്കിലും ഇങ്ങനെ കൂടുതലായി വിളയുമെന്ന് കണക്കാക്കപ്പെടുന്നു.

വിളവംകോട് താലൂക്കിലേയും നെയ്യാററിൻകര താലൂക്കിലേയും ജലക്ഷാമമുള്ള പ്രദേശങ്ങളിൽ സുലഭമായി ശുദ്ധജലം ലഭിക്കുവാനും സാധിക്കും.

## കോതയാർ വികസനപദ്ധതി

തിരുവിതാംകൂർ ചരിത്രത്തിന്റെ ആദ്യത്തെ കാല്പാടുകൾ പതിഞ്ഞു കിടക്കുന്നതു ദക്ഷിണതിരുവിതാംകൂറിലാണല്ലോ. അതുപോലെ തിരുവിതാംകൂറിലെ ജലസേചനപുരോഗതിയുടെ ചരിത്രത്തിലും ആദ്യത്തെ ചില നാഴികക്കല്ലുകൾ ഇന്നും തെക്കൻ തിരുവിതാംകൂറിൽ അവശേഷിച്ചിട്ടുണ്ട്. ആയിരത്തിൽപ്പരം വഷത്തിനു മുമ്പ് നാഞ്ചിനാട്ടിലെ പരളയാററിൽ കെട്ടിയ പാണ്ടിയൻ അണക്കെട്ടും പാണ്ടിയൻകാൽ ജലസേചനമാഗ്ഗങ്ങളും നമ്മുടെ പൂവ്വികന്മാരുടെ നിമ്മാണവൈഭവത്തിനും സാംസ്കാരികസിദ്ധികൾക്കും തെളിവായി നിലകൊള്ളുന്നു. പാണ്ടിയൻ അണക്കെട്ടിനു താഴെയായി മാത്താണ്ഡവമ്മ മഹാരാജാവ് 200 വഷത്തിനു മുമ്പ് പണികഴിപ്പിച്ച പുത്തൻ അണക്കെട്ടും നാഞ്ചിനാട്ടിലെ ജലസേചനപുരോഗതിയിൽ മറെറാരു ഘട്ടത്തെ കുറിക്കുന്നു. ഇന്ന് ദക്ഷിണതിരുവിതാംകൂറിലുള്ള ജലസേചനപദ്ധതികൾ മുൻപറഞ്ഞ മഹോദ്യമങ്ങളുടെ വികസനങ്ങളാണെന്നു പറയാം. കഴിഞ്ഞ 120 വഷക്കാലത്തിനുള്ളിൽ പലപ്പോഴും ദക്ഷിണതിരുവിതാംകൂറിൽ ജലസേചനവികസനത്തിനുവേണ്ടി നടന്നിട്ടുള്ള സംരംഭങ്ങളുടെ കൂട്ടത്തിൽ എടുത്തുപറയേണ്ട മറെറാരു സംഭവമാണ് 1883-ൽ രണ്ടു ലക്ഷം രൂപാ ചെലവാക്കി പുത്തൻ അണയും പി. പി. ചാനലും കേടുപാടുകൾ തീത്തത്.

തെക്കൻതിരുവിതാംകൂറിലെ നെൽപ്പുരയെന്നറിയപ്പെടുന്ന നാഞ്ചിനാട്ടിലും അതിനോടു ചേൻകിടക്കുന്ന മററു ചില പ്രദേശങ്ങളിലും ജലസേചനം നിവ്വഹിക്കുന്നത് പരളയാറും കോതയാറും ചേന്നാണ്. പേച്ചിപ്പാറയിലുള്ള കോതയാറണയുടെ പണി 1894-ൽ ആരംഭിച്ച് 1905-ൽ അവസാനിച്ചു. ഇതിന് 27 ലക്ഷം രൂപാ ചെലവായി. 350 കോടിയിലധികം ക്യൂബിക്കടി വെള്ളം ഇവിടെ കെട്ടിനിറുത്താൻ സാധിക്കും. അണയുടെ ഇടതുവശത്തുകൂടി ഒരു തോട് കുഴിച്ച് വെള്ളം പരളയാററിലേക്കു വിടുന്നു. അവിടെനിന്നും പാണ്ടിയൻകാൽ, പത്മനാഭപുരം-പുത്തനാർ ചാനൽവഴി പല ശാഖാതോടുകളിലൂടെ കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്നു. പേച്ചിപ്പാറയണക്കും തോടിനുമായി 53 ലക്ഷം രൂപാ ചെലവായിട്ടുണ്ട്.

പേച്ചിപ്പാറയിൽ സംഭരിക്കുന്ന വെള്ളംകൊണ്ട് നാഞ്ചിനാട്ടിലെ നിലങ്ങളിൽ വേണ്ടതു ജലസേചനം നിവ്വഹിക്കാൻ സാധ്യമല്ലാതെ വന്നു. 56,000 ഏക്കർ നിലത്തിനാണ് പേച്ചിപ്പാറനിന്നും വെള്ളം

എത്തിച്ചുകൊടുക്കേണ്ടിയിരുന്നത്. വെള്ളം തികഞ്ഞു പററാതിരുന്നതു മൂലം കൃഷി വേണ്ടതു കാര്യക്ഷമമാക്കാൻ കഴിഞ്ഞിരുന്നില്ല. 1935 മുതൽ 1939 വരെ ഉണക്ക് കഠിനമായിബാധിക്കാൻ തുടങ്ങിയപ്പോഴാണ് ഈ പോരായ്മ തികച്ചും ബോധ്യമായത്. പെരിഞ്ചാണിയിൽ ഒരണകെട്ടി പരളയാററിലെ വെള്ളംകൂടി ജലസേചനത്തിനു വേണ്ടതുപോലെ വിനിയോഗിക്കുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് 1945-ൽ ഗവമ്മേണ്ടിൽനിന്നും പ്രാരംഭ നടപടികഠം ആരംഭിച്ചു. 1948-ൽ ആണ് പണികഠം തുടങ്ങിയത്. 1952 ഡിസംബറിൽ ഈ അണക്കെട്ടിന്റെ പണി പൂത്തിയായി. ആകെ 43.7 ലക്ഷം രൂപായാണ് ഇതിനു ചെലവായിട്ടുള്ളത്. പേച്ചിപ്പാറയിൽനിന്നു ജലസേചനം നടത്തിയിരുന്ന 56,000 ഏക്കർ നിലത്തിന് തികയാതെ വന്നിരുന്ന വെള്ളം എത്തിച്ചുകൊടുക്കുന്നതിന് ഇതിന് കഴിയുന്നതാണ്. കൂടാതെ കോതയാർ വികസനപദ്ധതിയിലുഠപ്പെടുന്ന മറെറാരു പ്രധാന പരിപാടിയാണ് തൂപ്പുരപ്പുപദ്ധതി. പേച്ചിപ്പാറയുടെ കീഴ്ഭാഗത്തായി 36 ചതുരശ്രമൈൽ വിസ്തീണ്ണമുള്ള പ്രദേശത്തുകൂടി ഒഴുകിപ്പോകുന്ന കോതയാർ ജലം ശേഖരിച്ചു കൃഷിയ്ക്കുപയോഗപ്പെടുത്താൻവേണ്ടി ആരംഭിച്ചതാണിത്. കോതയാററിനു കുറുകെ തൂപ്പുരപ്പിൽ ഒരണ കെട്ടി, അവിടെനിന്നും രണ്ടു വശത്തേയ്ക്കും തോടുകഠംവഴി വെള്ളമെത്തിച്ചു കൊടുത്താൽ 6000 ഏക്കർ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യാൻ സാധിയ്ക്കുമെന്നു ബോധ്യമായി. അങ്ങിനെ, 2 ലക്ഷം രൂപാ ചിലവു ചെയ്ത് ഒരണ കെട്ടി. ഇരുവശങ്ങളിലും 13 മൈലോളംവീതം നീളത്തിലുള്ള തോടുകളാണ് വേണ്ടത്. തോടുപണി മുക്കാലും പൂത്തിയായി. പഞ്ചവത്സരപദ്ധതിയുടെ കാലാവധിയ്ക്കകം ഇതുസംബന്ധിച്ച പണികളെല്ലാം തീരും. ഇതിനകംതന്നെ തൂപ്പുരപ്പുപദ്ധതിയിൽനിന്നു ജലസേചനം നിവ്വഹിച്ചു തുടങ്ങിയിട്ടുണ്ട്. ആകെ 23 ലക്ഷം രൂപായാണ് ഇതിനു ചിലവാകുന്നത്.

## കുട്ടനാട് വികസനപദ്ധതി

തിരുവിതാംകൂർ-കൊച്ചിയിൽ നാഞ്ചിനാട്ടുപോലെ മറെറാരു നെൽപ്പുരയാണ് കുട്ടനാട്. വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, മാവേലിക്കര, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ ഏഴു താലൂക്കുകളിലെ 41 പകുതികഠം ചേന്ന 337.5 ച. മൈ. സ്ഥലത്തിനാണ് കുട്ടനാട് എന്നു പറയുന്നതു്. ഇതിൽ 189 ച. മൈ. സ്ഥലം പുഞ്ചനിലങ്ങളാണ്. 33 ച. മൈ. സ്ഥലത്ത് കായൽ പരന്നുകിടക്കുന്നു. ബാക്കിയുള്ള 117.5 ച. മൈ. സ്ഥലത്തു് ആണ് ജനങ്ങഠം താമസിക്കുന്നതു്. ഇവിടുത്തെ ജനസംഖ്യ ച. മൈ. ഒന്നിന് 7000 ത്തോളം വരും. പമ്പ, മണിമല, അച്ചൻകോവിൽ, മീനച്ചിൽ എന്നീ ആറുകഠം ഈ പ്രദേശത്തുകൂടി ഒഴുകുന്നു. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് അല്പം സ്ഥലംപോലും കൃഷിചെയ്യാതെ ഇട്ടിട്ടില്ലെന്നു പറയാം. എന്നാൽ കുടനാട്ടു്നിന്നും ശരിയായ രീതിയിൽ ലഭിക്കാ

വുന്നത്ര നെൽവിളവ് പല കാരണവശാലും കിട്ടാറില്ല. പ്രധാനമായി താഴെപറയുന്ന മൂന്നു കാരണങ്ങൾകൊണ്ടാണ് വിളവിനു് തരക്കേടുണ്ടാകുന്നതു്.

1. കാലവഷക്കാലത്തെ വെള്ളപ്പൊക്കം.

2. വേലിയേററംകൊണ്ടും മററും മടമുറിഞ്ഞു നിലത്തിൽ വെള്ളം കയറി കൃഷിനാശം സംഭവിക്കുന്നതു്.

3. ഓരുവെള്ളം കയറിക്കിടക്കുന്നതുമൂലം ഉണ്ടാകുന്ന ദൂഷ്യങ്ങൾ.

അങ്ങനെ കൃഷിനാശം ഒരു വശത്ത്; സഞ്ചാരത്തിനുള്ള അസൌകര്യമാണ് മറെറാന്നു്. കുട്ടനാട് ഉൾപ്രദേശങ്ങളിൽ മിക്കസ്ഥലത്തും ജലമാഗ്ഗമുള്ള സഞ്ചാരമേ സാദ്ധ്യമാകൂ. വള്ളമില്ലാതെ ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്ത് എത്തിച്ചേരാൻ വിഷമമാണ്. ആവശ്യത്തിനുവേണ്ട റോഡുകൾ തീരെ കുറവാണെന്നുതന്നെയല്ലാ കൂടുതൽ റോഡുകൾ പണിയുവാൻ അധികം സൌകര്യവുമില്ല. ഈ പ്രദേശത്തു പ്രതിദിനം രണ്ടു ലക്ഷത്തിലധികമാളുകൾ ചെറുവള്ളങ്ങളിൽ യാത്രചെയ്യുന്നുണ്ട്. ചങ്ങനാശ്ശേരിയും ആലപ്പുഴയുമാണ് കുട്ടനാട്ടെ വ്യാപാരകേന്ദ്രങ്ങൾ. ചുററുപാടുമുള്ള പല സ്ഥലങ്ങളിൽനിന്നും സാധനസാമഗ്രികൾ വില്പനക്കായി ചങ്ങനാശ്ശേരിയിൽ കൊണ്ടുവരുന്നു. വെളിയിലേക്കയക്കുവാനുള്ള സാധനങ്ങൾ കുട്ടനാടിൻെറ വിവിധഭാഗങ്ങളിൽനിന്നു് വാണിജ്യകേന്ദ്രമായ ആലപ്പുഴയിലേക്കാണ് കൊണ്ടുപോകുന്നതു്. പ്രതിദിനം പതിനായിരം ടൺ സാധനങ്ങളോളം ഇങ്ങനെ വള്ളങ്ങളിൽ കയററി ആലപ്പുഴയിൽ ഇറക്കുന്നുണ്ട്. ചങ്ങനാശ്ശേരിയിൽനിന്നു റോഡുമാഗ്ഗം ആലപ്പുഴയെത്തണമെങ്കിൽ 46 മൈലോളം സഞ്ചരിക്കണം. ഇതു ചുററിക്കറങ്ങിയുള്ള യാത്രയാണ്. മലനാട്ടിൽനിന്നും കുട്ടനാടിൻെറ ഉൾനാട്ടുകളിൽനിന്നും ഉള്ള ചരക്കുകൾ ജലമാഗ്ഗമേ ആലപ്പുഴയിൽ എത്തിക്കാൻ ഇപ്പോൾ സാധിക്കുന്നുള്ളു. വെള്ളപ്പൊക്കക്കാലത്ത് എക്കലും മണ്ണും വന്നടിയുന്നതുമൂലം വേനല്ക്കാലമാകുമ്പോഴേക്കും ജലമാഗ്ഗമുള്ള ഗതാഗതവും പല സ്ഥലത്തും വിഷമകരമായിത്തീരും. അപ്പോൾ ആ പ്രദേശത്തെ വ്യാപാരസൌകര്യവും ഗതാഗതസൌകര്യവും വദ്ധിപ്പിക്കണമെങ്കിൽ രണ്ടു കാര്യങ്ങളാണ് വേണ്ടതു്. ഒന്നു് കരമാഗ്ഗമുള്ള ഗതാഗതസൌകര്യം വദ്ധിപ്പിക്കണം. ചങ്ങനാശ്ശേരിയും ആലപ്പുഴയും തമ്മിൽ റോഡുമാഗ്ഗം കൂടുതൽ അടുപ്പിക്കുകയാണാവശ്യം. മറെറാന്ന് ജലമാഗ്ഗമുള്ള ഗതാഗതംതന്നെ കൂടുതൽ സുഗമമാക്കിത്തീക്കണം. ഇതിലേക്കുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അതു പിന്നീട് വിവരിക്കാം.

മറെറാരു കാര്യം, ജനസംഖ്യ വദ്ധിക്കുന്നതനുസരിച്ചു താമസസൌകര്യം വികസിപ്പിക്കുവാൻ വേണ്ട സ്ഥലം ഇന്നത്തെ നിലയ്ക്കു കുട്ടനാട്ടിൽ ലഭിക്കാനില്ല. വെള്ളം കെട്ടിക്കിടക്കുന്ന കുറെയധികം സ്ഥലം തെളിച്ചെടുക്കുന്ന പക്ഷം ഇപ്പോഴത്തെ ഞെരുക്കത്തിനു വളരെ ആശ്വാസമുണ്ടാകും. കുറെ സ്ഥലത്തുകൂടി കൃഷിയും നടത്താം.

അപ്പോഠ മുൻപറഞ്ഞ പല പ്രശ്നങ്ങളും പരിഹരിയ്ക്കുന്നതിനെ ആശ്രയിച്ചാണ് ജനങ്ങളുടെ ജീവിതനിലവാരം ഉയത്താൻ കഴിയുന്നതെന്നു മനസ്സിലായല്ലോ. ഇതിനുവേണ്ടിയാണ് 1951 ജൂലൈയിൽ കുട്ടനാട് വികസനപദ്ധതി ആരംഭിച്ചത്.

## 1. ആലപ്പുഴ–ചങ്ങനാശ്ശേരി റോഡും തോടും

ആദ്യം ഇതു വൻകിടജലസേചനപരിപാടികളുടെ ഭാഗമായി കുട്ടനാട് വികസനപദ്ധതിയിൽ ഉഠക്കൊള്ളിച്ചിരുന്നതാണെങ്കിലും പിന്നീട സാമ്പത്തികമായ കാരണങ്ങളാൽ പഞ്ചവത്സരപദ്ധതിയിലെ പൊതുനിരത്തു നിമ്മാണപദ്ധതിയുടെ കൂട്ടത്തിൽ ചേത്തു പണി നടത്തിവരികയാണ്. കുട്ടനാട്ടിൽ ജലമാഗ്ഗമുള്ള ഗതാഗത സൌകര്യം വളരെ കുറവാണെന്നു മുമ്പു പറഞ്ഞുവല്ലോ. ആളുകളുടെ പോക്കുവരവിനെന്നപോലെതന്നെ വാണിജ്യവികസനത്തിന്നും വിഘാതമായി നില്ക്കുന്ന ഒരു കാര്യമാണിത്. കുട്ടനാട് പ്രദേശത്തെ വാണിജ്യ കേന്ദ്രങ്ങളായ ചങ്ങനാശ്ശേരിയേയും ആലപ്പുഴയേയും തമ്മിൽ സംബന്ധിപ്പിച്ചുകൊണ്ട് ഉഠനാട്ടുകളിൽക്കൂടി കടന്നുപോകുന്ന ഒരു നല്ല റോഡുണ്ടാകുന്ന പക്ഷം അത് ആ പ്രദേശത്തിൻെറ സാമ്പത്തിക പുരോഗതിക്കും മററു തരത്തിലുള്ള അഭിവൃദ്ധികഠക്കും വേഗത കൂട്ടും. ഇതിനുവേണ്ടിയാണ് ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴവരെ 14 മൈൽ നീളത്തിൽ ഒരു റോഡും അതിനോടൊപ്പം ഒരു തോടും വെട്ടാൻ തീരുമാനിച്ചിട്ടുള്ളത്. ഇപ്പോഠ റോഡുമാഗ്ഗം 46 മൈൽ സഞ്ചരിച്ചാലേ ചങ്ങനാശ്ശേരിയിൽനിന്നു ആലപ്പുഴയെത്തുകയുള്ളുവെന്നു പറഞ്ഞുകഴിഞ്ഞു. പുതിയ റോഡുതീരുമ്പോഠ 32 മൈലാണു ലാഭിയ്ക്കുന്നത്. എം. സി. റോഡിൻെറ 84–ാം മൈലിൽവച്ച് ആരംഭിയ്ക്കുന്ന ഈ റോഡ് കൊല്ലം–ആലപ്പുഴ റോഡിൻെറ 52–ാം മൈലിൽ തിരുവമ്പാടിയിൽവെച്ച് അതിനോട്ടു ചേരുന്നു. ഈ റോഡിന്നു 40 അടി വീതിയുണ്ടായിരിയ്ക്കും. റോഡിന്നു സമീപത്തുകൂടി വെട്ടുന്ന തോട്ടിൽനിന്നും മണ്ണെടുത്താണ് റോഡിൻെറ പണി നടത്തുന്നത്. തോട്ടിന്നു 110 അടി വീതിയുണ്ടായിരിയ്ക്കും. ആളുകഠക്കു താമസിയ്ക്കാൻവേണ്ടി റോഡിൻെറ വടക്കുവശത്ത് 50 അടി വീതിയിലും തോട്ടിൻെറ തെക്കുവശത്ത് 30 അടി വീതിയിലും $14\frac{1}{2}$ മൈൽ നീളത്തിൽ സ്ഥലം നികത്തിയെടുക്കുന്നുണ്ട്. ഈ റോഡിനിടയ്ക്ക് പള്ളാത്തുരുത്തി, നെടുമുടി, കിടങ്ങറ എന്നീ സ്ഥലങ്ങളിൽ മൂന്നു വലിയ പാലങ്ങളും മററു പല ഭാഗങ്ങളിലായി 12–ഓളം ചെറിയ പാലങ്ങളും തീക്കേണ്ടിയിരിക്കുന്നു. വലിയ പാലങ്ങളുടെ ചെലവു കൂടാതെ റോഡിൻേറയും തോടിൻേറയും പണിക്കായി മുപ്പത്താറുലക്ഷത്തോളം രൂപാ വേണ്ടിവരും. 10 മൈലോളം റോഡിന് ഇതിനകം തറ മണ്ണിട്ട് നികത്തിക്കഴിഞ്ഞിട്ടുണ്ട്. 5 മൈലോളം സ്ഥലത്തു റോഡിൻെറ മെററൽപ്പണി പൂത്തിയായി.

ഈ റോഡിൻെറ പണി പൂത്തിയാകുന്നതോടുകൂടി ഉഠനാട്ടുകളിലേയ്ക്ക് ചെറിയ ശാഖാറോഡുകഠ വെട്ടി ഗ്രാമങ്ങളിലെ സഞ്ചാരസൗ

കര്യം വർദ്ധിപ്പിയ്ക്കുവാൻ പഞ്ചായത്തുകൾക്ക് സാധ്യമാകും. സഞ്ചാര സൗകര്യം വർദ്ധിപ്പിക്കുന്നതിൽ തോട്ടിനുള്ള പ്രാധാന്യം നാം കണ്ടു. എന്നാൽ സാംസ്കാരികമായി മറെറാരു പ്രാധാന്യംകൂടി അതിനുണ്ട്. കേരളത്തിൻെറ സ്വന്തമായ ദേശീയവിനോദങ്ങളിൽ പ്രാധാന്യമർഹി യ്ക്കുന്ന ഒന്നാണല്ലോ വള്ളംകളി. അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ഒന്നാണത്. വളവും തിരിവുമില്ലാത്ത ജലമാർഗ്ഗങ്ങൾ വളരെ കുറവായതു കൊണ്ട് കളിക്കാർക്കും പ്രേക്ഷകർക്കും ഈ വിനോദത്തിൻെറ പൂർണ്ണരസം ലഭിക്കാതെ പോകുന്നു. ചങ്ങനാശ്ശേരി-ആലപ്പുഴത്തോട് പണിതീരു മ്പോൾ വള്ളംകളിയ്ക്ക് ഏററവും പററിയ ഒരിടമാണ് ലഭിക്കുന്നത്. വലിയ വളവും തിരിവുമില്ലാതെ ചുണ്ടൻവള്ളങ്ങൾക്ക് 14 മൈൽ കുതിച്ചുപായുവാൻ കഴിയും. അതുപോലെ ഈ പതിന്നാലു മൈൽ സ്ഥലത്തു രണ്ടു വശത്തുനിന്ന് ആളുകൾക്ക് സൗകര്യമായി കളി ആസ്വ ദിക്കുകയും ചെയ്യാം. ഇതാണ് ആ തോടിൻെറ സാംസ്കാരികപ്രാധാന്യം. അങ്ങനെ ഈ റോഡും തോടും, നെൽപ്പാടങ്ങൾകൊണ്ട് പച്ചപിടിച്ച കുട്ടനാടിൻെറ നട്ടെല്ലും ഭാഗ്യരേഖയും ആയിത്തീരുന്നതാണ്.

## 2 തോട്ടപ്പള്ളി സ്പിൽവേ

കുട്ടനാട്ടിൽ വെള്ളപ്പൊക്കംമൂലം കൃഷിനാശം ഉണ്ടാകുന്നുവെന്ന് പറഞ്ഞു. എങ്ങിനെയാണീപ്രദേശത്ത് വെള്ളപ്പൊക്കമുണ്ടാകുന്നത്? പമ്പയാറ്, മണിമലയാറ്, അച്ചൻകോവിലാറ്, മീനച്ചിലാറ് എന്നീ നാലു നദികളിലും വെള്ളം പെരുകുന്നത് ഒരേ കാലത്താണ്. ഇങ്ങനെ പെരുകുന്ന വെള്ളമെല്ലാം വേമ്പനാട്ടു കായലിൽ വന്നുചേരുന്നു. എന്നാൽ കായലിൽ വന്നു പെരുകുന്ന വെള്ളമത്രയും സമുദ്രത്തിലേയ്ക്ക് ഉടനടി ഒഴുകിയിറങ്ങുന്നുണ്ടോ? ഇല്ല. അതു സമുദ്രത്തിലെത്താൻ കുറെ യേറെ സമയമെടുക്കും. ചെറിയൊരു കിഴുത്തമുള്ള മൺകുടത്തിൽ വെള്ളം നിറച്ചൊഴിച്ചാൽ അതു മുഴുവൻ ചോർന്നുപോകാൻ കുറേ സമയം വേണ്ടിവരുമല്ലോ. അതുപോലെ വേമ്പനാട്ടുകായലാകുന്ന കുടത്തിൽ നിറഞ്ഞു പെരുകുന്ന വെള്ളമെല്ലാം കടലിലേയ്ക്ക് ഒഴുകിപ്പോകാനും താമസം വരും. വെള്ളം 40 മൈലോളം ഒഴുകിയിട്ടുവേണം കൊച്ചിയി ലെത്തി കടലിലേയ്ക്ക് വാരിന്നൊലിച്ചിറങ്ങാൻ. അപ്പോൾ ആ സമയ ത്തെല്ലാം കായലിൽ വെള്ളം പെരുകിക്കിടക്കുകയും പുറകേ പുറകേ പൊങ്ങിക്കൊണ്ടിരിക്കുകയുമാണ്. അങ്ങനെ നദികളിലും കായ ലിലും തോടുകളിലും എല്ലാം വെള്ളം പെരുകിനിൽക്കുന്നു. ഇത് കവിഞ്ഞ് പാടങ്ങളിലേക്കും കൃഷിസ്ഥലങ്ങളിലേക്കും പാഞ്ഞു കയറി നാശനഷ്ടങ്ങളുണ്ടാക്കാൻ അധിക സമയം വേണ്ടാ. എന്താണ് ഇതിൽനിന്നു രക്ഷപ്പെടാനുള്ള വഴി? കായലിൽ വന്നുചേരുന്ന വെള്ളം അവിടെത്തന്നെ പെരുകാൻ അനുവദിയ്ക്കാതെ ഉടനെ കടലി ലേയ്ക്ക് ഒഴിച്ചുവിടുക. ഇങ്ങനെയൊരു ഒഴിവുചാലുണ്ടാക്കുകയാണ് തോട്ടപ്പള്ളിയിൽ ചെയ്തിട്ടുള്ളത്. കടൽമുഖത്തോടു ചേർന്നുകിടക്കുന്ന കര തട്ടിനീക്കി ആവശ്യത്തിൽകവിഞ്ഞു പെരുകുന്ന വെള്ളം അവിടെക്കൂടി

കടലിലേയ്ക്കു വിട്ടാൽപ്പിന്നെ വെള്ളപ്പൊക്കംകൊണ്ടുള്ള ശല്യം ഉണ്ടാകുകയില്ല. ഇതിനുവേണ്ടി പണിചെയ്തതാണ് സ്പിൽവേ. ഇപ്പോഴുള്ള തോട്ടപ്പള്ളിപ്പാലത്തിൻെറ പടിഞ്ഞാറു വശത്താണ് ഇത്. ഒരു വലിയ പാലവും അതിനോടൊരുമിച്ചു വെള്ളം നിയന്ത്രിയ്ക്കാനുള്ള ഷീപ്പുകളും. ഷീപ്പുകൾ പൊക്കുകയും താഴ്ത്തുകയും ചെയ്ത് ഇഷ്ടംപോലെ വെള്ളം പുറത്തേയ്ക്കു വിടാം. എത്രയധികം വെള്ളം പൊങ്ങിയാലും ഭയപ്പെടേണ്ടതില്ല. 1099-ലെ വെള്ളപ്പൊക്കംപോലെ അത്ര ഭയങ്കരമായ ഒന്നുണ്ടായാൽപ്പോലും ഉടനടി തോട്ടപ്പള്ളി സ്പിൽവേ ആ വെള്ളമത്രയും കടലിലേയ്ക്ക് ഒഴുക്കിക്കളയും. സ്പിൽവേയുടെ പണിയ്ക്കുവേണ്ടി കടൽമുഖത്തോടു ചേർന്നുകിടന്നിരുന്ന സ്ഥലമെല്ലാം ഗവമ്മേണ്ടിലേയ്ക്കു വിലയ്ക്കെടുത്തു. ആ പ്രദേശത്തു താമസിച്ചിരുന്ന ആളുകൾക്കു വേറെ സ്ഥലവും വീടുവയ്ക്കാൻ വേണ്ട മററു സൌകര്യങ്ങളും ഗവമ്മേണ്ട് ഏപ്പാടു ചെയ്തുകൊടുത്തു. താമസം മാററിയവക്കുവേണ്ടി മാതൃകാപരമായ രീതിയിൽ ഒരു കോളനി ഉണ്ടാക്കാൻതന്നെ ഉദ്ദേശമുണ്ട്. അവിടെയിരുന്ന ഒരു ക്ഷേത്രവും ഗവമ്മേണ്ടുചെലവിൽ മാററിപ്പണിതു പ്രതിഷ്ഠ നടത്തി. സ്പിൽവേയുടെ ഉൽഘാടനം നടന്നുകഴിഞ്ഞു. അങ്ങനെ, കുട്ടനാടിനെ ആക്രമിച്ചുകൊണ്ടിരുന്ന ജലരാക്ഷസനെ തോട്ടപ്പള്ളിയിൽവെച്ചു മെരുക്കിയെടുത്തുവെന്നു പറയാം. ഈ സ്പിൽവേയുടെ പണിയ്ക്കുവേണ്ടി 57.5 ലക്ഷം രൂപായോളം ചെലവായിട്ടുണ്ട്. വെള്ളത്തിൻെറ ഗതി നിയന്ത്രിയ്ക്കുന്നതുമൂലം 36,300 ഏക്കർ ഒരുപ്പു നിലങ്ങളിൽ ഒരിയ്ക്കൽക്കൂടി കൃഷിയിറക്കാൻ സാധിയ്ക്കും. 18000 പറയോളം നെല്ല് ഇങ്ങനെ കൂടുതൽ വിളയുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതുകൂടാതെ 10,700 ഏക്കർ സ്ഥലംകൂടി നികത്തിയെടുത്തു കൃഷിയ്ക്കു പ്രയോജനപ്പെടുത്താനും കഴിയും. എല്ലാംകൂടി നോക്കുമ്പോൾ ഈ പദ്ധതിമൂലം എത്രയായിരപ്പറ നെല്ലാണ് കൂടുതലുണ്ടാകാനിടയുള്ളതെന്ന് ഊഹിയ്ക്കാം.

## 3. തണ്ണീർമുക്കം ബണ്ട്

കുട്ടനാട്ടെ നിലങ്ങളിൽ വെള്ളപ്പൊക്കവും കാലവഷംകൊണ്ടുള്ള മററു നാശങ്ങളും കഴിഞ്ഞാൽപ്പിന്നെ ഓരുവെള്ളത്തിൻെറ കെടുതികളായി. ഓരുവെള്ളം നിലത്തിൻെറ ഫലപുഷ്ടി കുറക്കുന്നതിനു പുറമേ ആ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിയ്ക്കുകയെന്നതു വിഷമകരമാക്കിത്തീക്കുകയും ചെയ്യുന്നു. കടലും കരയുമായി സമ്പക്കം പുലത്തിക്കൊണ്ടു കിടക്കുന്ന ഗംഭീരനായ വേമ്പനാടനെ കീഴടക്കിയാലല്ലാതെ ഓരുവെള്ളത്തിൻെറ ആക്രമണം അവസാനിപ്പിയ്ക്കാൻ സാധ്യമല്ല. ഓരുവെള്ളം കുട്ടനാട്ടിലേയ്ക്കു ചെന്നെത്തുന്നതിനുമുമ്പു തടഞ്ഞുനിത്തണം. കായലിൽ, പ്രത്യേകിച്ചു വേമ്പനാട്ടുകായലിൽ, വെള്ളം തടഞ്ഞുനിത്തുക എന്നു പറയുമ്പോൾതന്നെ നിങ്ങൾ അത്ഭുതപ്പെട്ടേയ്ക്കാം. എന്നാൽ ആ അത്ഭുതം ഒരു യാഥാത്ഥ്യമാക്കി മാററാൻ പോവുകയാണ്. വേമ്പനാട്ടുകായലിനു കുറുകെ ഏതാണ്ട് ഒരു മൈലോളം നീളത്തിൽ വലിയൊരു

ചിറ കെട്ടാൻ തീരുമാനിച്ചിരിയ്ക്കുന്നു. തണ്ണീർമുക്കത്തിനും വെച്ചൂരിനും ഇടയ്ക്കാണ് ഈ ചിറ പിടിക്കുന്നത്. അവിടെ കായലിനു വീതി കുറവുണ്ടെന്നു മാത്രമല്ല, മററു പല സൗകര്യങ്ങളുമുണ്ടുതാനും. ഇടയ്ക്കിടയ്ക്കു പാലവും ചീപ്പും എല്ലാമായി ഒരു മൈലോളം നീളവും 40. അടി വീതിയുമുള്ള വലിയൊരു പൊതുനിരത്തുപോലെ കായലിനു കുറുകെ ഈ ചിറ കിടക്കുന്നതാണ്. കായലിലൂടെയുള്ള ഗതാഗതത്തിനു കുഴപ്പം വരാതെയിരിയ്ക്കാൻവേണ്ടിയാണ് ചിറയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ചീപ്പുകൾ വെയ്ക്കുന്നത്. വള്ളമോ ബോട്ടോ വരുമ്പോൾ ഈ ചീപ്പുയർത്തി അതിലൂടെ കടന്നുപോകാം. ചിറ പൂർത്തിയായാൽപ്പിന്നെ തണ്ണീർമുക്കത്തിനു തെക്കുവശമുള്ള കായലിൽ ജലനിരപ്പ് എല്ലാക്കാലത്തും ഒരേ നിരക്കിൽ നിയന്ത്രിയ്ക്കാവുന്നതുകൊണ്ടു ജലഗതാഗതം കൂടുതൽ സൗകര്യമായിത്തീരും. ഇതുസംബന്ധിച്ച ചില സാങ്കേതികകാര്യങ്ങളിൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിയ്ക്കുകയാണ്. അതു തീർന്നാൽ പണി ആരംഭിയ്ക്കണമെന്നാണുദ്ദേശം. 45 ലക്ഷം രൂപായാണ് ഇതിൻെറ ചെലവുകൾക്കായി കരുതിയിട്ടുള്ളത്.

ഇങ്ങനെ ഓരുവെള്ളംകൊണ്ടുള്ള കെടുതികളും വേലിയേററംമൂലമുള്ള മടവീഴ്ചകളും അവസാനിപ്പിയ്ക്കാൻ കഴിഞ്ഞാൽ നെൽവിളവ് ഇന്നത്തേതിൽനിന്നു 15,000 ടണ്ണെങ്കിലും വദ്ധിയ്ക്കാതിരിയ്ക്കയില്ല. അതുപോലെതന്നെ ശുദ്ധജലവിതരണവും. 7400 ഏക്കർ സ്ഥലത്തു ശുദ്ധജലം ലഭിയ്ക്കും, ഇതിൻെറ പണി പൂർത്തിയായിക്കഴിഞ്ഞാൽ.

അപ്പോൾ, കുട്ടനാടിൻെറ വികസനത്തിനുവേണ്ടി എന്തെല്ലാം പരിപാടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നു കണ്ടു. ഈ പരിപാടികളെല്ലാം പൂർത്തിയാകുന്നതോടുകൂടി ആ പ്രദേശത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നും പൊതുവായി അറിയാൻ കഴിഞ്ഞു. റോഡിനും തോടിനും, പാലങ്ങൾക്കും, തോട്ടപ്പള്ളി സ്പിൽവേയ്ക്കും, തണ്ണീർമുക്കം ചിറയ്ക്കും എല്ലാംകൂടി ഏതാണ്ട് ഒന്നരക്കോടി രൂപായോളമാണ് ചിലവു വരുന്നത്. വലിയൊരു തുക; അതിനൊപ്പിച്ച പ്രയോജനങ്ങളും.

## അദ്ധ്യായം 2

# വെളിച്ചവും ചൂടും വെള്ളത്തിൽനിന്നു്

നദികളിലെ വെള്ളം നിലങ്ങളിലെ വിളവുകളായി മാറുന്നതെങ്ങിനെയെന്നു് നാം കണ്ടു. ആ വിധത്തിലുള്ള ജലസേചനത്തിന്നു മാത്രമാണോ നദികൾ പ്രയോജനപ്പെടുന്നതു്? പ്രധാനപ്പെട്ട പല പ്രയോജനങ്ങളുടെ കൂട്ടത്തിൽ ഒന്നു മാത്രമാണു് ജലസേചനം. കൃഷിയുടേയും വ്യവസായങ്ങളുടേയും വളർച്ചയ്ക്കു് ആവശ്യമാണു് നദീജലം. വ്യവസായവും നദീജലവുമായി എന്തു ബന്ധമാണെന്നു ചിലർ അത്ഭുതപ്പെട്ടേയ്ക്കാം. എത്ര ചെറിയ തോതിലുള്ള വ്യവസായമാണെങ്കിലും അതു ശരിയായി പ്രവർത്തിയ്ക്കണമെങ്കിൽ കുറച്ചെങ്കിലും വിദ്യുച്ഛക്തി ഉപയോഗിയ്ക്കാതെ സാദ്ധ്യമല്ല. വിദ്യുച്ഛക്തി കൂടുതൽ ലഭിച്ചാൽ കൂടുതൽ വ്യവസായങ്ങൾ തുടങ്ങാനും, ഇപ്പോൾ വിദ്യുച്ഛക്തിയില്ലാത്തതുകൊണ്ടു മററു സമ്പ്രദായങ്ങൾ ആശ്രയിച്ചു മുരടിച്ചു കഴിയുന്ന പല വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്താനും സാധിയ്ക്കും. വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി പ്രത്യേകം പറയേണ്ടതില്ലല്ലോ. ജനസംഖ്യ വർദ്ധിയ്ക്കുന്നു; വിദ്യാഭ്യാസം ലഭിച്ചവരുടെ എണ്ണം വർദ്ധിയ്ക്കുന്നു. ഇവർക്കെല്ലാം തൊഴിലുണ്ടാകണം. ഇനിയും കൂടുതൽ ആളുകൾക്കു് കൃഷിപ്പണിയിൽ ഏർപ്പെടാൻ സാദ്ധ്യമല്ല. ജനസംഖ്യ വർദ്ധിയ്ക്കുന്നതനുസരിച്ചു ഭൂമിയുടെ അളവു കൂടുന്നില്ലല്ലോ. പോരെങ്കിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഇനിയും തെളിച്ചെടുത്തു കൃഷിചെയ്യാനുള്ള സ്ഥലം അധികമില്ല. അപ്പോൾ ചെറുതരം വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും വളർന്നാലല്ലാതെ തൊഴിലില്ലായ്മ തീരുകയില്ല. വ്യവസായവികസനത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണു് വിദ്യുച്ഛക്തി. വിദ്യുച്ഛക്തിയുല്പാദനവും തൊഴിലില്ലായ്മയുടെ പരിഹാരവും എത്രയധികം ബന്ധപ്പെട്ടാണു് കിടക്കുന്നതെന്നു് നോക്കുക. ആവിയുടെ ശക്തികൊണ്ടോ കാററിന്റെ ശക്തികൊണ്ടോ ജലപ്രവാഹത്തിന്റെ ശക്തികൊണ്ടോ യന്ത്രം പ്രവർത്തിപ്പിച്ചു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാം. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തിൽ ജലപ്രവാഹത്തിന്റെ ശക്തി പ്രയോജനപ്പെടുത്തത്തക്കവിധം നല്ല നദികൾ ഉള്ളതുകൊണ്ടു് ജലവിദ്യുച്ഛക്തിപദ്ധതികളാണു് ലാഭകരമായി നടത്താവുന്നതു്. മലകളിൽനിന്നു് കുതിച്ചുപാഞ്ഞു് സമുദ്രത്തിലേക്കു് ഓടുന്ന നദികളെ ഇടയ്ക്കുവെച്ചു് തടഞ്ഞുനിറുത്തിയാണു് നാം ഈ വിദ്യുച്ഛക്തി പിടിച്ചുവാങ്ങുന്നതു്. എത്രയെടുത്താലും അത്രയും തന്നെ പിന്നെയും അവയുടെ കൈവശം ഉണ്ടാകും. ആവശ്യമുള്ളപക്ഷം

പുറകെ പുറകെ ചെന്ന' പിടിച്ചെടുക്കാം. ഇതെങ്ങിനെയാണെന്നറിയേണ്ടേ? പറയാം.

നല്ല പൊക്കമുള്ള മലകളിൽനിന്നാണല്ലോ നദികൾ ഉത്ഭവിക്കുന്നത്. അവ താഴ്ന്ന സ്ഥലങ്ങളിലേക്ക് ഒഴുകിയിറങ്ങുന്നു. സമതലത്തിൽക്കൂടി കുറേ ഒഴുകി ഒടുവിൽ പതനസ്ഥലത്ത് ചെന്നുചേരും. പൊക്കമുള്ള മലകളിൽനിന്ന് സമതലത്തിലെത്തുന്നതിനു മുമ്പ് പലയിടങ്ങളിലും കിഴക്കാംതൂക്കായി അതിശക്തിയോടെ നദീജലം ചാടി ഒഴുകുക സാധാരണമാണ്. അത്യധികം ശക്തിയോടുകൂടിയാണ് ഇങ്ങനെയുള്ള സ്ഥലങ്ങളിൽ നദികൾ ഒഴുകുന്നത്. തിരുവിതാംകൂർ–കൊച്ചിയിൽ ഒരു പ്രത്യേകതകൂടിയുണ്ട്. നദികൾ പലതും പൊക്കമുള്ള മലകളിൽനിന്ന് ഉത്ഭവിക്കുന്നു. സമതലത്തിലേക്ക് കടക്കുന്നതിനു മുമ്പുള്ള മലനാട്ടിന് ശരാശരി 30 മൈലിലധികം വീതിയില്ല. ഈ പ്രദേശത്തിനിടക്കുവെച്ചാണ് നദികൾ ഉത്ഭവസ്ഥലത്തേക്കാൾ 2000, 3000 അടിയോളം താഴ്ന്നുവരുന്നത്. അപ്പോൾ ഈ സ്ഥലത്ത് നദികളുടെ ഒഴുക്കിന് എന്തു ശക്തിയുണ്ടാകുമെന്ന് ഊഹിക്കാം. ഇവിടെവെച്ചാണ് അവയെ തടഞ്ഞുനിർത്തി വിദ്യുച്ഛക്തി വാങ്ങിക്കൊണ്ട് വിട്ടയക്കുന്നത്. അതെങ്ങനെയാണെന്ന് നോക്കാം. ചെറിയ ചാലുകളുടേയും അരുവികളുടേയും കരകളിൽ ചെറിയ ചക്രങ്ങൾ ഉണ്ടാക്കിവെച്ച് കുട്ടികൾ രസിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. ഒഴുക്ക്, ചക്രങ്ങളുടെ ഇലകളിൽ തട്ടുമ്പോൾ അത് അതിവേഗം കറങ്ങുന്നു. ഇങ്ങനെ കറങ്ങുമ്പോൾ ഒരു ശക്തി ഉണ്ടാകുമെന്ന് നമുക്കറിയാം. ഇതുപോലെ വലിയ യന്ത്രങ്ങൾ വലിയ ഒഴുക്കിന്റെ സഹായത്തോടുകൂടി അതിവേഗത്തിൽ കറങ്ങുമ്പോൾ വലിയ ശക്തിയാണുണ്ടാകുക. ഈ ശക്തി, കാന്തത്തിന്റെ ശക്തി നിറച്ച ഒരിടത്തുകൂടി കടത്തിവിട്ടാൽ അത് വിദ്യുച്ഛക്തിയായിത്തീരും. ശാസ്ത്രത്തിന്റെ ജാലവിദ്യകൾ! അങ്ങനെ കിട്ടുന്ന വിദ്യുച്ഛക്തി സംഭരിച്ച് പല സ്ഥലത്തേക്കും കൊണ്ടുപോകാം. ഇങ്ങനെ വിദ്യുച്ഛക്തി സംഭരിച്ച് നിറുത്തുന്ന സ്ഥലമാണ് പവ്വർഹൗസ്. നദിയുടെ ഒരു ഭാഗത്തുവെച്ച് വിദ്യുച്ഛക്തിയെടുത്തു കഴിഞ്ഞാൽ പിന്നെയും ആ ജലമെല്ലാം മുറയ്ക്കു് ഒഴുകിപ്പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. വീണ്ടും ആ ഒഴുക്കിന്റെ ശക്തി സംഗ്രഹിച്ച് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാം. പിന്നെയും നദിയുടെ ഒഴുക്ക് തുടങ്ങും. പിന്നെയും വിദ്യുച്ഛക്തി എടുക്കാം. ചുരുക്കത്തിൽ, നദി സമതലത്തിൽ എത്തി ശാന്തമായി ഒഴുകാൻ തുടങ്ങുന്നതുവരെ ചില നദികളിൽ മൂന്നും നാലും സ്ഥലങ്ങളിൽവെച്ച് വിദ്യുച്ഛക്തി എടുക്കാം. മുതിരപ്പുഴയാററിൽ പള്ളിവാസൽ, ചെങ്കുളം, നേരിയമംഗലം തുടങ്ങി മൂന്നു സ്ഥലങ്ങളിൽവെച്ച് വിദ്യുച്ഛക്തി എടുക്കാൻ കഴിയും. തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ മററു പല നദികളിലും ഇതിനുള്ള സാധ്യതകളുണ്ട്. ചാലക്കുടി നദിയിൽ ഷോലയാർ, പെരിങ്ങൽകുത്ത് (വലതുവശം), പെരിങ്ങൽകുത്ത് (ഇടതുവശം), അതിരപ്പള്ളി എന്നീ നാലു സ്ഥലങ്ങളിൽവെച്ച് വിദ്യുച്ഛക്തി എടുക്കാൻ സാധിക്കും. തിരു

വിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ആവശ്യത്തിനുള്ള വിദ്യുച്ഛക്തി മുഴുവൻ ചാലക്കുടി നദിയിൽനിന്നു മാത്രം ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്.

ഒഴുകിപ്പോകുന്ന നദി പ്രയോജനപ്പെടുത്തി വിദ്യുച്ഛക്തി എടുക്കാമെന്നുള്ളതുകൊണ്ട് അതു വളരെ എളുപ്പമായ ഒരു സംഗതിയാണെന്നു കരുതരുത്. ധാരാളം പണം ചെലവുചെയ്ത് പല പണികളും നടത്തിയാൽ മാത്രമെ നദികൾ നമ്മുടെ ചൊല്പടിക്കു നില്ക്കു. നദിയിൽ വെള്ളം സംഭരിച്ചു നിറുത്താൻ വലിയ അണകൾ കെട്ടണം. അവിടെനിന്നും വെള്ളം ഒഴുകുന്നതിന് തുരങ്കവും പൈപ്പു ലൈനുകളും വേണം. പൈപ്പു ലൈനുകളിലൂടെ പാഞ്ഞുവരുന്ന വെള്ളത്തിൻെറ ശക്തി വിദ്യുച്ഛക്തിയായി മാററാൻ പവ്വർഹൗസുകൾ വേണം. പിന്നെ, പവ്വർ ഹൗസിൽനിന്ന് വിദ്യുച്ഛക്തി പല സ്ഥലങ്ങളിലേക്കും എത്തിച്ചുകൊടുക്കാനുള്ള ഏർപ്പാടുകളും.

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്ത് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാനും വിതരണംചെയ്യുവാനും വേണ്ടി പഞ്ചവത്സരപദ്ധതിയിൽ ചില പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതെന്തെല്ലാമെന്നു നോക്കുന്നതിനുമുൻപായി പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിലുണ്ടായിരുന്ന സ്ഥിതിയെന്തെന്നുകൂടി ഒന്നോടിച്ചുനോക്കാം. മുൻപ് പള്ളിവാസലിൽ മാത്രമാണ് പ്രധാനമായി വിദ്യുച്ഛക്തി ഉല്പാദിപ്പിച്ചിരുന്നത്. ഇതിൻെറ ഉല്പാദനശേഷി 28500 കിലോവാട്ട്സ് ആയിരുന്നു. അതിൽ 16500 കിലോവാട്ട്സ് ശക്തി മാത്രമേ അന്നു ഉൽപ്പാദിപ്പിരുന്നുള്ളു. മദ്രാസ് ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറിലെ പാപനാശം പൈക്കാറ എന്നീ പദ്ധതികളിൽനിന്നുമായി 3850 കിലോവാട്ട്സ് ശക്തി തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലേക്ക് വാങ്ങിക്കൊണ്ടിരുന്നു. വിവിധ വ്യവസായങ്ങൾക്കും ലിഫ്ററ് ഇറിഗേഷനും പുഞ്ചനിലങ്ങളിലെ വെള്ളം വററിക്കുവാനും എല്ലാം വിദ്യുച്ഛക്തി ആവശ്യമാണ്. കൂടാതെ നമ്മുടെ പട്ടണങ്ങളും ഗ്രാമങ്ങളും വൈദ്യുതീകരിക്കേണ്ടതുമുണ്ട്.

പദ്ധതിയനുസരിച്ചു 1951നു മുമ്പാരംഭിച്ച വൻകിട പദ്ധതികൾ പൂർത്തിയാക്കുന്നതിനു പുറമെ പഞ്ചവത്സരപദ്ധതിക്കാലത്തു പുതിയ പല പദ്ധതികളുംകൂടി നടപ്പിൽ വരുത്തുന്നതാണ്. പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൻെറ വിദ്യുച്ഛക്തി ഉല്പാദനശേഷി പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിലുണ്ടായിരുന്നതിനേക്കാൾ നാലു മടങ്ങു വർദ്ധിക്കും. അതായത് 1956–ൽ 109500 കിലോവാട്ട്സ് വിദ്യുച്ഛക്തി ഇവിടെ ഉല്പാദിപ്പിക്കുവാൻ കഴിയും. ഉല്പാദനം വർദ്ധിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ വിദ്യുഛക്തി വിതരണം ചെയ്യുവാനും സാധിക്കുന്നതാണ്. കുറഞ്ഞ നിരക്കിന് വിദ്യുച്ഛക്തി കിട്ടുന്നതോടെ കൂടുതൽ ആളുകൾക്കു വാങ്ങാനെളുപ്പമുണ്ട്. വളരെയേറെ വ്യവസായങ്ങൾക്ക് അതു പ്രയോജനപ്പെടും. വ്യവസായങ്ങ

ളൂടെ അഭിവൃദ്ധിയാണ് നമ്മുടെ സാമ്പത്തികപുരോഗതി. 800 ഓളം ഗ്രാമങ്ങളിൽ വെളിച്ചം നല്കാനും വീടുകളിലും വ്യവസായശാലകളിലുമായി 50,000 പേക്ക് കൂടുതലായി വിദ്യുച്ഛക്തി കൊടുക്കാനും ഈ പദ്ധതിക്കു കഴിയും.

പഞ്ചവത്സരപദ്ധതികാലത്ത് വിദ്യുച്ഛക്തിയുല്പാദനത്തിനുവേണ്ടി 1035.75 ലക്ഷം രൂപ ചെലവാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇനി പദ്ധതികൾ ഏതെല്ലാമെന്നു നോക്കാം.

1. പള്ളിവാസൽപദ്ധതി രണ്ടാംഘട്ടം.
2. ചെങ്കുളം പദ്ധതി.
3. പെരിങ്ങൽക്കുത്തു പദ്ധതി.
4. വിദ്യുച്ഛക്തിവിതരണപദ്ധതി.

നമ്മുടെ സംസ്ഥാനത്തിനുള്ളിൽത്തന്നെ ഇവിടെ ആവശ്യമുള്ളിടത്തോളം വിദ്യുച്ഛക്തി കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളാണ് ആദ്യം പറഞ്ഞതു മൂന്നും. നാലാമത്തേത് കൂടുതലായി ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുവാൻ വേണ്ടി വിതരണകേന്ദ്രങ്ങളും മററും സ്ഥാപിക്കുന്നതുസംബന്ധിച്ചുള്ളതാണ്.

## 1 പള്ളിവാസൽപദ്ധതി രണ്ടാംഘട്ടം

പള്ളിവാസലിൽ നേരത്തെതന്നെ ഒരു വിദ്യുച്ഛക്തിയുല്പാദനകേന്ദ്രം ഉണ്ടായിരുന്നു. അവിടെനിന്നു കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാൻ വേണ്ടിയാണ് ഈ പദ്ധതി, രണ്ടാംഘട്ടം, ആരംഭിച്ചത്. അതു പൂർത്തിയായി.

മാട്ടുപ്പട്ടിയിൽ മുതിരപ്പുഴയാററിനു കുറുക്കെ ഒരണ കെട്ടി 190 കോടി ക്യൂബിക്കടി വെള്ളം സംഭരിച്ചു നിറുത്തത്തക്ക ഒരു കേന്ദ്രമുണ്ടാക്കാനും പള്ളിവാസൽ വിദ്യുച്ഛക്തികേന്ദ്രത്തിലെ മൂന്നു ജനറേററിംഗ്സെററുകളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാനും ആറാമതൊരു ജനറേററിംഗ്സെററ് സ്ഥാപിക്കുവാനുംവേണ്ടിയുള്ളതായിരുന്നു ഈ പദ്ധതി. ഇന്ത്യയിലെ ആദ്യത്തെ വലിയ കോൺക്രീററ് അണക്കെട്ടാണ് ഇവിടെ പണിതിട്ടുള്ളത്. മൂന്നു ജനറേററിംഗ്സെററുകളിൽനിന്നുംകൂടി കൂടുതലായി 1500 കിലോവാട്ട്സും ആറാമത്തെ ജനറേററിംഗ് സെററിൽനിന്നു 7500 കിലോവാട്ട്സും ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ പള്ളിവാസൽപദ്ധതിയുടെ ആകെ ഉല്പാദനശേഷി 37500 കിലോവാട്ട്സായിരിക്കുന്നു.

പഞ്ചവത്സരപദ്ധതികാലത്തിൽ 160 ലക്ഷം രൂപ പള്ളിവാസൽപദ്ധതിയുടെ രണ്ടാംഘട്ടത്തിലേക്കു ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

## 2 ചെങ്കുളംപദ്ധതി

മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിട്ടുള്ള ഒരു ജലവൈദ്യുതപദ്ധതിയാണിതും. പള്ളിവാസൽ സ്റ്റേഷനിൽനിന്നും പുറംതള്ളപ്പെടുന്ന വെള്ളം പ്രയോജനപ്പെടുത്തി ഇവിടെ വിദ്യുച്ഛക്തി ഉല്പാദിപ്പിയ്ക്കുന്നു. 12,000 കിലോവാട്ട്സ് വീതം ഉല്പാദിപ്പിയ്ക്കാവുന്ന നാലു യൂണിററുകളിൽനിന്നുമായി ആകെ 48,000 കിലോവാട്ട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിയ്ക്കാൻ ഈ പദ്ധതിക്കു സാധിക്കും.

ആകെ 185.75 ലക്ഷം രൂപ പഞ്ചവത്സരപദ്ധതികാലത്തിൽ ഈ പദ്ധതിയ്ക്കു ചിലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

## 3 പെരിങ്ങൽകുത്തുപദ്ധതി ഒന്നാംഘട്ടം

ചാലക്കുടി നദിയിൽ പെരിങ്ങൽകുത്തിനു സമീപം ഒരു അണകെട്ടി ജലം സംഭരിച്ച് അവിടെനിന്ന് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനുള്ളതാണ് ഈ പദ്ധതി. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 8000 കിലോവാട്ട്സ് വീതം ഉല്പാദനശക്തിയുള്ള മൂന്നു ജനറേററിംഗ് സെററുകൾ സ്ഥാപിക്കുന്നതാണ്. അണയുടേയും ടണ്ണലിൻേറയും പണി മിക്കവാറും പൂർത്തിയായി. 1955 അവസാനത്തോടുകൂടി ഇതിൻെറ പണികൾ എല്ലാം പൂർത്തിയാകും. രണ്ടാം ഘട്ടത്തിൽ 8000 കിലോവാട്ട്സ് ഉല്പാദിപ്പിക്കാൻ കഴിവുള്ള ഒരു യൂണിററും കൂടുതലായി സ്ഥാപിക്കുന്നതാണ്. ഒന്നാം ഘട്ടത്തിലേക്ക് 135 ലക്ഷം രൂപാ പഞ്ചവത്സര പദ്ധതികാലത്തിൽ ചിലവുവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

പെരിങ്ങൽകുത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എല്ലാവിധ താമസസൗകര്യങ്ങളോടുംകൂടിയ ഒരു കോളനി തീർത്തിട്ടുണ്ട്. പ്രകൃതിഭംഗികൾ നിറഞ്ഞ ഒരു സ്ഥലമാണിത്. തൊഴിലാളികൾക്കു വേണ്ടി മാതൃകാപരമായ രീതിയിൽ ഒരു സഹകരണസംഘവും ഇവിടെ നടത്തിവരുന്നു.

ചാലക്കുടി നദിയിൽനിന്ന് 386700 കിലോവാട്ട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആവശ്യവും സൗകര്യവും അനുസരിച്ച് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

## 4 വിതരണപദ്ധതി

വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാനുള്ള പദ്ധതികളാണ് മുമ്പു പറഞ്ഞവ. ആ മൂന്നു പദ്ധതികളും പൂർത്തിയാകുന്നതോടുകൂടി 48,000 കിലോവാട്ട്സ് വിദ്യുച്ഛക്തിയാണ് കൂടുതലായി ലഭിക്കുന്നത്. ഇത്രയും വിദ്യുച്ഛക്തി ഉപഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതിന് ഇന്നത്തെ വിതരണ വ്യവസ്ഥകൾ വികസിപ്പിക്കാതെ സാദ്ധ്യമല്ല. ഇതിലേക്കുവേണ്ടി വമ്പിച്ച തോതിൽ ഒരു വിതരണ പദ്ധതി

തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നു.

1. തിരുവനന്തപുരത്തെ 66 കെ. വി. സ്റ്റേഷൻ പൂർത്തിയാക്കുക.

2. ചാലക്കുടിയിലും തിരുവനന്തപുരത്തേപ്പോലുള്ള സബ്സ്റ്റേഷൻ സ്ഥാപിക്കുക.

3. തിരുവനന്തപുരത്തുനിന്നും തക്കലക്ക് 66 കെ. വി. ട്രാൻസ്മിഷൻ ലൈൻ പൂർത്തിയാക്കുക.

4. ആലുവായിൽനിന്ന് എറണാകുളത്തേക്കും പള്ളത്തുനിന്ന് പീരുമേട്ടിലേക്കും 66 കെ. വി. ട്രാൻസ്മിഷൻലൈൻ സ്ഥാപിക്കുക.

5. തക്കല, എറണാകുളം, തൃശ്ശൂർ, പുനലൂർ, ചെങ്കോട്ട, പീരുമേട്, തിരുവല്ല എന്നീ സ്ഥലങ്ങളിൽ 66 കെ. വി. ട്രാൻസ്ഫാമിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക.

6. ചെങ്കുളത്തുനിന്നും പള്ളത്തിനും, പള്ളത്തുനിന്നും കുണ്ടറക്കും 110 കെ. വി. ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുക.

7. ചെങ്കുളം, കുണ്ടറ, പള്ളം എന്നിവിടങ്ങളിൽ 110 കെ. വി. ട്രാൻസ് ഫാമിംഗ് സ്റ്റേഷനുകൾ സ്ഥാപിയ്ക്കുക.

8. ആലപ്പുഴയിലെ 33 കെ. വി. സപ്ലൈകേന്ദ്രം 66 കെ. വി. ആക്കി വികസിപ്പിക്കുക.

9. കരുനാഗപ്പള്ളിയിൽ ഒരു 33 കെ. വി. ട്രാൻസ്ഫാർമർസ്റ്റേഷനും അതിനുവേണ്ടിയുള്ള 33 കെ. വി. ട്രാൻസ്മിഷൻലൈനും സ്ഥാപിക്കുക.

10. കോതമംഗലത്തും പള്ളത്തും ഉള്ള സബ്സ്റ്റേഷനുകളിൽ ട്രാൻസ്ഫാർശക്തി കൂട്ടുക.

11. പെരിങ്ങൽക്കുത്തു ചാലക്കുടി ട്രാൻസ്മിഷൻ സ്ഥാപിയ്ക്കുക.

12. 800 ഗ്രാമങ്ങൾകൂടി വൈദ്യുതീകരിയ്ക്കുക. 9000 ഉപഭോക്താക്കൾക്കുകൂടി വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കുക.

പഞ്ചവത്സരപദ്ധതിയുടെ കാലാവധിക്കുള്ളിൽ വിദ്യുച്ഛക്തി വിതരണപദ്ധതിക്ക് 555 ലക്ഷം രൂപാ ചെലവാക്കുന്നതാണ്. തിരുവനന്തപുരത്തെ 66 കെ. വി. സബ്സ്റ്റേഷനും ചാലക്കുടി സബ്സ്റ്റേഷൻെറ ഒന്നാം ഘട്ടവും പൂർത്തിയായി പ്രവർത്തനം നടത്തിവരുന്നു. ചെങ്കോട്ടയിൽ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് ബാലരാമവർമ്മ ടെക്സ്റ്റ്റേൽസിനും ചെങ്കോട്ട ടൗണിനും വിദ്യുച്ഛക്തി നല്കിത്തുടങ്ങിയിട്ടുണ്ട്. തക്കലയിൽ രണ്ട് 2000 കെ. വി. ഏ ട്രാൻസ്ഫാർമറുകൾ സ്ഥാപിച്ചു. തിരുവനന്തപുരത്തുനിന്നും തക്കയിലേക്കുള്ള 66 കെ. വി. ട്രാൻസ്മിഷ്യൻ ലൈനിൻെറ പണി പൂർത്തിയായി. ഇപ്പോൾ ആ ലൈനിൽക്കൂടി തക്കലയിലേക്കും നാഗർകോവിലിലേക്കും വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കുന്നു. ചെങ്കുളത്തുനിന്നു പള്ളത്തേക്കും

പള്ളത്തുനിന്ന് കുണ്ടറയിലേയ്ക്കും ഉള്ള 110 കെ. വി. ട്രാൻസ്മിഷൻ ലൈനിന്റെ പണി നടന്നുവരികയാണ്. ചെങ്കുളം, പള്ളം, കുണ്ടറ എന്നിവിടങ്ങളിലെ 110 കെ. വി. ട്രാൻസ്ഫാമിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച പണി പുരോഗമിച്ചുവരുന്നു. പള്ളത്തും കോതമംഗലത്തും ഉള്ള ട്രാൻസ്ഫാർമറുകളുടെ ശക്തി കൂട്ടിക്കഴിഞ്ഞു.

പദ്ധതി ആരംഭിച്ചതിന്നുശേഷം 450 വിതരണകേന്ദ്രങ്ങൾ പുതുതായി തുറന്നിട്ടുണ്ട്. 271 കേന്ദ്രങ്ങളുടെ വൈദ്യുതീകരണംസംബന്ധിച്ച പണികൾ നടന്നുവരുന്നു. പദ്ധതി ആരംഭിച്ച് ഇതേവരെയായി 41,000 ഉപഭോക്താക്കൾക്കു കൂടുതലായി വിദ്യുച്ഛക്തി നല്കിക്കഴിഞ്ഞു. ഇങ്ങനെ പുതുതായി വിദ്യുച്ഛക്തി ലഭിച്ച വൻകിടസ്ഥാപനങ്ങളുടെ കൂട്ടത്തിൽ കാസ്റ്റിക്സോഡാഫാക്ടറി, റെയർ എത്ത്സ് ഫാക്ടറി, ബാലരാമവമ്മ ടെക്സ്റ്റൈൽസ്, ചാലക്കുടിയിലെ ഉണ്ടനൂൽ ഫാക്ടറി, എന്നിവ പ്രത്യേകം പ്രസ്താവ്യങ്ങളാണ്. പല ചെറുകിടവ്യവസായങ്ങളും വിദ്യുച്ഛക്തി പ്രയോജനപ്പെടുത്തിവരുന്നുണ്ട്. വിദ്യുച്ഛക്തിയുല്പാദനം പരമാവധി വദ്ധിപ്പിയ്ക്കുവാനുള്ള ശ്രമം വ്യവസായവികസനത്തിന്നും ആവഴി തൊഴിലില്ലായ്മ നിമ്മാർജനം ചെയ്യുന്നതിന്നും വേണ്ടിയുള്ള ശ്രമമാണെന്നു പറഞ്ഞുവല്ലോ. ഇക്കാര്യത്തിൽ പ്രകൃതിയുടെ അനുഗ്രഹം അങ്ങേയററം പ്രയോജനപ്പെടുത്താൻ സാധിക്കും; പല പദ്ധതികളുടേയും രണ്ടാം ഘട്ടങ്ങളും മൂന്നാംഘട്ടങ്ങളും അങ്ങനെ തുടരെത്തുടരെ പൂത്തിയായിക്കൊണ്ടിരിക്കുകയും ചെയ്യും.

## അദ്ധ്യായം 3

# ഉണരുന്ന ഉൾനാടുകൾ

രണ്ടു വഷത്തിനു ശേഷം ഇപ്പോഴാണ് നിങ്ങൾ ആ ഗ്രാമങ്ങൾ കാണാനിടയാകുന്നതെന്നിരിക്കട്ടെ—നെയ്യാററിൻകരയോ, ചാലക്കുടിയിലോ തിരുവിതാംകൂർ-കൊച്ചിയിലെ മററു ചില താലൂക്കുകളിലോ ഉള്ള ഗ്രാമങ്ങൾ. നിങ്ങൾ അത്ഭുതപ്പെട്ടേക്കും. മുമ്പ് രണ്ടടി പാതകൾ പോലുമില്ലാതെ കിടന്ന സ്ഥലങ്ങളിൽ ഇപ്പോഴിതാ വാഹനങ്ങൾക്ക് സഞ്ചരിക്കാവുന്ന ഒന്നാംതരം റോഡുകൾ. കുടിക്കുവാൻ ദുസ്വാദു കലന്ന വെള്ളം കിട്ടിയിരുന്ന സ്ഥലങ്ങളിൽ നല്ല വെള്ളം. മണ്ണും ചെളിയുംകൊണ്ട് നികന്നുകിടന്നിരുന്ന കുളങ്ങളും തോടുകളും എങ്ങിനെ വെടിപ്പാക്കിയിരിക്കുന്നു! ആകപ്പാടെ ഒരു മാററം. പുതിയ കെട്ടിടങ്ങൾ —ആശുപത്രിയും വായനശാലകളും മററും. പാടത്തിൻെറ വരമ്പുകളിൽകൂടി നടക്കുമ്പോൾ പ്രത്യേകമൊരു സംതൃപ്തിയുണ്ട്. ചെമ്പിച്ച് മുരടിച്ച നെൽച്ചെടികൾ തളർന്നുനിന്നിരുന്ന ചില നിലങ്ങളിൽ തഴച്ചു വളർന്ന ഞാറുകളങ്ങനെ നിവർന്നുനില്ക്കുന്നു. ഈ മാററങ്ങളെല്ലാം എങ്ങിനെയുണ്ടായെന്നറിയാൻ നിങ്ങൾക്ക് ആഗ്രഹം തോന്നും. കഴിഞ്ഞ തവണ അവിടം സന്ദർശിച്ചപ്പോൾ അതൊന്നുമില്ലായിരുന്നു. തന്നെയുമല്ല, കഴിഞ്ഞ എത്രയോ വഷങ്ങളായി ആ ഗ്രാമങ്ങളിൽ യാതൊരു മാററവും ഉണ്ടാകാതിരിക്കുകയുമായിരുന്നു. ബസ്സിൽനിന്നിറങ്ങുന്നത് തന്നെ മെയിൻറോഡിൽനിന്നു വഴിയില്ലാത്ത സ്ഥലത്തുകൂടി മൂന്നുനാലു മൈൽ നടന്നുവേണമല്ലോ ഗ്രാമത്തിലെത്തേണ്ട സ്ഥലത്തു ചെന്നുചേരാനെന്ന ഭയത്തോടെയാണ്. ഒരു റോഡു വേണമെന്നോ, ഒരു കിണറു വേണമെന്നോ, ആശുപത്രി വേണമെന്നോ ഗവമ്മേണ്ടിൽ "പരാതി". കൊടുത്തിട്ടുണ്ടെന്നു സാധാരണയായി നാട്ടുകാർ പറയാറുണ്ടായിരുന്നു ഇതെല്ലാം ഇത്ര പെട്ടെന്നു ഗവമ്മേണ്ടിൽനിന്നു നടപ്പാക്കി കളഞ്ഞതായി കരുതുവാനാണെളുപ്പം. എന്നാൽ അതു ശരിയല്ല. നാട്ടുകാർതന്നെ വെട്ടിയ റോഡും അവർതന്നെ പണിചെയ്ത ആശുപത്രിയും അവരുടെ ശ്രമം കൊണ്ടുതന്നെ തീർന്ന കിണറുകളുമാണവ. ഗവമ്മേണ്ടിൻെറ സഹായം ഉണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ മുമ്പെല്ലാം ചിലപ്പോൾ ഉദ്യോഗസ്ഥന്മാർ വന്നു സ്ഥലം നോക്കി റിപ്പോർട്ടുകൾ തയ്യാറാക്കി പിന്നേയും കുറേക്കാലം കഴിഞ്ഞു എവിടെനിന്നെങ്കിലും ഒരു കൺട്രാക്ടർ വന്ന്, ഏതാനും പണിക്കാരെ നിറുത്തി അങ്ങുമിങ്ങും കിളയ്ക്കുകയും നിരത്തുകയും ചെയ്ത്, നാട്ടുകാരാരും ശ്രദ്ധിക്കാതിരിക്കെ ഒരു വഴി വെട്ടിയിട്ട് പോകുന്നതുപോലൊരു പണിയല്ലാ അവിടെ നടന്നിട്ടുള്ളത്. നാട്ടിൽ എന്തെല്ലാം പൊതുആവശ്യങ്ങളാണുള്ളതെന്നു തീരുമാനിച്ചതും

അതു നടത്തേണ്ടതെങ്ങനെയെന്നു നിശ്ചയിച്ചതും അതു നടപ്പാക്കിയതും നാട്ടുകാർതന്നെയാണ്. 'പരാതി'കൊടുത്തിട്ട് അന്വേഷണത്തിന്നായി അവർ ആരേയും കാത്തിരുന്നില്ല. ഗ്രാമീണരുടെ ആവശ്യങ്ങളറിയാനും അവ നടപ്പാക്കുന്നതിനുവേണ്ടി നടപടികൾ എടുക്കാനുമായി പ്രത്യേക ചില ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ആ ഗ്രാമങ്ങളിലുണ്ട്. ഗ്രാമീണരും ആ ഉദ്യോഗസ്ഥൻ വഴിയായി ഗവമ്മെണ്ടും തമ്മിൽ സഹകരിച്ച് കാര്യങ്ങൾ ഉടനുടൻ നടത്തുവാനുള്ള ഒരേർപ്പാട് നിലവിൽവന്നതു മുതലാണ് ഗ്രാമങ്ങളിൽ ഈ മാററങ്ങൾ ഉണ്ടായത്. ഈ വ്യവസ്ഥയ്ക്കാണ് സാമൂഹ്യവികസനപദ്ധതിയെന്നു പറയുന്നത്.

സാമൂഹ്യവികസനപദ്ധതിയെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. 1952 മുതൽ കേട്ടുവരുന്നതാണിത്. സാമൂഹ്യവികസനപദ്ധതികളോടും ദേശീയവികസനസർവ്വീസ് ബ്ലോക്കുകളോടും അനുബന്ധിച്ചുള്ള പല പ്രവർത്തനങ്ങളും ഇതിനകം ഒരു തരത്തിലെല്ലെങ്കിൽ മറെറാരുതരത്തിൽ ജനങ്ങളുടെയെല്ലാം ശ്രദ്ധയെ ആകർഷിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികൾ ആരംഭിച്ചതെങ്ങിനെയെന്നു പറയാം.

എല്ലാവർക്കും ജീവിക്കുവാനും, ഉപജീവനമാർഗ്ഗം നേടാനും, ജീവിതപുരോഗതി കൈവരുത്തുവാനും തുല്യമായ അവകാശം നമ്മുടെ ഭരണഘടനയിൽ ഉറപ്പു ചെയ്തിരിക്കുന്നു. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യമെന്നു ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്താണീ ക്ഷേമരാഷ്ട്രം? വ്യക്തി സമുദായത്തിനുവേണ്ടിയും സമുദായം വ്യക്തിക്കുവേണ്ടിയും ജീവിക്കുക. എല്ലാവർക്കും ക്ഷേമവും ഐശ്വര്യവും കൈവരുത്തുവാൻവേണ്ടി എല്ലാവരും പ്രവർത്തിക്കുക. അപ്പോൾ സകലരും സംതൃപ്തരായുള്ള ഒരു രാഷ്ട്രം ഉദിച്ചുയരും. അതാണ് ക്ഷേമരാഷ്ട്രം. 36 കോടിയിലധികം ജനങ്ങളുടെ ക്ഷേമമാണ് അതിൽ ഉൾക്കൊള്ളുന്നത്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഉള്ളവർക്കു ജീവിതപുരോഗതിയുണ്ടാകണം. വളരെക്കാലമായി അവഗണിക്കപ്പെട്ടുകിടന്നിരുന്ന അനേകമനേകം ഗ്രാമങ്ങളിലാണ് ഇന്ത്യയിലെ മുക്കാൽ പങ്കോളം ജനങ്ങൾ താമസിക്കുന്നത്. ഗ്രാമീണരുടെ ജീവിതനിലവാരം ഉയർത്തേണ്ടത് അടിയന്തിരാവശ്യമാണെന്നു സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമങ്ങളിൽ കൃഷിസ്ഥലങ്ങൾക്കു ജലസേചനസൗകര്യമുണ്ടാകണം; വിദ്യാലയങ്ങൾ വേണം, സഞ്ചാരസൌകര്യങ്ങൾ ഉണ്ടാകണം, മനുഷ്യർക്കും കന്നുകാലികൾക്കും ചികിത്സാസൗകര്യങ്ങൾ ലഭിക്കണം, കുടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തി കൂടുതലാളുകൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കണം. ഒട്ടേറെ കാര്യങ്ങൾ ഗ്രാമങ്ങളിൽ നടക്കേണ്ടതുണ്ട്. അഖിലഭാരതാടിസ്ഥാനത്തിൽ കൈകാര്യം ചെയ്താലല്ലാതെ ഭാരതത്തെ മുഴുവൻ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഗവമ്മേണ്ടിൽനിന്നുതന്നെ ഈ പരിപാടികളെല്ലാം നടപ്പാക്കുക എളുപ്പമല്ലല്ലോ. ജനങ്ങൾ സഹകരിച്ചാൽ എല്ലാകാര്യവും ഭംഗിയായി നടക്കും. അതുകൊണ്ട് ജനങ്ങൾതന്നെ രൂപീകരിക്കുന്ന പരിപാടികൾ അവർതന്നെ ഗവമ്മെണ്ടിന്റെ സഹായത്തോടുകൂടി നട

പ്പാക്കുന്നതിനുവേണ്ടി മഹത്തായ ഒരു പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചു. ആദ്യമായി ഇന്ത്യയിലാകെ 55 പദ്ധതി പ്രദേശങ്ങളാണ് തെരഞ്ഞെടുത്തത്. ഒരു പദ്ധതിപ്രദേശത്തു മൂന്നു വികസനബ്ലോക്കുകൾ. ഓരോ ബ്ലോക്കിലും നൂറോളം ഗ്രാമങ്ങളും 66,000ത്തോളം വരുന്ന ജനസംഖ്യയും. 1952 ഒക്ടോബർ 2–ാംനു-യാണ് പദ്ധതി ഉൽഘാടനംചെയ്യപ്പെട്ടതു്. അതു അന്നുതന്നെ ഉൽഘാടനംചെയ്യാൻ പ്രത്യേകിച്ച് ഒരു കാരണമുണ്ട്. നമ്മുടെ രാഷ്ട്രത്തിൻെറ വിമോചനത്തിനു വേണ്ടി പൊതുവേയും ഗ്രാമങ്ങളുടെ പുനരുജ്ജീവനത്തിനുവേണ്ടി പ്രത്യേകിച്ചും ആയുഷ്കാലമത്രയും പ്രവത്തിച്ച രാഷ്ട്രപിതാവിൻെറ ജന്മദിനമാണ് ഒക്ടോബർ 2–ാംനു-. അതുകൊണ്ട് ഗ്രാമങ്ങളുടെ പുനസ്സംവിധാനത്തിനുവേണ്ടിയുള്ള ഈ പദ്ധതിയുടെ ഉൽഘാടനം അന്നുതന്നെ നിർവ്വഹിച്ചത് സമുചിതമാണല്ലോ. കൃഷി, ജലസേചനം, സഞ്ചാരസൌകര്യങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽപരിശീലനം, കുടിൽവ്യവസായങ്ങൾ, ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനാണുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഗ്രാമീണരെ സഹായിക്കുവാനായി ഓരോ സാങ്കേതിക വിഷയത്തിലും പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ളവരെ നിയമിക്കും. ഓരോ പദ്ധതിപ്രദേശത്തും 3 വഷത്തെ പ്രവത്തനമാണ് നടക്കുന്നത്. 1953–ൽ കൂടുതൽ സാമൂഹ്യവികസനപദ്ധതികൾ ആരംഭിച്ചതുകൂടാതെ ദേശീയ വികസനസവ്വീസ് എന്നൊരു പ്രസ്ഥാനംകൂടി തുടങ്ങി. ദേശീയവികസന ബ്ലോക്കുകളുടെ പ്രവത്തനവും ഏതാണ്ട് സാമൂഹ്യവികസന പദ്ധതികളിലേപ്പോലെതന്നെ. എന്നാൽ അത്രയ്ക്കു വിപുലമല്ല. ദേശീയവികസനപദ്ധതിയനുസരിച്ച് പ്രവത്തനം നടപ്പിലാക്കിക്കഴിഞ്ഞ ഒരു പ്രദേശത്തു പിന്നീട് സാമൂഹ്യവികസനപദ്ധതിയുടെ പ്രവത്തനം വ്യാപിപ്പിക്കാവുന്നതാണ്. പഞ്ചവത്സരപദ്ധതിക്കാലത്തു ദേശീയവികസനസവ്വീസനുരിച്ചു 1200 ബ്ലോക്കുകളിൽ, അതായത് ഇന്ത്യയിലെ നാലിലൊരുഭാഗം ഗ്രാമങ്ങളിൽ പ്രവത്തനം നടത്തും. രണ്ടാം പഞ്ചവത്സരപദ്ധതി പൂത്തിയാകുമ്പോഴേക്ക് ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിലും ദേശീയവികസനസവ്വീസിൻെറ പ്രവർത്തനം നടപ്പിലായിക്കഴിയും. ഇതിനകം 84,700 ഗ്രാമങ്ങൾ ഉൾപ്പെടുന്ന 847 ബ്ലോക്കുകളിലാണ് പ്രവത്തനം വ്യാപിപ്പിച്ചു കഴിഞ്ഞിട്ടുള്ളത്. വികസനപദ്ധതികളേപ്പററി പൊതുവായ ഒരു ധാരണയുണ്ടാകാൻവേണ്ടിയാണ് ഇത്രയും കാര്യങ്ങൾ വിവരിച്ചതു. ജനങ്ങൾക്കുവേണ്ടി ജനങ്ങൾതന്നെ നടപ്പാക്കുന്ന പരിപാടികളാണ് പദ്ധതിപ്രദേശത്തു നടക്കുന്ന നിർമ്മാണപ്രവത്തനങ്ങൾ എന്നു പറഞ്ഞല്ലോ. അപ്പോൾ ജനങ്ങളുടെ ചുമതല മുമ്പത്തേക്കാളെല്ലാം വളരെ വദ്ധിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ നടക്കുന്ന വികസനപ്രവത്തനങ്ങൾ കണ്ട്, മുൻകാലങ്ങളിലെപ്പോലെ ഗവമ്മേൻറ ചെയ്യിക്കുന്ന ഏന്തോ സക്കാർ പണികളാണെന്നു കരുതി, തിരിഞ്ഞു നടന്നുകളയാൻ ആക്കും സാദ്ധ്യമല്ല. ഓരോ ഗ്രാമീണൻേറയും ജീവിതപുരോഗതിയേ സാരമായി

സഹായിക്കുന്ന പരിപാടികളാണിവ. ആരുടെ നന്മയ്ക്കുവേണ്ടിയാണോ അവ ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളതു ആ ഗ്രാമീണർ ആ പരിപാടികളുടെ പരിപൂർണ്ണവിജയത്തിനുവേണ്ടി അങ്ങേയററം പ്രയത്നിയ്ക്കേണ്ടതുണ്ട്. "നമ്മുടെ ഗ്രാമത്തിൽ പദ്ധതിയില്ലല്ലോ, പിന്നെന്തിനാ ബുദ്ധിമുട്ടുന്നത്" എന്നു കരുതി ആർക്കും ഇതിൽനിന്നു ഒഴിഞ്ഞുമാറുവാനും സാധ്യമല്ല. ഇന്നല്ലെങ്കിൽ നാളെ ഓരോ ഗ്രാമത്തിലും വികസനപദ്ധതി എത്തിച്ചേരും. ഐശ്വര്യം പകന്നുകൊടുക്കുന്ന ആ കാമധേനുവിനെ തങ്ങളുടെ ഭാഗധേയങ്ങൾക്ക പ്രയോജനപ്പെടുത്തേണ്ടതു ഗ്രാമീണരുടെ കടമയാണ്. 1961 ആകുമ്പോഴേക്കും വികസനപദ്ധതികളുടെ കരസ്പർശമേല്ക്കാത്ത ഒരൊററ ഗ്രാമംപോലും അവശേഷിക്കുകയില്ല. ഗ്രാമജീവിതത്തിൻെറ എല്ലാ വശങ്ങളും അഭിവൃദ്ധിപ്പെടുത്തി ഗ്രാമീണക്ക കൂടുതൽ സുഭിക്ഷതയും സംതൃപ്തിയും കൈവരുത്തുക,—ഇതാണ് പദ്ധതിയുടെ പരമമായ ലക്ഷ്യം. ഇതിനു ഗ്രാമീണരുടെ ക്രയശക്തി വദ്ധിക്കണം; ഉല്പാദനം വദ്ധിക്കണം; അറിവും ആരോഗ്യവും വദ്ധിക്കണം. ഈ ലക്ഷ്യത്തിൽ എത്തിച്ചേരുവാനുള്ള മാർഗ്ഗങ്ങളിലും ചില പുതുമകൾ വരുത്തിയിട്ടുണ്ട്. ജനങ്ങൾ തന്നെ ആലോചിച്ചു നിശ്ചയിക്കുന്ന പരിപാടികൾ അവർതന്നെ മുൻകൈ എടുത്തു ഗവമ്മേണ്ടിൻെറ അത്യാവശ്യസഹായങ്ങളോടുകൂടി നടപ്പിലാക്കുന്നുവെന്നുള്ളതാണ് ഇതിൻെറ പ്രത്യേകത. ഗവമ്മെൻറ് ഡിപ്പാർട്ടുമെൻറുകളുടെ സാധാരണ പ്രവത്തനത്തിലുള്ള വൈകല്യങ്ങൾ പരിഹരിച്ച് മാതൃകാപരമായ ഒരു ഭരണസമ്പ്രദായം ആവഷ്ക്കരിക്കുവാനും പദ്ധതികൊണ്ട് സാധിക്കും. നിലവിലുള്ള കേന്ദ്രീകൃതഭരണക്രമത്തിൽ ഓരോ ഡിപ്പാർട്ടുമെൻറും തലയ്ക്കൽ എത്തുന്നതുവരെ മററു ഡിപ്പാർട്ടുമെൻറുകളിൽനിന്നു ഏറെക്കുറെ കെട്ടിയടക്കപ്പെട്ടിരിക്കുകയാണല്ലോ. ഒരു ഡിപ്പാർട്ടുമെൻറിൽ നടക്കുന്നതു അതിൻെറ ഒരു ഘട്ടത്തിലും, മറെറാരു ഡിപ്പാർട്ടുമെൻറിനറിയാൻ സാധ്യമല്ല. ഇതുമൂലം പല ജോലികളും ഇരട്ടിക്കുന്നു. പലതും അമാന്തത്തിലാകുന്നു. പൊതുജനങ്ങൾക്കാകട്ടെ ഒരു പ്രാദേശികാവശ്യം സാധിച്ചുകിട്ടാൻ ആരെ സമീപിക്കണമെന്നു നിശ്ചയമില്ല. പല ഡിപ്പാർട്ടുമെൻറുകൾക്കും ഒരേ പരിപാടിതന്നെയുമുണ്ട്. ഒരു കിണർ ആവശ്യമുള്ള സ്ഥലത്തു ചിലപ്പോൾ ഈ ഡിപ്പാർട്ടുമെൻറുകളെല്ലാം പരസ്പരമറിയാതെ ഓരോ കിണററിനു അനുവാദം കൊടുത്തെന്നുവരും. ചിലപ്പോൾ ആരും അനുവദിച്ചില്ലെന്നുംവരും. ഗവമ്മേൻറിൻെറ യുക്തംപോലെ ഓരോ പ്രദേശത്തും ഓരോ പണികൾ നടത്തുകയും ജനങ്ങൾ പണി സംബന്ധിച്ച ചുമതലകളുമായി യാതൊരു ബന്ധവും പുലത്താതിരിക്കുകയുമായിരുന്നല്ലോ പതിവു. അപ്പോൾ പദ്ധതിപ്രവത്തനംകൊണ്ടു വന്നിട്ടുള്ള ഭരണപരമായ മാററം എന്താണ്? പദ്ധതിപ്രദേശത്തെ ജനങ്ങൾ സമ്മേളിച്ച് അവരുടെ പ്രാദേശികാവശ്യങ്ങൾ എന്തെല്ലാമെന്നു ആലോചിച്ചു തീരുമാനിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ അറിയുവാൻവേണ്ടി നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥന്മാരെ അതു അറിയിക്കും. അവർ അതു മേലുദ്യോഗസ്ഥന്മാരെ അറിയിക്കും. ആ മേലുദ്യോഗസ്ഥനു അതു മിക്കതും

നടത്തിക്കൊടുന്നതിനുള്ള അധികാരമുണ്ട്. പ്രധാനപ്പെട്ട കാര്യങ്ങളിൽ നേരിട്ട് ഡവലപ്പ്മെൻറ കമ്മീഷണരുടെ നിർദ്ദേശം വാങ്ങി പ്രവൎത്തിക്കയും ചെയ്യാം. ഓരോ പ്രദേശത്തും മുമ്പെല്ലാം ഡിപ്പാർട്ടുമെൻറുകാംമുഖേന നടത്തിവന്നിരുന്ന പണികളിൽ നാട്ടുകാർ ഒരു ഘടകമേ ആയിരുന്നില്ല. പദ്ധതിയനുസരിച്ചാകട്ടെ എന്തെല്ലാം പരിപാടികളാണ് നടത്തേണ്ടതെന്നു തീരുമാനിക്കുന്നതു നാട്ടുകാരാണ്. അതു നടപ്പാക്കുന്നതിൽ മുൻനിന്നു പ്രവൎത്തിയ്ക്കുന്നതും നാട്ടുകാരാണ്. അദ്ധ്വാനമായും മററു വിധത്തിലും നാട്ടുകാർ നല്കുന്ന സംഭാവനകളിലാണ് പരിപാടികളുടെ വിജയം സ്ഥിതിചെയ്യുന്നതു്. പദ്ധതിയുടെ പ്രവൎത്തനത്തിനാവശ്യമായ സാങ്കേതികോപദേശങ്ങളും മററു ചില ഒത്താശകളും ഗവൺമെൻറിൽനിന്നു ലഭിക്കും. ചുരുക്കത്തിൽ, നാട്ടുകാരുടെ സഹകരണം അല്പവുമില്ലാതിരുന്ന ഒരു പ്രവൎത്തനരംഗത്തു ഇപ്പോൾ സൂത്രധാരന്മാർതന്നെ ജനങ്ങളായിരിക്കുന്നു. പദ്ധതിയുടെ പ്രവൎത്തനം നിയന്ത്രിക്കുന്ന ഉപദേശകസമിതിയിൽ ഭൂരിപക്ഷംഅംഗങ്ങളും ജനപ്രതിനിധികളാണ്. പഞ്ചായത്തിൻേറയും ഉപദേശകസമിതിയുടേയും നിർദ്ദേശങ്ങൾ അനുസരിച്ചല്ലാതെ ഒരു പരിപാടിയും പദ്ധതിയിൽനിന്നു നടത്തുന്നതല്ല. ജനങ്ങളുടെ സഹകരണത്തോടുകൂടിയേ ഏതു പരിപാടിയും നടപ്പിലാകയുള്ളു. പദ്ധതിപ്രദേശത്തെ വികസനജോലികൾ ലാഭം അനുവദിക്കാത്തതരത്തിൽ ജനപ്രതിനിധികളേത്തന്നെ ഏല്പിച്ചാണ് ചെയ്യിക്കുന്നതു്. പ്രത്യേക പരിജ്ഞാനം വേണ്ട ജോലികൾമാത്രം കൺട്രാക്ടർമാരെ ഏല്പിക്കും. ഇതിനെല്ലാം പുറമേ, പദ്ധതിയിൽനിന്നു ഏറെറടുത്തു നടത്തുന്ന പരിപാടികൾ പൂൎത്തിയായിക്കഴിഞ്ഞാൽ പിന്നെ അതു വേണ്ടവിധം നടത്തിക്കൊണ്ടുപോകാനുള്ള ചുമതല പഞ്ചായത്തുകൾക്കുതന്നെയായിരിക്കും. ഇങ്ങനെ എല്ലാവിധത്തിലും, എല്ലാ ഘട്ടത്തിലും തികച്ചും ജനകീയമായ ഈ പരിപാടികൾ വിജയിപ്പിക്കേണ്ടതു ജനങ്ങളുടെ കടമയാണ്.

ഇനി തിരുവിതാംകൂർ—കൊച്ചിയിലെ നാട്ടിൻപുറങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകം അറിഞ്ഞിരിക്കേണ്ട ഏതാനും കാര്യങ്ങൾ കൂടി പറയാം.

തിരുവിതാംകൂർ—കൊച്ചിയിലെ പദ്ധതിപ്രദേശവും ഭാരതത്തിൻെറ മററു ഭാഗങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. പദ്ധതിയുടെ പ്രവൎത്തനസ്വഭാവത്തെ സാരമായി ബാധിയ്ക്കുന്നതാണവ. ഗ്രാമങ്ങളിൽ ക്ഷേമവും സമൃദ്ധിയും കൈവരുത്തുന്നതിനായി ഗ്രാമഘടനയുടെ പ്രത്യേകതകളെ മുൻനിൎത്തി രൂപീകരിക്കപ്പെട്ടിട്ടുള്ളവയാണല്ലോ ഈ പ്രവൎത്തനപരിപാടികൾ. എന്നാൽ മററു പ്രദേശങ്ങളിലേപ്പോലുള്ള ഗ്രാമങ്ങൾ നമ്മുടെ നാട്ടിൽ ഇല്ലെന്നുള്ളത് ഒരു പ്രത്യേകതയാണ്. ചുരുക്കം ചില പട്ടണപ്രദേശങ്ങളൊഴിച്ചാൽ രാജ്യത്തിൻെറ ഒരററം മുതൽ മറേറ അററംവരെ എല്ലായിടത്തും ജനങ്ങൾ ചിതറിത്താമസിയ്ക്കുന്നു. പുരയിടം, വീട്, കൃഷി

സൌകര്യങ്ങൾ എന്നിവയെല്ലാം ഓരോരുത്തർക്കും പ്രത്യേകം പ്രത്യേക മായുള്ളവയാണ്. ഒരു ഭാഗത്തും ഒരാൾ മറ്റൊരാളെ ആശ്രയിയ്ക്കുകയോ ഒന്നിലധികം കുടുംബക്കാർ സഹകരിച്ച് പ്രവർത്തിയ്ക്കുകയോ ചെയ്യേണ്ടിവരുന്ന സന്ദർഭങ്ങൾ വളരെ ചുരുക്കമാണെന്നു പറയാം. മദ്ധ്യഭാരതത്തിലേയോ ഉത്തരഭാരതത്തിലേയോ കഥ ഇതല്ല. അവിടത്തെ ഗ്രാമീണൎക്ക് പല കാര്യങ്ങളിലും സഹകരിച്ചു പ്രവൎത്തിക്കേണ്ടത് ആവശ്യമാണ്. അവർ ഗ്രാമങ്ങളിൽ കൂട്ടംകൂട്ടം ആയി താമസിയ്ക്കുന്നു. ഒരു ഗ്രാമത്തലവൻെറ നേതൃത്വത്തിൽ പ്രവൎത്തിയ്ക്കുകയെന്നതാണ് അവിടത്തെ ഗ്രാമീണരുടെ പാരമ്പര്യം. ആ നേതാവിൻെറ നിൎദ്ദേശങ്ങൾക്കനുസരണമായി അവരുടെ പ്രവൎത്തനങ്ങൾക്കു രൂപം കൊടുക്കുവാൻ സാധിയ്ക്കും. ഈ വിധത്തിലുള്ള നേതൃത്വമോ നിയന്ത്രണമോ ഒന്നും ഒരു കാലത്തും അറിയേണ്ടിവന്നിട്ടില്ലാത്തവയാണ് നമ്മുടെ നാട്ടിൻപുറങ്ങൾ. ഓരോരുത്തൎക്കും അവനവൻെറ കാര്യം എന്നതിൽ കവിഞ്ഞു വലുതായൊന്നും ശ്രദ്ധിയ്ക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കൂട്ടുതാല്പര്യങ്ങളുണ്ടായിരുന്നുവെങ്കിൽത്തന്നേയും അവ കുടുംബം, സമുദായം എന്നിവയുടെ കെട്ടുപാടുകളിലല്ലാതെ ഗ്രാമത്തിൻെറ അടിസ്ഥാനത്തിലായിരുന്നില്ല. ജലസേചനത്തിനോ കുടിക്കുവാനോ ഉള്ള വെള്ളം വലിയ സംഘടിത ശ്രമം കൂടാതെതന്നെ ലഭിച്ചിരുന്നു. ഗ്രാമങ്ങളിലെ സഞ്ചാരസൌകര്യം വിദ്യാഭ്യാസ സൌകര്യം ജലസേചന സൗകര്യം എന്നീ കാര്യങ്ങളിലാണ് വികസന പദ്ധതികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. തിരുവിതാംകൂർ–കൊച്ചിയിലെ നാട്ടിൻപുറങ്ങളെ സംബന്ധിച്ചിടത്തോളം ഇതിലും ചില പ്രത്യേകതകളുണ്ട്. സഞ്ചാര സൌകര്യത്തിൽ മററു സംസ്ഥാനങ്ങളിലെ പട്ടണങ്ങളോടൊപ്പം നിൽക്കും നമ്മുടെ നാട്ടിൻപുറങ്ങൾ. കൂടുതൽ റോഡുകൾ വെട്ടുന്നത് ഗുണകരമായിരിക്കുകയില്ലെന്നല്ലാ ഇതിൻെറ യൎത്ഥം. വേണ്ടത്ര സഞ്ചാരസൌകര്യമില്ലാത്ത ഗ്രാമങ്ങൾ ധാരാളമുണ്ട്. എന്നാൽ മററ സ്ഥലങ്ങളിലേപ്പോലെ രൂക്ഷമല്ലാ ഈ പ്രശ്നം എന്നു മാത്രം. വിദ്യാഭ്യാസ കാര്യത്തിലും അങ്ങിനെത്തന്നെ. നാട്ടിൽപുറത്തെവിടെയും ഒരു മൈലിൽ അധികം നടക്കാതെ ഏതു കുട്ടിക്കും പ്രാഥമിക വിദ്യാലയത്തിലെത്താം.

കൃഷിക്കുവേണ്ട പല സൌകര്യങ്ങളും ചെയ്തുകൊടുക്കാൻ പദ്ധതികൊണ്ടു ഉദ്ദേശിക്കുന്നുണ്ട്. മററ പ്രദേശങ്ങളിൽ 75 മുതൽ 90 വരെ ശതമാനം ആളുകൾക്ക് ഈ പരിപാടികൊണ്ട് പ്രയോജനം സിദ്ധിയ്ക്കുമ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ 50 ശതമാനത്തോളം പേൎക്കേ നേരിട്ടു ഇതുകൊണ്ടു ഗുണം ലഭിക്കൂ. കൃഷിയേ മാത്രം ഉപജീവിച്ച് കഴിയുന്നവർ 50 ശതമാനത്തിൽ കുറവാണിവിടെ. കൃഷിത്തൊഴിലിൽ ഏൎപ്പെട്ടിരിക്കുന്നവർ തന്നെയും മററ ഉപതൊഴിലുകളിൽ ഏൎപ്പെട്ടാണ് ജീവിച്ചുപോകുന്നതു്. തൊഴിലില്ലായ്മ ഇത്രയേറെ കൊടുമ്പിരിക്കൊണ്ടിട്ടുള്ള മററ പ്രദേശങ്ങൾ അധികമില്ല. അഭ്യസ്തവിദ്യരുടെയിടയ്ക്കുള്ള തൊഴിലില്ലായ്മ നമ്മുടെ പട്ടണപ്രദേശങ്ങളിലും നാട്ടിൻ പുറങ്ങളിലും ഒരുപോലെതന്നെയുണ്ട്. ഈ പ്രശ്നം പരിഹരിക്കുവാൻ പൎയ്യാപ്ത

മായ പരിപാടികളാണ് ഇപ്പോഠം നമ്മുടെ നാട്ടിൻപുറങ്ങളിൽ നടപ്പാക്കേണ്ടിയിരിക്കുന്നതു്. അപ്പോഠം ആ പരിപാടികഠം അഖിലഭാരതാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സാമൂഹ്യവികസന പരിപാടികളിൽനിന്നു് കുറെയെല്ലാം വിഭിന്നമായിരിക്കും. രോഗത്തിനനുസരിച്ച് ചികിത്സ നിശ്ചയിക്കുന്നതാണ് വൈദ്യന്റെ വിജയം. തിരുവിതാംകൂർ–കൊച്ചിയിലെ പദ്ധതിനിവ്വഹണോദ്യോഗസ്ഥന്മാർ ഇതു് അറിഞ്ഞുതന്നെയാണ് പ്രവത്തിക്കുന്നത്. രോഗം വളരെ പഴകിയതായതുകൊണ്ടും ചികിത്സാസൌകര്യം പരിമിതമായതുകൊണ്ടും പരിപൂണ്ണസുഖം ലഭിക്കാൻ വളരെയെളുപ്പം സാധിച്ചെന്നു വരികയില്ല. പക്ഷെ അവധാനപൂവ്വമായ പ്രയത്നംകൊണ്ടു വിജയം സുനിശ്ചിതമാണ്.

തിരുവിതാംകൂർ–കൊച്ചിയിൽ രണ്ടു വികസന പദ്ധതികളും ഒമ്പതു് വികസന ബ്ലോക്കുകളുമാണ് ഇപ്പോഴുള്ളതു്. 1952 ഒക്ടോബറിൽ ആരംഭിച്ച കുന്നത്തുനാട്–ചാലക്കുടി, നെയ്യാററിൻകര–വിളവംകോട് എന്നീ രണ്ടു വികസന പദ്ധതികളിൽ ശരാശരി 7 ലക്ഷം ജനങ്ങഠം വീതമുണ്ടു്. ഓരോ വികസന പദ്ധതിയിലും മൂന്നു വഷംകൊണ്ടു 65 ലക്ഷം രൂപാ ചെലവാകും. എന്നാൽ വികസനബ്ലോക്കുകളിൽ ഇത്രയേറെ ജനസംഖ്യയോ ഇത്രയും വലിയ ചെലവോ ഉണ്ടാവുകയില്ല. ഉദ്ദേശം 66000 ജനങ്ങഠം നിവസിക്കുന്ന ചെറിയ പ്രദേശങ്ങളായിരിക്കും ബ്ലോക്കുകളായി തിരഞ്ഞെടുക്കുന്നത്. ഓരോ ബ്ലാക്കിലും മൂന്നു വഷംകൊണ്ടു 7.5 ലക്ഷം രൂപാ ചെലവാക്കുന്നതാണ്. ചെറിയ ചെറിയ പ്രദേശങ്ങഠം എടുത്തു് പ്രത്യേകം പ്രത്യേകം വികസനപ്രവത്തനങ്ങഠം നടത്തുന്നതായിരിക്കും കൂടുതൽ പ്രയോജനപ്രദമെന്നു് ഒരു വഷത്തെ പദ്ധതി പ്രവത്തനംകൊണ്ടു ബോദ്ധ്യമായിട്ടുണ്ടു്. 1953–ൽ കുട്ടനാടു, അഗസ്തീശ്വരം, തിരുവല്ലാ, മൂവാററുപുഴ എന്നീ ബ്ലോക്കുകഠം ആരംഭിച്ചു. മാവേലിക്കര, പുളിക്കീഴ്, ഉഴവൂർ, ചിററൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഈ വഷത്തിൽ 5 ബ്ലോക്കുകഠംകൂടി ആരംഭിച്ചിട്ടുണ്ടു്. ഇതിൽ കുട്ടനാടു് മാത്രം 15 ലക്ഷം രൂപയുടേയും ബാക്കിയെല്ലാം ഏഴരലക്ഷംരൂപയുടേയും ബ്ലോക്കുകളാണ്. ഏററവും അധികം പൊതുജന സഹകരണം ഏതെല്ലാം ബ്ലോക്കുകളിൽ ലഭിക്കുന്നുവോ അവയെല്ലാം പിന്നീട് പതിനഞ്ചു ലക്ഷം രൂപാ ചെലവുവരുന്ന ബ്ലോക്കുകളായി മാറുന്നതായിരിക്കും. ഒരു ബ്ലോക്കിൽ ചിലവാകുന്ന തുക, ഏഴരലക്ഷം രൂപാ, വലിയൊരു സംഖ്യയല്ല. എന്നാൽ ആ ചെറിയ തുക പ്രയോജനപ്പെടുത്തി വലിയ കാര്യങ്ങഠം ചെയ്യാൻ ജനങ്ങഠംക്കു സാധിക്കും. അങ്ങനെയുണ്ടാകുന്ന നേട്ടങ്ങഠംക്കു വിലയിട്ടാൽ അതു ഗവമ്മേൻറ് ചെലവാക്കിയ തുകയുടെ എത്രയോ ഇരട്ടിയായിരിക്കും. അതാണ് ഈ പരിപാടികളുടെ വിജയത്തിന്റെ കുറികോൽ.

സാമൂഹ്യവികസനപദ്ധതികളുടെയും ബ്ലോക്കുകളുടേയും പ്രവത്തനലക്ഷ്യങ്ങളും മാഗ്ഗങ്ങളും എന്തെന്നു സാമാന്യമായി നാം കണ്ടുകഴിഞ്ഞു. ഇനി പ്രവത്തനങ്ങഠം ഒന്നൊന്നായി പരിശോധിക്കാം.

## കുന്നത്തുനാട്—ചാലക്കുടി
## സാമൂഹ്യ വികസനപദ്ധതി

1952 ഒക്ടോബർ 2—ാംനു-യാണ് ഈ പദ്ധതി ഉൽഘാടനം ചെയ്തതു്. 458 ച. മൈ. സ്ഥലം ഉൾപ്പെട്ട 82 ഗ്രാമങ്ങൾ ഈ പദ്ധതി പ്രദേശത്തുണ്ട്. ഇതു 3 വികസനാബ്ലോക്കുകളായി തിരിച്ചിരിക്കുന്നു. ഓരോ ബ്ലോക്കിൻേറയും വിസ്തൃതിയും അവിടുത്തെ ജനസംഖ്യയും താഴെക്കാണും പ്രകാരമാണ്.

| | വിസ്തൃതി ച. മൈ. | ജനസംഖ്യ ലക്ഷം. |
|---|---|---|
| ഒന്നാംബ്ലോക്കു | 211 | 2.25 |
| രണ്ടാംബ്ലോക്കു | 122 | 1.85 |
| മൂന്നാംബ്ലോക്കു | 125 | 3.56 |
| | 458 | 7.66 |

പദ്ധതി പ്രദേശ്ത്തു 57 പഞ്ചായത്തുകളാണുള്ളതു.

ഈ പദ്ധതിയിൽപ്പെട്ട പ്രദേശം ഭൂസ്ഥിതിയനുസരിച്ച് 3 ഇനമായി തിരിക്കാം.

1. തീരദേശം.
2. ഇടനാട്.
3. കുന്നിൻപ്രദേശം.

### 1. തീരദേശം

സമുദ്രത്തോടടുത്തുകിടക്കുന്ന ഈ പ്രദേശത്തെ ജനസംഖ്യ ച. മൈ. ഒന്നിനു 3000 ആണ്. ഇവിടെ നാളികേരം സമൃദ്ധിയായി ഉണ്ടാകുന്നു. തേങ്ങാ, തൊണ്ട്, ഓല എന്നിവയെ ആശ്രയിച്ചുള്ള കുടിൽവ്യവസായങ്ങളിലും മീൻപിടുത്തത്തിലും ഏപ്പെട്ടിരിക്കുന്നവർ ആണ് അധികവും.

### 2. ഇടനാട്

പെരിയാർ, ചാലക്കുടി എന്നീ നദീതടപ്രദേശങ്ങൾ ഉൾപ്പെട്ടതാണിത്. ജനസംഖ്യ ച. മൈ. ഒന്നിന് 1500 ഓളം വരും. ഇവിടെ നെൽകൃഷിയാണ് പ്രധാനം. തെങ്ങ്, കമുക്, മരച്ചീനി തുടങ്ങിയ കൃഷികളും പ്രധാനപ്പെട്ടവയാണ്. ചാലക്കുടി ജലസേചനപദ്ധതിയും, പല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഈ പ്രദേശത്തെ കൃഷിക്ക് പ്രയോജനപ്പെടുന്നു. ഈ പദ്ധതിപ്രദേശത്തെ കന്നുകാലിസമ്പത്തും കൂടുതൽ ഇന്നാട്ടിലാണ്. പനമ്പ് നെയ്ത്തിൽ ധാരാളമാളുകൾ ഏപ്പെട്ടിരിക്കുന്നു. വളരെയധികം വികസനസാധ്യതയുള്ള ഒരു കുടിൽ വ്യവസായമാണ് പനമ്പ്നെയ്ത്തു്.

### 3. കുന്നിൻപ്രദേശം

ഇവിടെ താരതമ്യേന ജനസംഖ്യ കുറവാണ്. മരിച്ചീനികൃഷിക്കാണ് പ്രാധാന്യം. കുരുമുളക്, തൈലപ്പുല്ല് തുടങ്ങിയ വാണിജ്യവി

ളകളും ഈ പ്രദേശത്ത് ധാരാളമുണ്ട്. ചരിവുകളിൽ നെൽകൃഷിയും ചെയ്തുവരുന്നു.

## കാർഷിക വികസനപദ്ധതി

പദ്ധതിയാരംഭിച്ച 1952–ൽ ഇരിഞ്ഞാലക്കുടയും, പറവൂരും കൃഷി പരിജ്ഞാനം സിദ്ധിച്ചവരുടെ കീഴിൽ രണ്ടു കാർഷികകേന്ദ്രങ്ങൾ പ്രവർത്തനം നടത്തിവന്നിരുന്നു. ചാലക്കുടി, അങ്കമാലി, ആലുവാ എന്നീ സ്ഥലങ്ങളിൽ 10,000 രൂപാവീതം മുടക്കി ഓരോ കാർഷികകേന്ദ്രം കൂടി പുതുതായി തുടങ്ങാൻ പദ്ധതിയിൽ വ്യവസ്ഥചെയ്തു. അതിൽ ചാലക്കുടിയിലും അങ്കമാലിയിലും ഉള്ള കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആലുവായിൽ കാർഷികകേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പറവൂർ കൂടി ഒരു കേന്ദ്രം തുടങ്ങാൻ പുതുക്കിയ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലെല്ലാം വികസനപ്രവർത്തനങ്ങൾ നടത്തുന്നത് കൂടാതെ അവിടെനിന്നു നല്ലയിനം വിത്തും, വളവും, കൃമിനാശകഔഷധങ്ങളും വിതരണംചെയ്യുന്നു. ഇതേവരെയായി 6039 പറ വിത്ത് നെൽകൃഷിക്കാരുടെയിടക്ക് വിതരണം ചെയ്തിട്ടുണ്ട്. വിതരണത്തിന് നല്ല വിത്തു കിട്ടുവാനുള്ള വിഷമതയാണ് ഇപ്പോഴുള്ളത്. കേന്ദ്രത്തിൽനിന്നും നല്ല വിത്തു വാങ്ങി കൃഷിചെയ്യുന്നവർ മൂന്നിരട്ടി വിത്തു കൃഷി കഴിഞ്ഞ് കേന്ദ്രത്തിന് വിലയ്ക്കു് നൽകണമെന്ന് വ്യവസ്ഥചെയ്തിരിക്കുന്നു. നല്ല വിത്തിൻെറ ദൗർല്ലഭ്യം പരിഹരിക്കാൻവേണ്ടി കൈക്കൊണ്ടിട്ടുള്ള ഒരു നടപടിയാണ് ഇത്. നല്ല മലക്കറി വിത്തുകളും കേന്ദ്രത്തിൽനിന്ന് വിതരണം ചെയ്യുന്നുണ്ട്.

## വളം

കൃഷിവികസനത്തിന് നല്ല വിത്തുപോലെതന്നെ ആവശ്യമുള്ളതാണ് നല്ല വളവും. നമ്മുടെ കൃഷിസ്ഥലങ്ങളിൽ ശരിയായി വളമുപയോഗിക്കാത്തതാണ് വിളവു കുറയുവാനുള്ള ഒരു കാരണം. നല്ല വളം വിതരണംചെയ്യുന്നതിനും കമ്പോസ്റ്റ്വളവും പച്ചിലവളവും കൃഷിക്കാർ തന്നെ തയ്യാറാക്കി വേണ്ടതുപോലെയുപയോഗിച്ച് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും സാമൂഹ്യവികസനപദ്ധതി കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നു. കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും വളം ഏററവാങ്ങി പദ്ധതിപ്രദേശത്ത് കാർഷികകേന്ദ്രത്തിൽനിന്നും വില്പന നടത്തിവരുന്നു. കൂടാതെ പദ്ധതിയിൽനിന്ന് നേരിട്ട് അമോണിയം സൾഫേററ് തുടങ്ങിയ വളങ്ങൾ വിതരണം ചെയ്യുന്നുമുണ്ട്. ഇതേവരെയായി കുന്നത്തുനാട്–ചാലക്കുടി സാമൂഹ്യവികസനകേന്ദ്രത്തിൽനിന്നും 6047 ഹൺഡ്രഡ്വെയിററ് വളം വിതരണം ചെയ്തു. ജലസേചനത്തിനുവേണ്ടി വെട്ടുന്ന തോടുകളുടെ ഇരുവശങ്ങളിലും പച്ചില വളത്തിനുപയോഗിക്കാവുന്ന ചെടികൾ നടാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. ഗ്രാമസേവകരുടെ പ്രേരണാഫലമായി പദ്ധതിപ്രദേശത്ത് ജനങ്ങൾ 2515 കമ്പോസ്റ്റ് കുഴികൾ പണി തീർത്തിരിക്കുന്നു.

## കൃമിനാശക ഔഷധങ്ങൾ

നെല്ലിനും തെങ്ങിനുമെല്ലാം ഓരോ വിധത്തിലുള്ള രോഗം ബാധിച്ച് അവ നശിച്ചുപോകുന്നത് നമ്മുടെ നാട്ടിൽ സാധാരണ അനുഭവപ്പെട്ടുവരുന്ന ഒരു കാര്യമാണ്. നെൽപ്പാടങ്ങളിൽ ചാഴി വീണും കൃമികൾ ബാധിച്ചും നാശനഷ്ടങ്ങൾ സംഭവിക്കുന്നു. നല്ല വിത്തും നല്ല വളവും വിതരണം ചെയ്താലും ഇത്തരം രോഗനിവാരണപ്രവർത്തനങ്ങൾ പ്രചരിപ്പിക്കാതെ കൃഷിവികസനം സാധ്യമാകുന്നതല്ല. അതുകൊണ്ടാണ് പദ്ധതിപ്രദേശത്ത് കൃമിനാശകപ്രവർത്തനങ്ങൾക്കായി 19,000 രൂപാ അനുവദിച്ചിട്ടുള്ളത്. ഇതിനുവേണ്ട ഔഷധങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതു നാട്ടുകാർക്കു വലിയൊരു അനുഗ്രഹമായിത്തീർന്നിട്ടുണ്ട്. ഇതേവരെയായി 446 ഹൺഡ്രഡ്‌വെയിറ്റോളം ഔഷധങ്ങൾ പദ്ധതിപ്രദേശത്ത് വിതരണം ചെയ്തു. നെൽകൃഷിക്കും തെങ്ങിൻതോപ്പിനും ഇതുകൊണ്ട് വളരെയേറെ പ്രയോജനം സിദ്ധിച്ചിട്ടുണ്ട്.

## മാതൃകാപ്രവർത്തനങ്ങൾ

ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്താലുണ്ടാകുന്ന പ്രയോജനങ്ങളെപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ മാത്രമേ അതനുകരിക്കുവാനുള്ള ആഗ്രഹം അവരിൽ ഉളവാക്കുവാൻ കഴിയൂ. നെല്ല്, മരച്ചീനി തുടങ്ങി പലതും ഇങ്ങനെ പദ്ധതി അധികൃതരുടെ മേൽനോട്ടത്തിൽ കൃഷി ചെയ്തു ജനങ്ങളെ മനസ്സിലാക്കുന്നുണ്ട്. 22 മാതൃകാനിലങ്ങളിൽ ജാപ്പനീസ് സമ്പ്രദായത്തിൽ കൃഷി ചെയ്ത് അതുകൊണ്ടുള്ള പ്രയോജനം ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാൻ കഴിഞ്ഞു. ജാപ്പനീസ് കൃഷിസമ്പ്രദായത്തേപ്പറ്റി 20,000 ലഘുലേഖകളും കർഷകരുടെയിടക്ക് വിതരണം ചെയ്തു. കൃഷിക്കാർക്കു കൃഷി സംബന്ധമായി എന്തെങ്കിലും ഉപദേശം ആവശ്യമുണ്ടെങ്കിൽ പ്രാജക്ടിലെ കാർഷിക ഉദ്യോഗസ്ഥന്മാരെ അറിയിച്ചാൽ അവർ എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കും. ജനങ്ങളും ഉദ്യോഗസ്ഥന്മാരും തമ്മിൽ കൂടുതൽ സമ്പർക്കം പുലർത്തുന്നതിനുവേണ്ടി ഓരോ സ്ഥലത്തും ചെറിയ കർഷകസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ കർഷകസംഘങ്ങൾ സമ്മേളിക്കുമ്പോൾ കാർഷിക ഉദ്യോഗസ്ഥന്മാർ സന്നിഹിതരായി ചർച്ചകളിൽ പങ്കെടുക്കുകയും ഉപദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ഭാരത കൃഷിഗവേഷണവകുപ്പിന്റെ ആഭിമുഖ്യത്തിൽ വളങ്ങൾ സംബന്ധിച്ച പരീക്ഷണങ്ങൾ നടത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ കൂട്ടത്തിൽ ഈ പദ്ധതി പ്രദേശവും ഉൾപ്പെടുന്നു. ഇതുവരെയായി ഇതുസംബന്ധിച്ച് 170 പരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. ഗ്രാമസേവകരും ഒരു ഗവേഷണഉദ്യോഗസ്ഥനും ചേർന്നാണ് ഈ പരീക്ഷണങ്ങൾ നടത്തുന്നത്.

## ജലസേചനം

പദ്ധതി പ്രദേശത്ത് 2 ലക്ഷം ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നുണ്ട്. ഇതിൽ 1,10,000 ഏക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നു. ചാലക്കുടി ജലസേചന പദ്ധതി പൂർത്തിയാകുമ്പോൾ 40,000 ഏക്കർ നിലത്തിന്നു ജലസേചനസൗകര്യം ലഭിക്കും. ഇപ്പോൾ 10,000 ഏക്കർ നിലത്തിൽ ചാലക്കുടിയിൽനിന്നു ജലസേചനം നിർവ്വഹിക്കുന്നുണ്ട്. ഗവമ്മെണ്ടിൽനിന്നും നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻപദ്ധതിമൂലം 9500 ഏക്കർ നിലത്തിനും പ്രയോജനം സിദ്ധിക്കുന്നു. കൂടാതെ പലരും സ്വന്തമായി ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തി ജലസേചനം നടത്തുന്നുണ്ട്.

പദ്ധതിപ്രദേശത്തു 2600 ഏക്കർ നിലത്തിൽകൂടി ലിഫ്റ്റ് ഇറിഗേഷൻവഴിയായി ജലസേചനം നടത്തുന്നതാണ്. പെരിയാർ നദീതീരപ്രദേശമായ ചൊവ്വര തെക്കും, മലയാററൂരും 73,100 രൂപാ ചെലവാക്കി രണ്ടു ലിഫ്റ്റ് ഇറിഗേഷൻപദ്ധതികൾ ആരംഭിക്കും. ഇത് 550 ഏക്കർ നിലത്തിന് പ്രയോജനപ്പെടും. പദ്ധതിപ്രദേശത്തെ ലിഫ്റ്റ്ഇറിഗേഷൻപദ്ധതിക്കു പൊതുവെ 3,10,000 രൂപാ ചെലവാക്കുന്നതാണ്. വില പലതവണകളായി അടച്ചുതീർക്കത്തക്കവിധം 120 ഇറിഗേഷൻ പമ്പുകൾ വ്യക്തികൾക്കും സഹകരണസംഘങ്ങൾക്കുമായി പദ്ധതിപ്രദേശത്തു വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതേവരെയായി 102 പമ്പുകൾ ഈ വ്യവസ്ഥയിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുമൂലം 1500 ഓളം ഏക്കർ നിലത്തിനു് പ്രയോജനം സിദ്ധിച്ചു. 120 പമ്പും പ്രയോഗത്തിൽ വന്നു കഴിയുമ്പോൾ 1800 ഏക്കർ നിലത്തിനു് പ്രയോജനപ്പെടും. ഇതിനെല്ലാം പുറമെ കുളങ്ങൾ, തോടുകൾ, ചിറകൾ മുതലായവ നന്നാക്കി ചെറുകിട ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്. ഇതിൻെറ പ്രാരംഭ ജോലികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

ജലസേചനസൗകര്യങ്ങൾക്കായി വിദ്യുച്ഛക്തി വിതരണം 50 മൈൽകൂടി നീട്ടുന്നതിന് 5 ലക്ഷം രൂപാ നീക്കിവെച്ചിരിക്കുന്നു. ഇതിൻെറ പ്രാരംഭപ്രവത്തനങ്ങളും പൂർത്തിയായിട്ടുണ്ട്.

കായൽ നികത്തി 600 ഏക്കർ സ്ഥലം വീണ്ടെടുത്തു നെൽകൃഷിക്കു ഉപയോഗിക്കാൻ കഴിയും. ഇതിന് 1,50,000 രൂപാ ചിലവാകും. ഇതുസംബന്ധിച്ച പ്രാരംഭപ്രവത്തനങ്ങളെല്ലാം തീർന്നിട്ടുണ്ട്. അടുത്തുതന്നെ പണികൾ പൂർത്തിയാകും. പദ്ധതിപ്രദേശത്ത് കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരത്തിൽ മററു സ്ഥലമൊന്നും തെളിച്ചെടുക്കാനില്ല.

## കൃഷിവായ്പകൾ

കൃഷിയുടെ പുരോഗതിയിൽ തടസ്സമായി നില്ക്കുന്ന മറെറാരു സംഗതി വളവും പണിയായുധങ്ങളും മററും വാങ്ങാൻ വേണ്ട മൂല

ഒരു 'അക്വിഡക്റ്റ്'



# പീച്ചി ജലസേചനപദ്ധതി

അണക്കെട്ടിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോൾ





ഉയരുന്ന കുന്ന്—വഴാനിയിലെ അണക്കെട്ടിന്റെ
പണി പുരോഗമിക്കുന്നു



പെരിങ്ങൽക്കുത്ത് ജലസംഭരണകേന്ദ്രവും ചീപ്പും



അതും ആ കൈകൾക്കിണങ്ങും—
എൻ. സി.സി. അംഗങ്ങളും നാട്ടുകാരും നെയ്യാററിൻകര വിളവംകോട് കമ്യൂണിററിപ്രോജക്ടിൽ

പെരിങ്ങൽക്കുത്ത് അണയുടെ പണിനടക്കുമ്പോൾ





അധ്വാനത്തിന്റെ
ആദ്യപാഠങ്ങൾ



“കണ്ണിന്നു കൗതുക”മുണ്ടാക്കുന്ന ഉണ്ണിക്കിടാങ്ങൾ. കമ്യൂണിററിപ്രോജക്ടിലെ വിനോദ പരിപാടികൾ



ശരീരമൊന്നു തണുത്തു

പുതുതായി തീർത്ത കുളിമുറികളും പൈപ്പും

കമ്യൂണിററിപ്രോജക്ടിൽ



മനസ്സിനുമുണ്ട് ഒരു കുളിർമ്മ

ശുദ്ധജലവിതരണത്തിനായി പ്രോജക്ട് പ്രദേശത്തു പുതുതായൊരു പമ്പ്



കടലുമായി മല്ലിട്ടു മടങ്ങിവരുന്ന മീൻപിടിത്തത്തൊഴിലാളികളെ സ്വാഗതം ചെയ്യാൻ സ്നേഹമുള്ള കുടുംബം മാത്രമല്ല, വെടിപ്പുള്ള വീടുമുണ്ട്. നെയ്യാററിൻകര വിളവംകോട് പ്രോജക്ട്.

ധനം കൃഷ്കർക്കില്ലാത്തതാണ്. കൈവശമുള്ളതും കടം കിട്ടുന്നതും ചിലവാക്കുക; പോരാതെ വരുമ്പോൾ ചെയ്യാനുള്ളതു ചെയ്യാതിരിക്കുക. ഇതാണ് കൃഷകരുടെ ഇന്നത്തെ സ്ഥിതി. ഈ നില മാററുന്നതിനു വേണ്ടി കൃഷിക്കാക്കു പദ്ധതിയിൽനിന്നും വായ്പകൾ നൽകാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. കൃഷകക്കു അനുകൂലമായ വ്യവസ്ഥകളിലാണ് ഈ വായ്പകൾ നൽകുന്നത്. ഇതേവരെയായി കുന്നത്തുനാട്–ചാലക്കുടി സാമൂഹ്യവികസനപദ്ധതിയിൽനിന്നും 79,025 രൂപാ കൃഷകക്കു വായ്പയായി നൽകിയിട്ടുണ്ട്.

## ഗോപരിപാലനം

കന്നുകാലികൾക്കു നമ്മുടെ ഗ്രാമീണസാമ്പത്തികസ്ഥിതിയിൽ ഒരു പ്രധാന സ്ഥാനം ഉണ്ട്. ഭാരതത്തിന്റെ ദേശീയവരുമാനത്തിന്നു അവ നൽകുന്ന പ്രതിവഷ സംഭാവന 10,000 കോടി രൂപയാണ്. മററു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കന്നുകാലികളിൽനിന്നും നമുക്കു കിട്ടുന്ന ആദായം വളരെ കുറവാണെന്നു പറയേണ്ടിയിരിക്കുന്നു. കന്നുകാലികളുടെ ഇനം നന്നാക്കാത്തതാണ് ഈ കുറവിന്റെ പ്രധാനമായ കാരണം. ശരിയായി ആഹാരം കൊടുക്കാത്തതും വേണ്ടതുപോലെ ശ്രദ്ധിക്കാത്തതും മററു കാരണങ്ങളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഭാരതഗവമ്മെണ്ട് സമാരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കേന്ദ്രഗ്രാമപദ്ധതി. രാജ്യമൊട്ടാകെ കേന്ദ്രഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് ഉദ്ദേശം. മൂന്നു വയസ്സിനു മേലുള്ള 500 പശുക്കൾവീതം ഉണ്ടായിരിക്കുന്നതും മൂന്നോ നാലോ ഗ്രാമങ്ങൾ ചേന്നതുമായ ഒരു പ്രദേശത്തിനാണ് കേന്ദ്രഗ്രാമം എന്നു പറയുന്നത്. ഈ പ്രദേശത്തു മൂന്നോ നാലോ നല്ല കാളകളെ സംരക്ഷിച്ച് അവയെക്കൊണ്ടു വംശോല്പാദനകൃത്യം നടത്തും. കൃത്രിമമായ ഗർഭോല്പാദനവും നടത്തുന്നതാണ്. വംശാവലിയുടേയും ക്ഷീരോല്പാദനത്തിന്റേയും രേഖകൾ സൂക്ഷിക്കുന്നതായിരിക്കും. ശരിയായി ഭക്ഷണം നല്കുന്നതിനും രോഗങ്ങൾ നിയന്ത്രിക്കുന്നതിനുംവേണ്ട മാർഗ്ഗങ്ങൾ നടപ്പാക്കുന്നതാണ്. കുന്നത്തുനാട്–ചാലക്കുടി പദ്ധതിപ്രദേശത്തു ഒരു കേന്ദ്രഗ്രാമം തുടങ്ങുവാനുള്ള നടപടികൾ പൂത്തിയായിട്ടുണ്ട്. ചാലക്കുടിയിലോ കൊടുങ്ങല്ലൂരോ ആയിരിക്കും ഈ കേന്ദ്രം ആരംഭിക്കുന്നത്. പശുക്കൾക്കു കൃത്രിമഗർഭോല്പാദനം നടത്തുവാനുള്ള ഓരോ കേന്ദ്രം ചാലക്കുടിയിലും അങ്കമാലിയിലും ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. പദ്ധതിക്കാലത്തു ഈ രണ്ടു കേന്ദ്രങ്ങൾക്കുമായി 22,000 രൂപാ ചെലവാക്കുന്നതാണ്. പശുക്കളുടെ ഇനം നന്നാക്കുവാനുള്ള കൃത്രിമഗർഭോല്പാദനപദ്ധതി നാട്ടുകാരുടെ ശ്രദ്ധയെ നല്ലവണ്ണം ആകഷിച്ചിട്ടുണ്ട്. 1215 പശുക്കൾക്കു ഈ കേന്ദ്രത്തിൽ ഇതിനകം കൃത്രിമഗർഭോല്പാദനം നടത്തി.

ഇപ്പോൾ ചാലക്കുടിയിലും അങ്കമാലിയിലും വിത്തുകാളകളെ സംരക്ഷിക്കുന്ന ഓരോ കേന്ദ്രം ഉണ്ട്. ഇത്തരം പത്തു കേന്ദ്രങ്ങൾകൂടി ഉടൻതന്നെ ആരംഭിക്കുന്നതുമാണ്.

കറവയില്ലാത്ത പശുക്കളെ സൂക്ഷിച്ചു സംരക്ഷിക്കുന്നതിന്ന് എല്ലാ സൗകര്യങ്ങളോടുംകൂടി ഒരു മേച്ചിൽസ്ഥലം ആരംഭിക്കുന്നതാണ്. ഇതിലേക്ക് തെരഞ്ഞെടുത്ത 101 ഏക്കർ സ്ഥലത്തു കെട്ടിടങ്ങളെല്ലാം പണിയുകയും കന്നുകാലിത്തീററക്കാവശ്യമായ പുല്ലു നട്ടുപിടിപ്പിക്കയും ചെയ്തു. ഈ കേന്ദ്രത്തിൻെറ പ്രവത്തനം ഇതിനകം ആരംഭിച്ചുകഴിഞ്ഞു. കറവ തീരുമ്പോ൦ പശുക്കളെ ഈ മേച്ചിൽസ്ഥലത്തേക്കു അയക്കാവുന്നതും വീണ്ടും ചന ഏല്ലുമ്പോ൦ തിരിച്ചുകൊണ്ടുപോകാവുന്നതുമാണ്.

പദ്ധതി ഉദ്യോഗസ്ഥന്മാർ 2170 കന്നുകാലികൾക്കു രോഗനിവാരണത്തിന്നുള്ള കുത്തിവെയ്പുകൾ നടത്തിയിട്ടുണ്ട്. പദ്ധതിപ്രദേശത്തെ കന്നുകാലികളുടെ ആരോഗ്യം സംരക്ഷിക്കുന്നകാര്യത്തിൽ പദ്ധതി പ്രത്യേകം നിഷ്ക്കർഷിച്ചുവരുന്നു.

## കോഴിവളത്തൽ

കോഴി, താറാവു് മുതലായവയെ വളർത്തുന്നത് നമ്മുടെ ഗ്രാമീണരുടെ ഇടക്ക് പ്രധാനപ്പെട്ട ഒരു ഉപവ്യവസായമാണ്. ഗ്രാമങ്ങളിലെ നിർദ്ധനരായ ജനങ്ങൾക്ക് ഒരു നല്ല ആദായമാർഗ്ഗമാണ് കോഴിവളത്തൽ. ധാരാളം പോഷകാംശമുള്ള ഒരു ആഹാരസാധനമാണ് മുട്ട. നമ്മുടെ ഗ്രാമങ്ങളിൽ സാധാരണ ഇനത്തിൽപെട്ട കോഴി വഷത്തിൽ 50 മുട്ടയേ ഇടുന്നുള്ളു. ഇവതന്നെ തീരെ ചെറിയവയാണുതാനും. നല്ലയിനം കോഴി സാധാരണ വഷത്തിൽ 100 മുട്ടവരെയിടാറുണ്ട്. ഇവയ്ക്കു് കൂടുതൽ വലിപ്പവും ഉണ്ടായിരിക്കും. കുന്നത്തുനാട്–ചാലക്കുടി സാമൂഹ്യ വികസനപദ്ധതിയുടെ ആഭിമുഖ്യത്തിൽ കോഴിവളത്തലിന്നു് പല വിധത്തിലും പ്രോത്സാഹനം നൽകിവരുന്നു. ചാലക്കുടി, അങ്കമാലി, ആലുവാ, പറവൂർ എന്നിവടങ്ങളിൽ മാതൃകാകോഴിവളത്തൽ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്. ചാലക്കുടിയിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിലയ്ക്കു് വിൽക്കുന്നു. ഇതേവരെയായി നല്ലയിനത്തിൽപ്പെട്ട 320 ഓളം കോഴിക്കുഞ്ഞുങ്ങളെ വിററിട്ടുള്ളതിനും പുറമെ 2750 ഓളം മുട്ടയും വിതരണം ചെയ്തിട്ടുണ്ട്: വൈററ്ലെഗോൺ, റോഡ്ഐലൻറ്റെഡ് എന്നീയിനം കോഴികളെയാണ് വളത്തുകയും വിൽക്കുകയും ചെയ്യുന്നത്. സ്കൂളുകളിൽ കുട്ടികളുടെയിടയ്ക്കു് കോഴികൃഷിയിൽ താല്പര്യമുണ്ടാക്കുന്നതിനു വേണ്ടി പദ്ധതിയുടെ ആഭിമുഖ്യത്തിൽ ക്ലബ്ബ്കൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ സമയം വ്യയം ചെയ്യാതെ പഠനത്തിനിടയ്ക്കുതന്നെ ഈ വിധത്തിൽ കുട്ടികൾക്ക് ഫീസിനും മററും വേണ്ട ആദായം ഉണ്ടാക്കാൻ കഴിയും. ഈ പദ്ധതി നമ്മുടെ നാട്ടിൽ കഴിവുള്ളിടത്തോളം വിദ്യാലയങ്ങളിൽ നടപ്പാക്കുന്നത് നന്നായിരിക്കും. പദ്ധതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്ലബ്ബ്കളിൽ ഓരോ അംഗത്തിനും ഒരു ജോടി നല്ലയിനം കോഴികളെയാണ് നൽകുന്നത്. കോഴിയുടെ വിലക്കുള്ള മുട്ട പന്നീടു ഏല്പിച്ചാൽ മതിയാകും. കഴിഞ്ഞ ജൂലൈ മാസംവരെ ഇത്തരം 6 ക്ലബ്ബ്കൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ആകെ 49 അംഗങ്ങളാണുള്ളത്. ജൂലൈവരെയായി ഈ 6 ക്ലബ്ബ്കളിലും കൂടി 1400 മുട്ട കിട്ടിയിട്ടുണ്ട്.

പദ്ധതിയിൽനിന്നും നടത്തിയിട്ടുള്ള രോഗനിവാരണ പ്രവത്തനങ്ങൾമൂലം ഇതേവരെയായി 2000ത്തോളം കോഴികളെ രക്ഷിക്കാൻ കഴിഞ്ഞു.

## പന്നിവളത്തൽ

ചാലക്കുടിയിൽ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഒരു പന്നിവളത്തൽ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. വളരെയധികം വികസനസാദ്ധ്യതയുള്ള ഒരു പരിപാടിയാണ് ഇത്.

## മത്സ്യവ്യവസായവികസനം

പദ്ധതി പ്രദേശത്തിൻെറ ഏതാനും ഭാഗം കടൽത്തീരത്തോട് ചേന്നു കിടക്കുന്നതാണെന്നു പറഞ്ഞുവല്ലോ. ഇവിടെ ഒരു വലിയവിഭാഗം ജനങ്ങൾ മത്സ്യവ്യവസായത്തിൽ ഏപ്പെട്ടിരിയ്ക്കുന്നു. അന്നന്നു പിടിയ്ക്കുന്ന മത്സ്യം ശരിയായി ഉണക്കി സൂക്ഷിയ്ക്കുവാൻ വേണ്ട സൌകര്യങ്ങൾ വളരെ കുറവായിട്ടേ ഇപ്പോഴുള്ളു. അതുകൊണ്ട് മത്സ്യം ഉപ്പു പുരട്ടി ഉണക്കുവാൻ വേണ്ട സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം പണിയാൻ പദ്ധതിയിൽനിന്നും നടപടി നടത്തിവരുന്നു. കെട്ടിടത്തിൻെറ പണി ആരംഭിച്ചിട്ടുണ്ട്. തീരദേശത്തുള്ള മീൻപിടുത്തക്കാക്ക് ഇതു വളരെയധികം പ്രയോജനപ്പെടുന്നതുമാണ്.

## ആരോഗ്യരക്ഷാപ്രവത്തനങ്ങൾ

പദ്ധതിപ്രദേശത്തെ ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ പദ്ധതി പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിവിധപരിപാടികൾക്കായി 8.12 ലക്ഷം രൂപ ചെലവാക്കുന്നതുമാണ്. ശുദ്ധജലവിതരണം, ഗ്രാമശുചീകരണം, ചികിത്സാസൌകര്യങ്ങൾ, ഭവനനിമ്മാണം എന്നീ കാര്യങ്ങൾ പരിപാടിയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു.

## ശുദ്ധജലവിതരണം

തീരപ്രദേശത്തു മിയ്ക്കവാറും ഓരു വെള്ളമാണ് കുടിക്കാൻ കിട്ടുന്നത്. ഇത് ജനങ്ങളുടെ ആരോഗ്യത്തിന്നു ഹാനികരമായതുകൊണ്ട് അവിടെ പലയിടങ്ങളിലായി 20 കുഴൽക്കിണറുകൾ കുഴിക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു. യന്ത്രസാമഗ്രികൾക്കും കിണറുകൾ കുഴിക്കുന്നതിന്നുമായി 353,000 രൂപാ ചെലവാകും. ചെറായിയിൽ ഇതിനകംതന്നെ ഒരു കുഴൽക്കിണർ സ്ഥാപിച്ചുകഴിഞ്ഞു. യന്ത്രങ്ങൾ വന്നുചേരുന്നതോടെ ബാക്കി കുഴൽക്കിണറുകളും ഒരു വഷത്തിനകം പൂത്തിയാകും.

## കിണറുകൾ

പദ്ധതിപ്രദേശത്തു മററു ഭാഗങ്ങളിൽ ശുദ്ധജലം ലഭിയ്ക്കുന്നതിന് 96 കിണറുകൾ പണിയുന്നതാണ്. പണിയാരംഭിച്ച കിണറുകളിൽ 47 എണ്ണം ഇതിനകം പൂത്തിയായിക്കഴിഞ്ഞു.

## ഗ്രാമശുചീകരണം

കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനത്തിനുവേണ്ട സൌകര്യമില്ലാതെ അനാരോഗ്യകരമായ ചുറ്റുപാടുകളുണ്ടായിക്കൊണ്ടിരുന്നു. ധാരാളം പേർക്ക് ഉപയോഗിയ്ക്കാവുന്ന രീതിയിൽ 10 കക്കൂസുകൾ ഇതിനകം പദ്ധതിയിൽനിന്നും കെട്ടിയിട്ടുണ്ട്. അതുപോലെതന്നെ നദീതീരങ്ങളിൽ ആളുകൾക്കു കുളിയ്ക്കുവാനും കന്നുകാലികളെ കുളിപ്പിയ്ക്കുവാനും ഉള്ള സൌകര്യങ്ങൾ പല സ്ഥലത്തും കുറവാണ്. വർഷകാലത്തു കടവുകൾ ഇടിഞ്ഞുപോകുന്നതുകൊണ്ട് നദികളിൽ കുളിയ്ക്കുവാൻ ഇറങ്ങുന്നവർക്ക് അപകടംകൂടാതെ തിരിച്ചുകയറാൻ പ്രയാസമായിരുന്നു. കന്നുകാലികളെ ഇറക്കുവാൻ അതിലും കൂടുതൽ വിഷമത അനുഭവിച്ചുപോന്നു. മിയ്ക്കവാറും സ്ഥലങ്ങളിൽ മനുഷ്യർക്കും കന്നുകാലികൾക്കും ഓരോററക്കടവേ ഉണ്ടായിരുന്നുമുള്ളു. പദ്ധതിയിൽനിന്നു 17 സ്നാനഘട്ടങ്ങൾ ഇതിനകം പണിയിച്ചുകഴിഞ്ഞു. പല സ്ഥലങ്ങളിലായി ഇനിയും 7 എണ്ണംകൂടി പണികഴിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. അടുത്തുതന്നെ ഇവയുടെ പണി പൂർത്തിയാക്കുന്നതാണ്. ഇതിനെല്ലാംകൂടി 75,000 രൂപാ ചെലവാകും.

## ചികിത്സാസൌകര്യങ്ങൾ

പദ്ധതിപ്രദേശത്തു ആകെ 6 ആശുപത്രികളും 8 ഡിസ്പെൻസറികളുമാണുണ്ടായിരുന്നതു. ചികിത്സാസൌകര്യത്തിന്നുവേണ്ടി വളരെ ദൂരം നടന്ന് ആശുപത്രികളിൽ ചെന്നെത്തുക ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് എളുപ്പമല്ല. അതുകൊണ്ടു ഗ്രാമങ്ങളിൽ കൂടുതൽ ചികിത്സാസൌകര്യങ്ങൾക്കുവേണ്ട പരിപാടിഠ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കുന്നത്തുനാടു-ചാലക്കുടി പദ്ധതിപ്രദേശത്ത് ഉണ്ടായിരുന്ന ആശുപത്രികളിൽ ചാലക്കുടി ആശുപത്രി ഒരു സെക്കണ്ടറി ആരോഗ്യകേന്ദ്രമായി മാററുകയും 3 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾകൂടി പണിയിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ആരോഗ്യകേന്ദ്രങ്ങളുടെ പണിയ്ക്ക് ജനങ്ങളിൽനിന്നും പല വിധത്തിലുള്ള ഒട്ടധികം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ ഓരോ കേന്ദ്രത്തിലും 12 പേരേ വീതം കിടത്തി ചികിത്സിക്കുവാനുള്ള സൌകര്യമുണ്ട്. ഈ മൂന്നു പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പണിയ്ക്കു വേണ്ടി 135000 രൂപാ ഗവമ്മേൻറും 30000 രൂപാ ജനങ്ങളും ചെലവാക്കി.

ഭവനനിർമ്മാണം സംബന്ധിച്ച ഒരു പദ്ധതി ഗവമ്മേൻറിൻെറ ആലോചനയിൽ ഇരിയ്ക്കുകയാണ്.

## വിദ്യാഭ്യാസം

പദ്ധതിപ്രദേശത്ത് 334 പ്രാഥമികവിദ്യാലയങ്ങളും 123 ഹൈസ്കൂൾ-മിഡിൽ സ്കൂൾ സ്ഥാപനങ്ങളും ഒരു കാളേജുമാണ് ഉണ്ടായിരുന്നത്. വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാലയങ്ങളിൽ പോകാൻ

ഒന്നൊന്നര മൈലിൽ കൂടുതൽ നടക്കേണ്ട ആവശ്യമില്ല. പ്രാഥമിക വിദ്യാലയങ്ങളുടെ കുറവ് തിരുവിതാംകൂർ–കൊച്ചിയിൽ ഒരു സ്ഥലത്തും തന്നെ ഇല്ലെന്നു പറയാം. കുന്നത്തുനാട്–ചാലക്കുടി പദ്ധതി പ്രദേശത്തും കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടാക്കുകയെന്നതല്ല പ്രധാന പരിപാടി. പ്രാഥമികവിദ്യാലയങ്ങൾ അടിസ്ഥാന വിദ്യാലയങ്ങളാക്കുക, ട്രേഡ് സ്കൂളുകൾ സ്ഥാപിക്കുക, ഹൈസ്കൂളുകളിൽ കരവേലകൾ പഠിപ്പിക്കുക, സാമൂഹ്യവിദ്യാഭ്യാസം പ്രചരിപ്പിക്കുക, ഗ്രന്ഥശാലകളും ക്ലബ്ബുകളും മററും സംഘടിപ്പിക്കുക ഇതിലെല്ലാമാണ് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നത്.

## വിദ്യാലയങ്ങൾ

എഴുത്തും വായനയും പഠിപ്പിക്കുന്നതോടൊപ്പം പ്രയോജനകരമായ ചില തൊഴിലുകൾകൂടി പരിശീലിപ്പിക്കുകയെന്നതാണ് അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശം.

തല്ക്കാലം 10 പ്രാഥമിക വിദ്യാലയങ്ങൾ അടിസ്ഥാന വിദ്യാലയങ്ങളാക്കി മാററിയിട്ടുണ്ട്. ഇതിന് പദ്ധതിയിൽനിന്നും 60000 രൂപാ ചെലവാകുന്നതാണ്. ക്രമേണ പദ്ധതിപ്രദേശത്ത് ഇന്നുള്ള പ്രാഥമിക വിദ്യാലയങ്ങൾ അടിസ്ഥാന വിദ്യാലയങ്ങളാക്കി മാററണമെന്നതാണ് ലക്ഷ്യം.

ആവശ്യമായ ഉപകരണങ്ങളില്ലാത്ത ഹൈസ്കൂളുകൾക്കും മിഡിൽ സ്കൂളുകൾക്കും അവ വാങ്ങുന്നതിന് പദ്ധതിയിൽനിന്നും സഹായധനം നല്കുന്നതാണ്. 30000 രൂപയാണ് ഇതിലേക്കുവേണ്ടി പദ്ധതിയിൽ നിന്നും ചെലവാക്കുന്നത്. പല വിദ്യാലയങ്ങൾക്കും ഇതനുസരിച്ചുള്ള സഹായധനം നല്കിക്കഴിഞ്ഞു.

ഹൈസ്കൂൾക്ലാസുകളിൽ ചില കരകൗശലവിദ്യകൾകൂടി അഭ്യസിപ്പിക്കുവാനുള്ള ഒരു പരിപാടി സാമൂഹ്യവികസനപദ്ധതിയിൽനിന്നും ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലഭിക്കുന്ന വിദ്യാഭ്യാസത്തോടൊപ്പം ചില ഉപജീവനകലകളിൽക്കൂടി പരിശീലനം നല്കണമെന്നതാണ് ഇതിൻെറ ഉദ്ദേശം. ഇതു സംബന്ധിച്ച പ്രാരംഭനടപടികൾ പൂർത്തിയായിട്ടുണ്ട്.

## സാമൂഹ്യവിദ്യാഭ്യാസം

വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത പ്രായമായ ആളുകളെ എഴുത്തും വായനയും പഠിപ്പിക്കുകയും അവക്ക് പൊതുവിജ്ഞാനം ഉണ്ടാക്കികൊടുക്കുകയും ചെയ്യുന്നതിനുവേണ്ടി പദ്ധതിപ്രദേശത്ത് പല സ്ഥലത്തും നിശാപാഠശാലകൾ നടത്തുന്നുണ്ട്. ഈ പാഠശാലകൾക്കു വേണ്ട ഉപകരണങ്ങൾ പദ്ധതിയിൽനിന്നും നല്കുന്നു. അതതു പ്രദേശത്തെ അഭ്യസ്തവിദ്യർതന്നെ ഈ നിശാപാഠശാലകളിൽ പഠിപ്പിക്കുന്നു. 31 വയോജന വിദ്യാലയങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ചെറുപ്പ

കാലത്ത് വിദ്യാഭ്യാസം ലഭിക്കാതെപോയ ഒട്ടധികം ആളുകൾക്ക് ഈ വയോജനവിദ്യാലയങ്ങൾ പ്രയോജനപ്പെടുന്നു. അങ്ങനെ ഉത്തമപൗരന്മാരെ സൃഷ്ടിക്കുന്നതിനുവേണ്ടി പദ്ധതി മഹത്തായ ഒരു സേവനം നിർവ്വഹിച്ചുവരുന്നു.

ജനങ്ങളുടെയിടയ്ക്കു് വിജ്ഞാനവും വിനോദവും വിതരണംചെയ്യുന്നതിൽ റേഡിയോയ്ക്കു് വലിയൊരു പങ്കുണ്ട്. ഒട്ടധികമാളുകൾക്ക് പ്രയോജനപ്പെടത്തക്കവണ്ണം സാമൂഹ്യ റേഡിയോകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ കുന്നത്തുനാട്—ചാലക്കുടി വികസനപദ്ധതി വിജയകരമായി പ്രവർത്തിച്ചിട്ടുണ്ട്. ഇതിനകം 20 സാമൂഹ്യ റേഡിയോകേന്ദ്രങ്ങൾ വിവിധഭാഗങ്ങളിലായി ആരംഭിച്ചിരിക്കുന്നു. ഇത്തരം 5 കേന്ദ്രങ്ങൾ കൂടി ഉടനേതന്നെ തുടങ്ങുന്നതുമാണ്.

നമ്മുടെ നാട്ടിൻപുറങ്ങളിൽ വിനോദകേന്ദ്രങ്ങൾ പ്രായേണ കുറവാണ്. പകൽ മുഴുവൻ പണിയെടുക്കുന്ന ഗ്രാമീണർക്ക് വിശ്രമവേളകളിൽ ഒന്നിച്ചു കൂടുവാനുള്ള സ്ഥലമോ അവരുടെ വിനോദത്തിനുവേണ്ട സാഹചര്യങ്ങളോ ഇല്ലാത്തതുകൊണ്ട് തീരെ വിരസമായൊരു ജീവിതം നയിക്കാൻ അവർ നിർബ്ബന്ധിതരായിത്തീരുന്നു. ജീവിതത്തിൽ ലാളിത്യമെന്നുള്ളതു് അറിയുവാൻ അവർക്ക് വേണ്ടതുപോലെ അവസരം ലഭിച്ചിരുന്നില്ല. വിശ്രമവേളകളിൽ ജനങ്ങൾക്ക് ഒന്നിച്ചുകൂടുവാനും വിനോദങ്ങളിൽ ഏർപ്പെടുവാനും വേണ്ടി പദ്ധതിപ്രദേശത്ത് വിനോദാലയങ്ങൾ പണികഴിപ്പിക്കുന്നതാണ്. പലതിന്റേയും പണി ഇതിനകം തീർന്നിട്ടുണ്ട്. പല ഗ്രാമങ്ങളിലും വ്യായാമകേന്ദ്രങ്ങളും ഏർപ്പെടുത്തിയിരിക്കുന്നു. മത്സരക്കളികൾ, പ്രസംഗമത്സരം തുടങ്ങി പല പരിപാടികളും പദ്ധതിയിൽനിന്ന് നടത്താറുണ്ട്.

## വായനശാലകൾ

പദ്ധതിപ്രദേശത്ത് ആകെ 173 ഗ്രാമീണവായനശാലകളാണുള്ളത്. വായനശാലകളിൽ കൃഷി, കന്നുകാലിവളർത്തൽ തുടങ്ങിയവയേപ്പറ്റി പ്രതിപാദിക്കുന്ന പുസ്തകങ്ങളും മററു ഗ്രന്ഥങ്ങളും വാങ്ങിക്കുന്നതിനായി പദ്ധതിയിൽനിന്നും 6100 രൂപയോളം ഇതിനകം നല്കിയിട്ടുണ്ട്. 9000 രൂപാകൂടി ഇതിനായി ചെലവാക്കുന്നതാണ്.

പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഗ്രാമപ്രദേശങ്ങളിൽ സിനിമാപ്രദർശനങ്ങൾ നടത്തിവരുന്നു. വിജ്ഞാനത്തിനും വിനോദത്തിനും ഒരുപോലെ വക നല്കുന്നതാണ് ഇത്.

ശിശുസംരക്ഷണകേന്ദ്രങ്ങൾ, മഹിളാലയങ്ങൾ എന്നിവയ്ക്കായി 40,000 രൂപാ അനുവദിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രവർത്തനപരിപാടികൾ തയ്യാറാക്കിക്കഴിഞ്ഞിരിക്കുന്നു. സ്ഥലത്തെ വിദ്യാലയങ്ങളിൽ സ്കൗട്ട്പ്രസ്ഥാനം വികസിപ്പിക്കാൻവേണ്ട നടപടികളും കൈക്കൊണ്ടിരിക്കുന്നു.

## സഞ്ചാരസൌകര്യം

മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് തിരുവിതാംകൂർ-കൊച്ചിയിൽ പൊതുവേ വളരെക്കൂടുതൽ സഞ്ചാരസൗകര്യമുണ്ട്. ഒരു ച. മൈൽ സ്ഥലത്ത് ശരാശരി ഒന്നര മൈലോളം റോഡാണ് ഈ സംസ്ഥാനത്തുള്ളത്. എങ്കിലും ഗ്രാമങ്ങളിൽ കൂടുതൽ റോഡുകൾ വെട്ടുകയും ഉള്ള റോഡുകൾ നന്നാക്കുകയും ചെയ്യുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും. കുന്നത്തുനാട്-ചാലക്കുടി പദ്ധതി പ്രദേശത്ത് 100 മൈൽ റോഡും 30 കലുങ്കുകളും 10 പുതിയ പാലങ്ങളും പുതുതായി പണിയാനും ചില തോടുകൾ നന്നാക്കുവാനും ആണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതിൽ റോഡ് ഏതാണ്ട് 100 മൈലോളംതന്നെ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കു വേണ്ട സ്ഥലവും ചെലവിൻെറ മൂന്നിലൊന്ന് ഭാഗവും ജനങ്ങൾ സംഭാവനചെയ്തതാണ്. പദ്ധതിയിൽനിന്നും റോഡുപണിക്ക് 5 ലക്ഷത്തോളം രൂപാ ചെലവാക്കിയിട്ടുണ്ട്. കലുങ്കുകൾക്ക് ഓരോന്നിനും 3000 രൂപായും പാലങ്ങൾക്ക് ഒന്നര ലക്ഷത്തോളം രൂപായും ചിലവുവരും. പദ്ധതിപ്രദേശത്തെ സഞ്ചാരസൗകര്യം ഗണ്യമായ തോതിൽ വദ്ധിപ്പിക്കാൻ ഇതിനകം സാധിച്ചിരിക്കുന്നു. മററു പരിപാടികൾക്കെന്നപോലെ റോഡുനിർമ്മാണത്തിനും ജനങ്ങൾ നല്കിയിട്ടുള്ള സഹകരണം പ്രത്യേകം പ്രസ്താവ്യമാണ്.

## കരകൗശലവേലകൾ

### 1 സാങ്കേതിക വിദ്യാലയങ്ങൾ

നമ്മുടെ ഗ്രാമീണരുടെയിടക്ക് തൊഴിൽപരമായ സാങ്കേതികവിജ്ഞാനം വളരെ കുറവാണ്. നൂതനസമ്പ്രദായങ്ങളിൽ തൊഴിൽ ചെയ്യുന്നതുകൊണ്ട് സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് ആളുകളെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടിൻപുറങ്ങളിലെ സാധനസാമഗ്രികൾ പ്രയോജനപ്പെടുത്തി പുതിയ രീതിയിൽ തൊഴിലുകൾ ചെയ്യാൻ ജനങ്ങൾക്ക് പരിശീലനം നല്കുന്നപക്ഷം കൂടുതൽ ആളുകൾക്ക് തൊഴിലുകളിൽ ഏപ്പെടുവാനുള്ള താല്പര്യമുണ്ടാകും. ഇതിനുവേണ്ടി പദ്ധതിയുടെ ആഭിമുഖ്യത്തിൽ പല സാങ്കേതിക വിദ്യാലയങ്ങളും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ചാലക്കുടിയിൽ ടാംവെവക്ക്ഷോപ്പിനോട് ചേർന്നാണ് ഈ സ്കൂൾ നടത്തുന്നത്. വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ നാലു പ്രാവശ്യം വക്ക്ഷോപ്പിൽ ജോലിയും ഒരു ദിവസം കണക്ക്, ഡ്രായിംഗ്, തൊഴിൽപരമായ തത്വങ്ങൾ തുടങ്ങിയവയിലുള്ള പരിശീലനവും നല്കും. ഇരുമ്പ്, പിച്ചള തുടങ്ങിയ ലോഹങ്ങൾ വാക്കൽ, ആശാരിപ്പണി, കരുവാൻപണി, യന്ത്രപ്പണി തുടങ്ങിയ ഏഴു തൊഴിലുകളിലായി 72 പേക്ക് ചാലക്കുടി ട്രേഡ് സ്കൂളിൽ പ്രവേശനം ഉണ്ടായിരിക്കും. ഇവിടെ പരിശീലനം നടത്തി പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിച്ചിട്ടുള്ള തൊഴിൽ പ്രയോജനപ്പെടുത്തി ജീവിതമാർഗ്ഗം നേടാൻ വിഷമമുണ്ടായിരിക്കയില്ല.

അടുത്തുതന്നെ മററു പല സാങ്കേതിക വിദ്യാലയങ്ങളും പദ്ധതി പ്രദേശത്ത് ആരംഭിക്കുവാനുള്ള പരിപാടികൾ പൂർത്തിയായിട്ടുണ്ട്. ഇതിലേക്ക് 375000 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

## കൈത്തറി

പദ്ധതിപ്രദേശത്തു കൈത്തറി നെയ്ത്തിൽ ഏർപ്പെട്ടുകഴിയുന്ന ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. സഹകരണസംഘങ്ങൾ മുഖേന അവക്ക് നൂൽ വിതരണം ചെയ്യുന്നപക്ഷം താരതമ്യേന കുറഞ്ഞ വിലക്ക് ബുദ്ധിമുട്ടുകൂടാതെ നൂൽ ലഭിയ്ക്കാൻ സാദ്ധ്യമാകും. ഇതിലേയ്ക്കു പദ്ധതിയിൽനിന്നും കൈത്തറിനെയ്ത്തുകാരുടെ സഹകരണസംഘങ്ങൾക്കു വായ്പ നല്കിവരുന്നു. കൂടാതെ കൈത്തറിത്തുണിയുടെ പ്രചാരം വർദ്ധിപ്പിയ്ക്കുന്നതിനുവേണ്ടി മാതൃകാരീതിയിലുള്ള ഒരു കൈത്തറിനെയ്ത്തുകേന്ദ്രവും ചെറിയതോതിൽ ഒരു കലണ്ടറിംഗ്യൂനിററും സ്ഥാപിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. കൊച്ചി കുടിൽവ്യവസായസഹകരണസംഘം മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നതു. 213000 രൂപാ ഇതിലേക്കു നീക്കിവെച്ചിരിയ്ക്കുന്നു.

പദ്ധതിപ്രദേശത്തെ സഹകരണസംഘങ്ങൾ മുഖേന നൂൽനൂല്പു കേന്ദ്രങ്ങൾ നടത്തുന്നതിനുവേണ്ട സഹായങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. ഇത്തരം ചർക്കാകേന്ദ്രങ്ങളിൽ നൂൽനൂല്പ് പഠിപ്പിയ്ക്കുന്നതോടൊപ്പം 'ഓരോരുത്തരും നൂല്ക്കുന്ന നൂലിൻെറ വില വകവെച്ച് അവക്കു സ്വന്തമായി ചർക്കാ നല്കുകയും ചെയ്യുന്നു. പഠിത്തം കഴിയുമ്പോൾ സ്വന്തമായി അവക്ക് നൂൽനൂല്പിൽ ഏർപ്പെടാൻ സാദ്ധ്യമാകും. ഗ്രാമങ്ങളിൽ നിന്നും പഞ്ഞപ്പിശാചിനെ ചക്രം തിരിച്ച് തിരിച്ച് പുറത്താക്കുവാൻ പ്രയോജനപ്പെടുന്ന ഈ പരിപാടിയിൽ ജനങ്ങൾ അത്യധികം താല്പര്യം പ്രദർശിപ്പിയ്ക്കുന്നുണ്ട്.

പദ്ധതിപ്രദേശത്തു കളിമൺപാത്രനിർമ്മാണവ്യവ്യവസായം അഭിവൃദ്ധിപ്പെടുത്താൻവേണ്ടി ഒരു പരിപാടി രൂപീകരിച്ചിരിക്കുന്നു. അടുത്തുതന്നെ ഇതു നടപ്പാക്കുന്നതാണ്.

## തൈലപ്പുല്ല്

നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ അഭിവൃദ്ധിപ്രാപിച്ചുവരുന്ന ഒരു വ്യവസായമാണ് പുൽത്തൈലനിർമ്മാണം. തൈലമെടുക്കാവുന്ന പുല്ല് നാട്ടിൻെറ പല ഭാഗത്തും ധാരാളമായി വളരുന്നുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിൽ തൈലമെടുക്കുന്ന പദ്ധതി ഇനിയും വേണ്ടതുപോലെ നടപ്പായിട്ടില്ല. അതുകൊണ്ടു ശരിയായി തൈലം വാററിയെടുക്കുന്ന സമ്പ്രദായം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി ഒരു മാതൃകാകേന്ദ്രം സ്ഥാപിയ്ക്കുവാനും തൈലമെടുക്കുവാനുള്ള ഉപകരണങ്ങൾ വ്യവസായികളുടെയിടക്കു വിതരണം ചെയ്യുവാനും ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## പരമ്പുനെയ്ത്തു

പദ്ധതിപ്രദേശത്തുള്ള കാലടി, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ പരമ്പുനെയ്ത്തു ഒരു പ്രധാന കുടിൽവ്യവസായമാണ്. ഒട്ടധികം കുടുംബങ്ങൾ ഈ വ്യവസായത്തെ ആശ്രയിച്ചുജീവിക്കുന്നു. മലംപ്രദേശങ്ങളിൽനിന്നും ഈററ വെട്ടിയെടുത്തുകൊണ്ടുവന്നാണ് പരമ്പ് നെയ്യുന്നത്. സഹകരണസംഘങ്ങൾവഴിയായി ഈററൽവിതരണം ചെയ്യുന്നപക്ഷം അത് കുറഞ്ഞ വിലയ്ക്ക് നെയ്ത്തുകാർക്ക് ലഭിക്കുമെന്നുള്ളതുകൊണ്ട് അതിനുവേണ്ടി ഒരു പരിപാടി ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. വളരെയധികം പ്രയോജനപ്പെടുന്ന ഈ പരിപാടി സഹകരണസംഘങ്ങളുടെ പ്രവൎത്തനസന്നദ്ധതമൂലം പൂൎണ്ണമായും വിജയിപ്പിക്കാവുന്നതാണ്.

## തേനീച്ചവളൎത്തൽ

പദ്ധതിപ്രദേശത്ത് തേനീച്ചവളൎത്തൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ഒരാളെ നിയമിച്ചിട്ടുണ്ട്. തേനീച്ചകളെ ശരിയായ കൂടുകളിലാക്കി ആവശ്യക്കാൎക്ക് വിതരണം ചെയ്തുവരുന്നു. പ്രത്യേകം അദ്ധ്വാനമൊന്നും കൂടാതെ താല്പൎയ്യപൂൎവ്വമായ ശ്രദ്ധ മാത്രംകൊണ്ട് നല്ല ആദായമുണ്ടാക്കാവുന്ന ഈ പരിപാടി പദ്ധതിപ്രദേശത്ത് വിജയിക്കുവാനുള്ള സാദ്ധ്യതകളുണ്ട്.

## ജനങ്ങളുടെ പങ്ക്

സാമൂഹ്യവികസനപദ്ധതികളുടെ എല്ലാ രംഗങ്ങളിലും പ്രതീക്ഷയിൽ കവിഞ്ഞ സഹകരണം ജനങ്ങളിൽനിന്നു ലഭിച്ചുവരുന്നു. തങ്ങളുടെ അവകാശങ്ങളെക്കുറിച്ചെന്നപോലെ കടമകളെക്കുറിച്ചും ജനങ്ങൾക്ക് ബോധമുണ്ടെന്നുള്ളതിന് മററു തെളിവുകൾ ആവശ്യമില്ല. കുന്നത്തുനാട് ചാലക്കുടി സാമൂഹ്യവികസനപദ്ധതിയിൽ, ഉദ്യോഗസ്ഥന്മാൎക്കുള്ള ശമ്പളച്ചിലവുകൂടാതെ, വികസന പരിപാടികളുടെ പ്രവൎത്തനത്തിനുതന്നെ 10 ലക്ഷത്തിൽപരം രൂപയാണ് പ്രോജക്ടിൽനിന്നു ചിലവാക്കിയിട്ടുള്ളത്. ഇതേ സമയത്തു ജനങ്ങളിൽനിന്നു 460,000 രൂപയോളം സംഭാവനയായി ലഭിച്ചു. ഭൂമിയുള്ളവർ ഭൂമിയായിട്ടും അദ്ധ്വാനംകൊണ്ടു സഹായിക്കാവുന്നവർ അങ്ങിനെയും സംഭാവന നല്കിയിട്ടുണ്ട്. ചിലർ പണവും സംഭാവനചെയ്തു. ഗ്രാമങ്ങളിലെ സാമ്പത്തികനില വച്ചുനോക്കുമ്പോൾ ഈ സംഭാവനകൾ ജനങ്ങളുടെ പൂൎണ്ണമായ സഹകരണസന്നദ്ധത വ്യക്തമാക്കുന്നുവെന്നതിൽ സംശയമില്ല. വിജയത്തിൻെറ ശുഭസൂചനകളാണവ.

# നെയ്യാററിൻകര-വിളവംകോട്
# സാമൂഹ്യവികസനപദ്ധതി

ദക്ഷിണതിരുവിതാംകൂറിൽ 36 പകുതികളുള്ള നെയ്യാററിൻകര, വിളവംകോട് എന്നീ താലൂക്കുകൾ ചേർന്നതാണ് ഈ വികസന പദ്ധതി. ഈ പ്രദേശത്തെ ജനസംഖ്യ ആറര ലക്ഷത്തോളം വരും. ആകെ മൂന്നു ബ്ലോക്കുകളാണ് ഈ പദ്ധതിയിൽ ഉള്ളത്. 1952 ഒക്ടോബർ രണ്ടാം തീയതി പദ്ധതി ഉൽഘാടനം ചെയ്തതോടെ ആദ്യത്തെ ബ്ലോക്കിൽ പ്രവർത്തനം ആരംഭിച്ചു. ഇതിനകം പദ്ധതിപ്രദേശത്ത് മുഴുവൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജനങ്ങൾ പ്രധാനമായി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. മത്സ്യവ്യവസായം, ചക്കരനിർമ്മാണം, കൈത്തറിനെയ്ത്ത് എന്നിവയാണ് പദ്ധതിപ്രദേശത്തെ പ്രധാന വ്യവസായങ്ങൾ.

## കൃഷിവികസനം

നെല്ല്, തെങ്ങ്, പന, മരച്ചീനി എന്നിവയാണ് പദ്ധതിപ്രദേശത്തെ പ്രധാന കൃഷികൾ. ഫലഭൂയിഷ്ഠമായ ഈ പ്രദേശത്ത് ശരിയായ ജലസേചനസൗകര്യവും ശാസ്ത്രീയരീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും നടപ്പാക്കുന്നപക്ഷം ഇന്നത്തെ നിലയിൽ കൃഷി വളരെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും. പദ്ധതിപ്രദേശത്തോട് തൊട്ട് പണിഞ്ഞുവരുന്ന നെയ്യാർ അണക്കെട്ട് പൂർത്തിയാകുന്നതോടെ 30,000 ഏക്കർ സ്ഥലത്ത് ജലസേചനസൗകര്യം ലഭിക്കുന്നതാണ്. പദ്ധതിപ്രദേശത്ത് ജലസേചനത്തിനുപയോഗിക്കാവുന്ന ധാരാളം കുളങ്ങൾ ഉണ്ട്. എന്നാൽ ഇതെല്ലാം മിക്കവാറും നികന്നുകിടക്കുന്നതുകൊണ്ട് ജലസേചനത്തിനു വളരെയധികം പ്രയോജനപ്പെടാതെയാണിരിക്കുന്നത്. ഈ കുളങ്ങൾ എല്ലാം അററകുററപ്പണികൾ തീർത്ത് ജലസേചനത്തിനു പ്രയോജനപ്പെടുത്തത്തക്കവിധം വേണ്ട പരിപാടികൾ പദ്ധതിയിൽനിന്നും ആരംഭിച്ചിരിക്കുന്നു. 56 കുളങ്ങളുടെ അററകുററപ്പണികൾ തീർത്തുകഴിഞ്ഞിട്ടുണ്ട്. 12 കുളങ്ങളുടെ പണി നടന്നുകൊണ്ടിരിക്കയാണ്. ഇതുമൂലം വളരെയേറെ സ്ഥലത്തിന് തല്ക്കാലം ജലസേചനം ലഭിക്കും. പദ്ധതിപ്രദേശത്തുള്ള 1600 കുളങ്ങളിൽ തിരുവിതാംകൂർ ജലസേചനനിയമത്തിനു വിധേയമായി അററകുററപ്പണികൾ തീർത്തെടുക്കാൻ കഴിയുന്ന കുളങ്ങളെല്ലാം ജലസേചനത്തിനു പ്രയോജനപ്പെടുത്താൻ വേണ്ട പരിപാടികൾ പദ്ധതിയിൽനിന്നും കൈക്കൊള്ളുന്നതാണ്.

## മണ്ണൊലിപ്പ്

തെളിച്ചെടുത്ത് കൃഷിക്ക് ഉപയോഗപ്പെടുത്താവുന്ന സ്ഥലം അല്പവും ഈ പദ്ധതിപ്രദേശത്ത് ഇപ്പോൾ ദുരുപയോഗപ്പെട്ടുകിടക്കുന്നില്ല.

ഇപ്പോൾ അധികം പ്രയോജനപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ മണ്ണൊലിപ്പുകൊണ്ട് ഫലപുഷ്ടി കുറഞ്ഞുപോയതാണ്. പ്രത്യേകിച്ചും മരച്ചീനിക്കൃഷി നടത്തുന്ന സ്ഥലങ്ങളിൽ മണ്ണൊലിപ്പ് ഏററവും വിഷമകരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. കുന്നിൻചെരുവുകളിൽനിന്നും മഴക്കാലത്തു വെള്ളവും മണ്ണുംകൂടി ഒലിച്ചിറങ്ങി നെൽപ്പാടങ്ങളും കുളങ്ങളും തോടുകളും നികന്നുപോകാൻ ഇടയാകുന്നു. മുകൾമണ്ണു ഇളകി ഒഴുകിപ്പോകുന്നതുമൂലം കുന്നിൻചെരുവുകളുടെ ഫലപുഷ്ടി കുറയുന്നതിന്നുപുറമെ നിലങ്ങളിലെ കൃഷിക്കു ആപത്തുണ്ടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് മണ്ണൊലിപ്പ് തടയുന്നതുസംബന്ധിച്ച പരിപാടിക്ക് നെയ്യാററിൻകര—വിളവംകോട് സാമൂഹ്യവികസനപദ്ധതി പ്രാധാന്യം നല്കിയിട്ടുണ്ട്. ശാസ്ത്രീയമായ പരിപാടികൾ വഴിയായി മണ്ണൊലിപ്പ് തടയുന്നതിനു് ജനങ്ങൾക്ക് വേണ്ട പരിശീലനം നല്കാൻ പദ്ധതിയിൽനിന്നും ആറു മാതൃകാകേന്ദ്രങ്ങൾ നടത്തിവരുന്നുണ്ട്. മുട്ടുകളും മററും കെട്ടി മണ്ണൊലിപ്പു തടയുന്നതിൽ ജനങ്ങൾക്ക് ഇതുമൂലം വേണ്ട പരിചയം സിദ്ധിച്ചിരിക്കുന്നു. ലഘുലേഖകളും മററും വഴിയായി ഈ പരിപാടിക്കുവേണ്ട പ്രചരണം നല്കിയിട്ടുണ്ട്. ഭൂവികസനഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി മണ്ണൊലിപ്പ് തടയാനുള്ള പരിപാടികൾ നടപ്പാക്കാൻ കൃഷിക്കാർക്ക് വായ്പകൾ നല്കിവരുന്നു. മുന്നൂറോളം ഏക്കർ സ്ഥലത്തു കൃഷിക്കാർതന്നെ മുട്ടുകളും മററും കെട്ടി ഇതിനകം മണ്ണൊലിപ്പു തടഞ്ഞിട്ടുണ്ട്. 940 ഏക്കർ സ്ഥലത്തിന്നു് പ്രയോജനം സിദ്ധിക്കത്തക്കവിധമാണ് ഈ പരിപാടികൾ നടപ്പാക്കുന്നത്.

## വിത്തും വളവും

നല്ലയിനം വിത്തും വളവും ഉപയോഗിച്ചു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൽ കൃഷിക്കാർക്ക് വേണ്ട പ്രോത്സാഹനം നല്കുക എന്നതാണ് പദ്ധതിയുടെ മറെറാരു പ്രധാന പരിപാടി. നെൽകൃഷിക്കാരുടെയിടക്കു നല്ലയിനം വിത്തും രാസവളങ്ങളും വിതരണം ചെയ്തുവരുന്നു. ആകെ 3000 പറ വിത്തു വിതരണംചെയ്യാൻ ഉദ്ദേശിക്കുന്നതിൽ 1800 പറയോളം വിതരണം ചെയ്തുകഴിഞ്ഞു. വിത്തിൻെറ ഗുണം വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകത ഇതുമൂലം കൃഷിക്കാർക്ക് ബോദ്ധ്യമായിരിക്കുന്നു. പദ്ധതിയിൽനിന്നും ഇതിനകം 318 ടണ്ണോളം രാസവളങ്ങളും കൃഷിക്കാർക്കു വിതരണം ചെയ്തിട്ടുണ്ട്. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും വളം വാങ്ങിക്കൊണ്ടുവന്നു പദ്ധതിപ്രദേശത്തെ കൃഷിക്കാർക്കു നല്കിവരുന്നു.

കമ്പോസ്റ്റുവളം നിർമ്മിക്കാൻ ഗ്രാമസേവകർ ജനങ്ങൾക്ക് വേണ്ട പരിശീലനം നല്കിവരുന്നു. പദ്ധതിക്കാലത്ത് 4000 കമ്പോസ്റ്റുകുഴികൾ ഉണ്ടാക്കണമെന്നതാണ് ഉദ്ദേശം. ഇതിനകം 2000 ത്തോളം കമ്പോസ്റ്റുകുഴികൾ പദ്ധതിപ്രദേശത്ത് പല ഭാഗങ്ങളിലായി കുഴിച്ച് വളം ശേഖരിച്ചുവരുന്നു. പച്ചിലവളത്തിൻെറ പ്രാധാന്യം ജനങ്ങളെ മനസ്സിലാക്കുന്നതിനും പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. പച്ചിലവളത്തിനുപയോഗിക്കാവുന്ന ചെടികൾ വളർത്താൻവേണ്ടി അത്തരം 5 ടൺ

വിത്ത് പദ്ധതിപ്രദേശത്തു വിതരണംചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതിൽ രണ്ടു ടണ്ണോളം ഇതിനകം വിതരണം ചെയ്തു. ഇപ്പോൾ 200ഓളം ഏക്കർ സ്ഥലത്ത് ജാപ്പനീസ് രീതിയിൽ നെൽക്കൃഷി നടത്തുന്നുണ്ട്. ജാപ്പനീസ് സമ്പ്രദായത്തിൽ നെൽക്കൃഷി നടത്തുന്നതുകൊണ്ട് വിളവ് എത്രകണ്ട് വർദ്ധിപ്പിക്കാമെന്നുള്ളതിന് പദ്ധതിയിലെ ഗ്രാമസേവകരുടെ സഹായസഹകരണങ്ങളോടുകൂടി പല നിലത്തിലും നടത്തിവരുന്ന മാതൃകാകൃഷിസ്ഥലങ്ങൾ സാക്ഷ്യംവഹിക്കുന്നു. പദ്ധതിപ്രദേശത്തിലെ പല നെൽപ്പാടങ്ങളിലും ഒരേ പടവിൽത്തന്നെ നെൽച്ചെടികൾ ശോഷിച്ച് ചെമ്പിച്ചുനിൽക്കുന്ന ദയനീയമായ കാഴ്ച ഒരു വശത്തും, മുററിത്തഴച്ച് ആഹ്ലാദിക്കുന്ന കാഴ്ച മറുവശത്തും കാണാൻകഴിയും. അനാരോഗ്യത്തിൻെറ ദയനീയതയും ആരോഗ്യത്തിൻെറ സംതൃപ്തിയും മാതൃകാനിലങ്ങളിലെ സമൃദ്ധമായ വിളവ് മനസ്സിലാക്കാൻ കഴിഞ്ഞതോടെ കൃഷകർ ജാപ്പനീസ് സമ്പ്രദായത്തിൽ നെൽക്കൃഷി നടത്താൻ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. കൃഷി വികസിപ്പിക്കുന്നതിന് കൃഷകക്ക് പദ്ധതിയിൽനിന്നും വായ്പകൾ നല്കുന്നതുമൂലം നല്ല വളവും പണിയായുധങ്ങളും വാങ്ങുവാനും വിളവ് പരമാവധി വർദ്ധിപ്പിക്കുവാനും കൃഷകക്ക് സാധിക്കുന്നു. പുഴ, ചാഴി മുതലായവമൂലം നെൽക്കൃഷിയ്ക്ക് നേരിട്ടുകൊണ്ടിരിക്കുന്ന നാശത്തിൽനിന്ന് കൃഷകരെ രക്ഷിക്കുക എന്നത് ഈ പ്രദേശത്തെ നെൽക്കൃഷിവികസനത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒരു കാര്യമാണ്. പദ്ധതി ഉദ്യോഗസ്ഥന്മാർ ഏററവും വിദഗ്ദ്ധമായ രീതിയിൽ ഈ പ്രശ്നത്തെ നേരിടുന്നുണ്ട്. ഡി. ഡി. ററി., ഹെക്സിഡോൾ തുടങ്ങിയ മരുന്നുകൾ ഉപയോഗിച്ച് നെൽക്കൃഷിയെ ഈ നാശനഷ്ടങ്ങളിൽനിന്നും രക്ഷിക്കുവാൻ ശ്രമിച്ചുവരുന്നു.

പദ്ധതിപ്രദേശത്തെ മറെറാരു പ്രധാനപ്പെട്ട കൃഷി മരച്ചീനിയാണ്. നല്ലവളം ഉപയോഗിച്ച് ശാസ്ത്രീയമായി കൃഷിചെയ്താൽ ആദായം ഇന്നത്തേതിൽനിന്നും രണ്ടും മൂന്നും ഇരട്ടി വർദ്ധിപ്പിക്കാൻ സാധ്യമാകും. ഗ്രാമസേവകരുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മാതൃകാമരച്ചീനികൃഷി ഇതു ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വിളവ് ഉണ്ടാകുന്നതും വിവിധതരം കാലാവസ്ഥകൾക്കും മണ്ണിൻെറ ഇനത്തിനും പററിയതുമായ പലയിനം മരച്ചീനിക്കമ്പുകൾ പദ്ധതിയിൽനിന്നും കൃഷകരുടെയിടയ്ക്ക് വിതരണംചെയ്തിട്ടുണ്ട്. മരച്ചീനിക്കൃഷി വർദ്ധിപ്പിക്കുന്നത് ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിന് സഹായമായിരിക്കുമെന്നുള്ളതുകൂടാതെ ആദായകരമായ മററു ചില വ്യവസായങ്ങളുടെ വികസനത്തിന് ഇതു ഉപകരിക്കുകയും ചെയ്യും.

## കൂട്ടുകൃഷി

എളുപ്പമുള്ള ഒരു കാര്യമാണെന്നു തോന്നിയില്ലെങ്കിലും അതു പരീക്ഷിച്ചുനോക്കാൻതന്നെ നാട്ടുകാർ തീരുമാനിച്ചു. കഴിത്തുറയിൽ പട്ടത്താനം ഏലായിൽ ഇരുപതോളം ഉടമസ്ഥരുടെ കൈവശമിരുന്ന 11 ഏക്കർ സ്ഥലം ഉപയോഗശൂന്യമായിക്കിടക്കുകയായിരുന്നു. അവിടെ

ജലസേചനത്തിനുപയോഗിച്ചിരുന്ന കുളം നികന്നുപോയതുകൊണ്ട് നിലത്തിൽ വെള്ളം കയററാനോ ഇറക്കുവാനോ സാധ്യമായിരുന്നില്ല.

കുളം തെളിച്ചെടുക്കുവാൻ പ്രത്യേകമായി ആക്കും ചുമതല ഉണ്ടായിരുന്നില്ല. അതിന് നല്ലൊരു സംഖ്യ ചിലവുവരും. ഓരോരുത്തരും മറേറയാരം ചെയ്യുന്നെങ്കിൽ ചെയ്യട്ടെ എന്നു കരുതി ആരുമാരും ഒന്നും ചെയ്യതുമില്ല. ചുരുക്കത്തിൽ 11 ഏക്കർ നിലം ദുരുപയോഗപ്പെട്ടു കിടന്നു. പദ്ധതിയുദ്യോഗസ്ഥന്മാർ നിലമുടമസ്ഥന്മാരെ സമീപിച്ച്, കുളം തെളിച്ചെടുത്താൽ ഓരോരുത്തക്കുമുണ്ടാകുന്ന ഗുണമെന്തെന്നു പറഞ്ഞു മനസ്സിലാക്കി. അവർ സമ്മതിച്ചു. എല്ലാവരും സഹകരിച്ച് കുളം നന്നാക്കി. നിലത്തിനു ജലസേചനസൗകര്യമുണ്ടായി; നിലം നന്നാക്കുവാനും ഉടമസ്ഥർ സഹകരിച്ച് പ്രവൎത്തിച്ചു. ഇത്രയുമായപ്പോൾ കൂട്ടുചേൎന്നു പ്രവൎത്തിച്ചാലത്തെ ലാഭവും മേന്മയും അവൎക്കു മനസ്സിലായി. അധികച്ചിലവുകൾ ഒഴിവാക്കാം, ഒട്ടേറെ പ്രയത്നം കൂടുതൽ പ്രയോജനകരമായി ഫലപ്പെടുത്താം. സഹകരണാടിസ്ഥാനത്തിൽ അവർ ആ 11 ഏക്കർ സ്ഥലത്ത് കൃഷിയിറക്കി. എല്ലാ ഘട്ടത്തിലും പദ്ധതിയിൽനിന്ന് അവൎക്ക് വേണ്ട സഹായങ്ങൾ നല്കിയിരുന്നു. പട്ടത്താനം ഏലായിലെ കൂട്ടുകൃഷി പരീക്ഷണം നാട്ടുകാരുടെ ശ്രദ്ധയെ ആകൎഷിച്ചു. ഒരുണൎവ്വും ഉന്മേഷവും അവരിലുണ്ടായി. ആ ഏൎപ്പാട് അനുകരിക്കുവാനുള്ള താല്പര്യം അവരിലുമങ്കുരിച്ചു.

ഭൂമി തുണ്ടുതുണ്ടായി തിരിച്ച് ഓരോരുത്തരും പ്രത്യേകം പ്രത്യേകം കൃഷിനടത്തിവരുന്നതു മൂലം ജനങ്ങളുടെ അദ്ധ്വാനശക്തിയും അറിവും പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കാതെപോകുന്നു. ഒരു പടവായിക്കിടക്കുന്ന 50 ഏക്കർ നിലത്തിൽ അഞ്ചു സെൻറുകാരും, പത്തു സെൻറുകാരും, അഞ്ചേക്കറുകാരും പത്തേക്കറുകാരുമായി പത്തോ നാല്പതോ ഉടമസ്ഥർ കൃഷിചെയ്യുന്നുണ്ടായിരിക്കും. അഞ്ചു സെൻറുകാരനും പത്തു ഏക്കറുകാരനും ഒരേ പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകം നേരിടേണ്ടതുണ്ട്. ജലസേചനത്തിനായാലും ചാഴിവീഴ്ച തടയാനായാലും ഓരോ കൎഷകനും പ്രത്യേകം ഏൎപ്പാടുകൾ ചെയ്യുകയും ബുദ്ധിമുട്ട് സഹിക്കുകയുമാണ്. ആ 50 ഏക്കർ നിലത്തിന് പൊതുവായ ഒരു പരിപാടി നടപ്പാക്കിയാൽ ബുദ്ധിമുട്ട് കുറയുകയും കൂടുതൽ പ്രയോജനം സിദ്ധിക്കുകയും ചെയ്യും. പത്തു ചക്രംവെച്ച് വെള്ളം ചവിട്ടിക്കയററിയിടത്ത് ഒരു ചക്രം മതിയാകും, 20 പേർ നിന്ന് ചാലുകൾ എടുത്തതിനു പകരം രണ്ടു പേർ നിന്നാൽ മതി. അങ്ങിനെ പലതും. അവരുടെ എല്ലാവരുടേയും പ്രയത്നശക്തിയും അനുഭവപരിചയങ്ങളും കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന സംഘടിതശക്തിയിൽനിന്ന് അത്ഭുതകരമായ പൊതുനന്മകൾ വിളയുന്നതാണ്. ഇതുമൂലം സകലവിധത്തിലുള്ള അനാവശ്യവ്യയങ്ങളും ദൂരീകരിക്കാനും ഓരോരുത്തരുടേയും പ്രയത്നം അവനവനും മററുള്ളവൎക്കും പ്രയോജനപ്പെടുത്തുവാനും കഴിയുന്നു. തന്നെയുമല്ല, കൂടുതൽ ആളുകൾ സഹകരിച്ച് അവരുടെ കഴിവുകൾ സമാഹരിക്കുമ്പോൾ ഏററവും ഫലപ്രദമായ വിധത്തിൽ ശാസ്ത്രീയമായ രീതിയിൽ

കൃഷിചെയ്യുവാനും പ്രയാസം ഉണ്ടാകുകയില്ല. നമ്മുടെ കൃഷിസമ്പ്രദായത്തിൽ ഏററവും അഭിലഷണീയമായ ഒരു പരിവത്തനമാണ് കൂട്ടുകൃഷി മൂലം ഉണ്ടാകുന്നത്. നെയ്യാററിൻകര–വിളവംകോട് സാമൂഹ്യ വികസന പദ്ധതിയുടെ ആഭിമുഖ്യത്തിൽ കുഴിത്തുറയിലും വിളപ്പിലും രണ്ടു കൂട്ടുകൃഷി സംഘങ്ങഠം ആരംഭിച്ച് പ്രവത്തിക്കാൻ സാധിച്ചിട്ടുണ്ട്. കൂട്ടുകൃഷികൊണ്ടുണ്ടാകുന്ന ഗുണങ്ങഠം നാട്ടുകാക്ക് ബോധ്യപ്പെട്ടതിൻെറ തെളിവാണ് കൂടുതൽ കൂടുതൽ കഷ്കർ ഇപ്പോഠം സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചുവരുന്നത്. ഇപ്പോഠം രജിസ്റ്റർചെയ്തിട്ടുള്ള രണ്ടു സംഘങ്ങളും മാതൃകാപരമായ രീതിയിൽ പ്രവത്തനം നടത്തിവരുന്നു. സഹകരണാടിസ്ഥാനത്തിൽ മരച്ചീനിയും കൃഷിചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ കൃഷിസമ്പ്രദായത്തിലും കഷ്കരുടെ വീക്ഷണഗതിയിലും പ്രയോജനപ്രദമായ പരിവത്തനം വരുത്തിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനം പദ്ധതിപ്രദേശത്ത് പടന്നുപിടിക്കുകയാണ്. പല സ്ഥലങ്ങളിലും കഷ്കർ കൂട്ടുകൃഷി നടത്താൻ തുടങ്ങിക്കഴിഞ്ഞു.

## മൃഗസംരക്ഷണം

നമ്മുടെ ആഹാരക്രമത്തിൽ പാലിനും തൈരിനും നെയ്യും സുപ്രധാനമായ ഒരു പങ്കുണ്ട്. പദ്ധതിപ്രദേശത്തു 25,000 ഓളം കന്നുകാലികളാണുള്ളത്. ശരിയായ നിലയിൽ സംരക്ഷിയ്ക്കുന്നപക്ഷം നെയ്യാററിൻകര, വിളവംകോട് എന്നീ താലൂക്കുകളിലെ കന്നുകാലികളിൽനിന്നു തന്നെ ആ പ്രദേശത്താവശ്യമുള്ള പാലും മോരും, നെയ്യും സുലഭമായി ലഭിയ്ക്കും. എന്നാൽ നമ്മുടെ നാട്ടിൽ പശുക്കളിൽനിന്നു കിട്ടിവരുന്ന ആദായം വളരെ മോശമാണ്. മേച്ചിൽസ്ഥലത്തിൻെറ കുറവ്, ജനങ്ങഠംക്കു കന്നുകാലികളെ വേണ്ടതുപോലെ സംരക്ഷിയ്ക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതു, എല്ലാത്തിനും ഉപരിയായി കന്നുകാലികളുടെ ഇനം മോശമായതു് ഇതെല്ലാമാണ് ആദായക്കുറവിന്നു കാരണമെന്നു മുൻപുതന്നെ പറഞ്ഞുവല്ലൊ.

കന്നുകാലികളുടെ ഇനം നന്നാക്കുന്ന കാര്യത്തിലാണ് പദ്ധതി പ്രത്യേകിച്ചും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്. കന്നുകാലിസംരക്ഷണംസംബന്ധിച്ച് ഇന്ത്യാഗവമ്മേൻറിൻെറ കേന്ദ്രഗ്രാമപദ്ധതി മുമ്പു വിവരിച്ചല്ലോ. സ്ഥലത്തെ പരിതസ്ഥിതികഠംക്കനുയോജ്യമായി അല്പസല്പം ഭേദഗതികളോടെ ഈ പരിപാടി പദ്ധതിപ്രദേശത്തു നടപ്പാക്കീട്ടുണ്ട്. ഇത്തരം പത്തു കേന്ദ്രങ്ങഠം പ്രവത്തനം നടത്തിവരുന്നു. നല്ല വഗ്ഗത്തിൽപ്പെട്ട വിത്തു കാളകളേയും ഈ കേന്ദ്രങ്ങളിൽ സംരക്ഷിയ്ക്കുന്നു. ഇണചേക്കലിന്ന് ഒരു തവണത്തേക്ക് ഒരു രൂപാ നിരക്കിലാണ് ഉടമസ്ഥന്മാരോട് ഈടാക്കുന്നതു്. 700 പശുക്കളെ ഇങ്ങനെ ഇണചേത്തിട്ടുണ്ട്. കൂടാതെ കൃത്രിമഗഭോല്പാദനവും സൌജന്യമായി നടത്തിവരുന്നു. 750 ഓളം പശുക്കഠംക്ക് ഇങ്ങനെ ഗഭോല്പാദനം നടത്തി. പദ്ധതിപ്രദേശത്തെ ജനങ്ങഠം ഈ പരിപാടിയിൽ ശരിയായ താല്പര്യം കാണിയ്ക്കുന്നുണ്ട്.

രോഗം പിടിപെട്ട കന്നുകാലികളെ ചികിത്സിക്കുന്നതിനുവേണ്ട ഏർപ്പാടുകളും പദ്ധതിയിൽനിന്നും ചെയ്തുകൊടുത്തിരിക്കുന്നു. പദ്ധതിയോടനുബന്ധിച്ചുനടത്തുന്ന മൃഗാശുപത്രിയിൽ 1000ൽപ്പരം കന്നുകാലികളെ ചികിത്സിച്ചിട്ടുണ്ട്.

## കോഴിവളർത്തൽ

പ്രത്യേകമായ അധ്വാനമോ വളരെ ചിലവോ കൂടാതെ നടത്താവുന്ന ഒരു തൊഴിലാണ് കോഴിവളർത്തൽ. ധാരാളം പോഷകാംശങ്ങൾ ഉള്ളതുകൊണ്ട് മുട്ട നമ്മുടെ ആഹാരത്തിൽ ഒരു പ്രധാന ഘടകമാക്കേണ്ടതുണ്ട്. പദ്ധതിപ്രദേശത്ത് 50,000-ൽപരം കോഴിയും താറാവും ഉണ്ട്. വളരെക്കുറച്ച് മുട്ടയിടുന്ന ഇനത്തിൽപ്പെടുന്ന കോഴികളാണ് എല്ലാം. നല്ലയിനം കോഴികളെ വളർത്തുന്നപക്ഷം ആദായം ഇരട്ടിയിലധികം വർദ്ധിപ്പിക്കാം. ഇതിലേക്കുവേണ്ടി പദ്ധതിയിൽനിന്നും നല്ലയിനം കോഴികളുടെ മുട്ടയും കുഞ്ഞുങ്ങളേയും വിതരണംചെയ്യുന്നുണ്ട്. മുട്ടയായിട്ടുതന്നെ വാങ്ങുന്നവക്ക് ഒരു ചെറിയ പ്രതിഫലത്തിന്മേൽ അതു വിരിയിച്ചുകൊടുക്കുവാൻ വേണ്ട ഏർപ്പാടുകളും പദ്ധതിയിൽനിന്നും ചെയ്തിരിക്കുന്നു. പദ്ധതിയിൽനിന്നും വിതരണം ചെയ്തിട്ടുള്ള മുട്ടകളുടേയും കുഞ്ഞുങ്ങളുടേയും കണക്കുനോക്കിയാൽ ഇതിനകം 2000 നല്ലയിനം കോഴികളെങ്കിലും പദ്ധതിപ്രദേശത്തെ ജനങ്ങൾക്ക് ലഭിച്ചിരിക്കണം.

രോഗങ്ങൾ പിടിപെടാതെ കോഴികളെ സംരക്ഷിക്കേണ്ടത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. രോഗം പിടിപെട്ടാൽ അധികസമയത്തിനുള്ളിൽ കോഴികൾ ചത്തുവീഴുന്നു. പല രോഗങ്ങളും പടർന്നുപിടിക്കുന്നതുമാണ്. ഇത്തരം രോഗങ്ങൾ വരാതിരിക്കുവാൻവേണ്ടി പദ്ധതിയിൽനിന്നും വേണ്ട ചികിത്സകൾ ചെയ്യുന്നുണ്ട്. പ്രവത്തകർ ഗ്രാമങ്ങൾതോറും സഞ്ചരിച്ച് സൗജന്യമായിട്ടാണ് ചികിത്സചെയ്യുന്നത്. ആയിരക്കണക്കിന് കോഴികൾക്ക് ഈ ചികിത്സ മൂലം പ്രയോജനപ്പെട്ടിട്ടുണ്ട്.

## ആരോഗ്യവും ഗ്രാമശുചീകരണവും

ആറരലക്ഷം ജനങ്ങളുള്ള ഈ പദ്ധതിപ്രദേശത്ത് 3 ആശുപത്രികളും 12 ഡിസ്പൻസറികളുമാണുള്ളത്. ഉള്ള ആശുപത്രികളിൽതന്നെ ചികിത്സാസൗകര്യങ്ങൾ പോരാതെയുമിരിക്കുന്നു. രോഗനിവാരണവും നിരോധനവും സംബന്ധിച്ച പ്രവത്തനങ്ങൾ ഏകോപിപ്പിക്കത്തക്കവിധം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ഉദ്ദേശിക്കുന്നു. ഇതിലേക്കുവേണ്ടി നെയ്യാററിൻകര ആശുപത്രി ഒരു സെക്കണ്ടറി ആരോഗ്യ കേന്ദ്രവും പെരുംകടവിള, കുഴിത്തുറ എന്നിവിടങ്ങളിലെ ഡിസ്പൻസറികൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ആക്കുന്നതാണ്. വെൺപകലിൽ പുതുതായി സ്ഥാപിക്കുന്ന ഡിസ്പൻസറിയും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമായിരിക്കും. വെൺപകൽ ആരോഗ്യ കേന്ദ്രത്തിൻെറ പണി പൂർത്തിയായിട്ടുണ്ട്. ഇതിൻെറ പണിക്ക് ഭൂമി ഉൾപ്പെടെ ജനങ്ങളിൽനിന്നും ഗണ്യമായ സംഭാവനകൾ ലഭിച്ചിട്ടുണ്ട്.

ഗ്രാമശുചീകരണത്തിൽ തീരദേശത്താണ് കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നത്. പദ്ധതി പ്രവർത്തകർ ഇതിൽ മുൻകൈയെടുത്ത് പ്രവർത്തിക്കുന്നുമുണ്ട്. തുറന്ന സ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന അനാരോഗ്യകരമായ ഫലങ്ങൾ ഗ്രാമീണരെ ബോധ്യപ്പെടുത്താൻ കഴിഞ്ഞതോടെ അവർതന്നെ സ്വന്തമായി കക്കൂസുകൾ പണിയുകയും ഗ്രാമശുചീകരണക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. 150 കക്കൂസുകൾ ജനങ്ങൾതന്നെ ഈ കാലത്തിനിടക്ക് പണിഞ്ഞിട്ടുണ്ട്. ഇത്തരം 900ത്തോളം കക്കൂസുകൾ പദ്ധതി പ്രദേശത്തുണ്ടാക്കണമെന്നതാണ് ഉദ്ദേശം. പുല്ലുവിള, വിഴിഞ്ഞം എന്നീ തീരപ്രദേശങ്ങളിൽ പ്രതിദിനം 200ഓളം ആളുകൾക്ക് വീതം ഉപയോഗിക്കാവുന്ന ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 3 കക്കൂസുകൾ പദ്ധതിയിൽനിന്നും പണികഴിപ്പിച്ചിട്ടുണ്ട്. ഇത്തരം 11 കക്കൂസുകൾകൂടി ഇനിയും പണിയുന്നതാണ്. വളരെയധികമാളുകൾക്ക് ഉപയോഗിക്കേണ്ടതായതുകൊണ്ട് ഇത് ശുചിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യം ജനങ്ങളുടേതാണ്. പഞ്ചായത്തുകളുടെ സഹകരണവും ഇതിന്റെയെല്ലാം കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമാണ്.

## ശുദ്ധജലവിതരണം

പദ്ധതിപ്രദേശത്തു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ് ശുദ്ധജലവിതരണം. പദ്ധതിപ്രദേശത്തെ ജനങ്ങൾ നദികളിൽനിന്നും കുളങ്ങളിൽനിന്നും കിണറുകളിൽനിന്നുമാണ് കുടിക്കാനുള്ള വെള്ളം എടുക്കുന്നത്. ഇതു പലപ്പോഴും ശുദ്ധജലമായിരിക്കയില്ല. തീരപ്രദേശത്ത് ഉപ്പുരസം കലന്ന വെള്ളമാണ് എല്ലാ കാലത്തും കിട്ടുന്നത്. ഇപ്പോൾ ഉള്ള കിണറുകളും കുളങ്ങളും നന്നാക്കിയും കൂടുതൽ കിണറുകളും കുഴൽക്കിണറുകളും മററും പണികഴിപ്പിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാൻ പദ്ധതിയിൽനിന്നും ശ്രമിച്ചുവരുന്നു. 35 പുതിയ കിണറുകൾ ഇതിനകം പണിതുതീർത്തിട്ടുണ്ട്. 8 കിണറുകൾകൂടി പണിതുവരുന്നു. 13 കിണറുകളുടെ അററകുററപ്പണികൾ തീർത്തു അവ ഉപയോഗക്ഷമമാക്കിയെടുത്തു. പദ്ധതിപ്രദേശത്തു പല സ്ഥലത്തായി 8 കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതിൽ നെല്ലിമൂടു പ്രദേശത്തു ഒരെണ്ണം പണിതീർത്തു ഇപ്പോൾ ഉപയോഗത്തിലാക്കിട്ടുണ്ട്. ആ പ്രദേശത്തുള്ള ജനങ്ങൾക്കെല്ലാം വേണ്ടത്ര ശുദ്ധജലം ആ കുഴൽക്കിണറിൽനിന്നും ലഭിക്കും. തീരപ്രദേശത്തു ഫിൽററർ പോയന്റ് കിണറുകൾ 58 എണ്ണം പണിതിരിക്കുന്നു. ഇത്തരം 100 കിണറുകൾകൂടി അടുത്തുതന്നെ പണിയുന്നതുമാണ്. കാഞ്ഞിരംകുളം, മുതലായി ശുദ്ധജലക്ഷാമമുള്ള പ്രദേശങ്ങളിൽ അരുവികളിൽനിന്നും വെള്ളമെടുത്തു ശുദ്ധിയാക്കി വിതരണം ചെയ്യാനുള്ള വമ്പിച്ച ഒരു പരിപാടിയും പൂർത്തിയായിവരുന്നുണ്ട്.

ഈ പരിപാടികളെല്ലാം പൂർത്തിയാകുന്നതോടെ പദ്ധതിപ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

## ഭവനനിർമ്മാണം

നാട്ടിൻെറ മററു ഭാഗങ്ങളിലെന്നപോലെ പദ്ധതിപ്രദേശത്തും സാമ്പത്തികനില താണവർ താമസിയ്ക്കുന്നതു ജീവിതസൌകര്യങ്ങൾ കുറഞ്ഞ ചെറിയ വീടുകളിലാണ്. കാററും വെളിച്ചവും കിട്ടാത്തതും ഇടം കുറഞ്ഞതുമായ ചെറിയ പുരകളിൽ, അനാരോഗ്യകരമായ ചുററുപാടുകളിലാണ് അവർ കഴിഞ്ഞുകൂടുന്നത്. തീരദേശത്തെ നില ഏററവും ശോചനീയമാണ്. വമ്പിച്ച തോതിൽ ഒരു ഭവനനിർമ്മാണപദ്ധതിയാരംഭിച്ച് ഈ പ്രശ്നം പൊതുവെ ഉടനടി പരിഹരിയ്ക്കാൻ സാദ്ധ്യമാകയില്ല. അതുകൊണ്ട് ഏററവും അടിയന്തിരമായ ശ്രദ്ധ അർഹിയ്ക്കുന്ന തീരപ്രദേശത്തു കഴിവുള്ളിടത്തോളം നല്ല വീടുകൾ പണിത് ഏററവും ഉദാരമായ വ്യവസ്ഥകളിൽ ജനങ്ങൾക്കു കൊടുക്കുവാനുള്ള ഒരു പരിപാടി പദ്ധതിയിൽനിന്നും ആരംഭിച്ചിട്ടുണ്ട്. കെട്ടിടം പണിയാൻ തന്നെ ധാരാളം പണം വേണ്ടിയിരിയ്ക്കുന്നതുകൊണ്ട് പദ്ധതിയിൽനിന്നും സ്ഥലത്തിൻെറ വില കൊടുക്കുവാൻ സാദ്ധ്യമാവുകയില്ല. സ്ഥലം സംഭാവന ചെയ്യുവാൻ തയ്യാറുള്ളവരുടെ സഹകരണബുദ്ധിയെ ആശ്രയിച്ചിരിയ്ക്കുന്നു ഈ പരിപാടിയുടെ വിജയം. ഇതേവരെയായി വിഴിഞ്ഞം, പള്ളുംതുറ, കൊല്ലംകോട്, ഏണയാൻതുറ എന്നീ സ്ഥലങ്ങളിൽ കെട്ടിടം പണിയാൻവേണ്ട സ്ഥലം സൌജന്യമായി ലഭിയ്ക്കുകയുണ്ടായി. 64 കുടുംബങ്ങളെ പാർപ്പിക്കത്തക്കവിധം 16 ബ്ലോക്കു വീടുകൾ പണിതു കഴിഞ്ഞിട്ടുണ്ട്. ഓരോ കുടുംബത്തിനും സൌകര്യമായി ജീവിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടും ഉണ്ട്. ഈ വീടുകൾ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്കു വിട്ടുകൊടുക്കും. ഇരുപതോ, ഇരുപത്തഞ്ചോ വർഷംകൊണ്ടു നിശ്ചിതതവണകളായി അവർ ഇതിൻെറ വില അടച്ചുതീർത്താൽ മതിയാകും. 344 കുടുംബങ്ങൾക്കു താമസിക്കത്തക്കവണ്ണം 86 ബ്ലോക്കു വീടുകൾ പണിയണമെന്നാണ് പദ്ധതി തീരുമാനിച്ചിട്ടുള്ളത്. സ്ഥലത്തെ ജനങ്ങളുടെ സൌജന്യബുദ്ധിയേയും സഹകരണത്തേയും ആശ്രയിച്ച് ഈ പരിപാടിക്കു വമ്പിച്ച വിജയസാദ്ധ്യതകളുണ്ട്.

## വിദ്യാഭ്യാസം

മലയാളവും തമിഴും സംസാരിയ്ക്കുന്ന ആറര ലക്ഷത്തോളം ജനങ്ങളുള്ള ഈ പദ്ധതിപ്രദേശത്തു മുപ്പത്തിനാലു ശതമാനത്തോളമാളുകൾ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരാണ്. 354 പ്രാഥമികവിദ്യാലയങ്ങളും 50 മിഡിൽസ്കൂളുകളും 21 ഹൈസ്കൂളുകളും ഈ പ്രദേശത്തുണ്ട്. നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ പൊതുവേ തൊഴിൽപരമായ പരിശീലനങ്ങൾക്ക് പ്രാധാന്യം നല്കിയിട്ടില്ലാത്തതുകൊണ്ടു വിദ്യാഭ്യാസം തൊഴിലില്ലായ്മയുടെ ഒരു പ്രാരംഭഘട്ടമായിട്ടാണ് തീർന്നിരിയ്ക്കുന്നത്. ഈ നില മാററി വിദ്യാഭ്യാസം ജീവിതമാർഗ്ഗം സമ്പാദിയ്ക്കുവാൻ ഉതകുന്നതാക്കിത്തീർക്കേണ്ടിയിരിയ്ക്കുന്നു. ഇപ്പോഴത്തെ പ്രാഥമികവിദ്യാലയങ്ങൾ അടിസ്ഥാനവിദ്യാലയങ്ങളാക്കി മാററി തൊഴിൽപരമായ പരിശീലന

ങ്ങൾക്ക പ്രാധാന്യം നല്ലന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിൻെറ അടിത്തറ കെട്ടവാനാണുദ്ദേശം. പദ്ധതിപ്രദേശത്തു തല്ക്കാലം 8 പ്രാഥമിക വിദ്യാലയങ്ങൾ അടിസ്ഥാനവിദ്യാലയങ്ങളാക്കും. ഇതിൽ ആറെണ്ണം അടിസ്ഥാനവിദ്യാലയങ്ങളാക്കുന്നതുസംബന്ധിച്ച് ആവശ്യമായ കെട്ടിടം പണികൾ പൂർത്തിയായിട്ടുണ്ട്.

## ട്രേഡ്സ്കൂൾ

അഭ്യസ്തവിദ്യരായ ചെറുപ്പക്കാക്ക് പ്രയോജനകരമായ ചില സാങ്കേതികവിഷയങ്ങളിൽ പരിശീലനം നല്കി അവരുടെ വിദ്യാഭ്യാസം ജീവിതമാഗ്ഗസമ്പാദനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതി പ്രദേശത്ത് ഒരു ട്രേഡ്സ്കൂൾ ആരംഭിച്ചിരിക്കുന്നു. സ്കൂൾകെട്ടിടം പണിയുന്നതിന് 30,000 രൂപാ വിലവരുന്ന പത്തേക്കർ സ്ഥലം ഒരാളിൽനിന്നും സംഭാവനയായി ലഭിച്ചു. കെട്ടിടത്തിനും മററു സജ്ജീകരണങ്ങൾക്കുമായി 3.75 ലക്ഷം രൂപായാണ് ഗവമ്മേൻറിൽനിന്ന് ചെലവാക്കിയിട്ടുള്ളത്. ആശാരിപ്പണി, ഇരുമ്പുപണി, അച്ചുവാപ്പ്, ചെറുതരം യന്ത്രങ്ങൾ നിമ്മിയ്ക്കൽ ഇതെല്ലാം ഈ ട്രേഡ്സ്കൂളിൽ പഠിപ്പിക്കും. ഓരോ വിഷയത്തിലും 18 മാസത്തെ പരിശീലനം നല്കുന്നതാണ്. പഠിപ്പ് പൂർത്തിയാകുമ്പോൾ സ്വന്തമായി ഏതെങ്കിലും പണിയിൽ ഏപ്പെടാൻ വിദ്യാത്ഥികൾക്ക് സാധിക്കും.

## സാമൂഹ്യവിദ്യാഭ്യാസം

പദ്ധതിപ്രദേശത്ത് ജനങ്ങളുടെ വിനോദത്തിനും വിജ്ഞാനത്തിനും പ്രയോജനപ്പെടുന്ന പല പ്രസ്ഥാനങ്ങളും പദ്ധതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. വിശ്രമവേളകളിൽ ആളുകൾക്ക് ഒന്നിച്ചുകൂടുവാനും വിനോദങ്ങളിൽ ഏപ്പെടുവാനും വേണ്ടി പദ്ധതിപ്രദേശത്ത് 18 കേന്ദ്രങ്ങൾ നടത്തിവരുന്നു. 12 കേന്ദ്രങ്ങൾകൂടി ആരംഭിക്കുന്നതാണ്. വാളിബാൾ, മുതലായ കളികൾ 14 സ്ഥലങ്ങളിൽ ആരംഭിച്ചു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിനോദത്തിനും വ്യായാമത്തിനും വേണ്ട സൗകര്യങ്ങളോടുകൂടിയ 40 ക്ലബ്ബുകൾ ആരംഭിക്കുവാൻ തീരുമാനിച്ചതിൽ പലതും ഇതിനകംതന്നെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കു വേണ്ടിയും ഇതുപോലുള്ള 20 ക്ലബ്ബുകൾ തുടങ്ങുന്നതാണ്. ഈ ക്ലബ്ബുകളുടെയെല്ലാം ആഭിമുഖ്യത്തിൽ സമ്മേളനങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ഓരോ സ്ഥലത്തേയും ജനങ്ങൾക്ക് ഒരു ക്ലിപ്തസമയത്തു നിശ്ചിതസ്ഥലത്തുവച്ച് കാണുവാനുള്ള അവസരം ലഭിക്കുന്നതുകൊണ്ട് പദ്ധതികളുടെ പ്രവത്തനങ്ങളെക്കുറിച്ച് ചച്ചചെയ്യുന്നതിനും അവക്ക് നല്കാൻ കഴിയുന്ന സഹകരണത്തേകുറിച്ച് തീരുമാനിക്കുന്നതിനും സാധ്യമാകും. കൃഷിസമ്പ്രദായത്തേയും മററും പററിയുള്ള അറിവുകൾ പരസ്പരം കൈമാറുന്നതിന് കഷകക്ക് അവസരം നല്കുന്നതിനുവേണ്ടി യുവകഷകസംഘടനകളും പദ്ധതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. 40 വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളും 15 ഗ്രന്ഥശാലകളും തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു.

## സഞ്ചാരസൗകര്യം

ഈ പദ്ധതിപ്രദേശത്ത് 320 മൈലോളം നല്ല റോഡുകൾ ഉണ്ട്. ഉൾനാട്ടുകളിൽ ഇനിയും റോഡുകളുടെ ആവശ്യം ഉണ്ട്. 22 അടി വീതിയുള്ള ഒന്നാംതരം റോഡുകൾ 42 മൈലോളം ഇതിനകം പണി തീർത്തു. ഈ റോഡുകൾക്ക് വേണ്ട സ്ഥലവും റോഡുപണി സംബന്ധിച്ച അധ്വാനവും ജനങ്ങളിൽനിന്ന് സംഭാവനയായി ലഭിച്ചു. 2 ലക്ഷം രൂപായോളം വിലവരുന്ന സ്ഥലവും ഒന്നരലക്ഷം രൂപയ്ക്കുള്ള അധ്വാനവും ഈ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി ജനങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടെന്നറിയുമ്പോൾ ഇക്കാര്യത്തിൽ എത്രമാത്രം താല്പര്യമാണ് ജനങ്ങൾ പ്രദർശിപ്പിച്ചുവരുന്നത് എന്നു മനസ്സിലാക്കാം. പല റോഡുകളുടേയും അററകുററപ്പണിയും പദ്ധതിയിൽനിന്നും തീർത്തിട്ടുണ്ട്. മരുതൂർതോടിന് കുറുകേ പദ്ധതിയിൽനിന്ന് ഒരു പാലവും പണി കഴിപ്പിച്ചിരിക്കുന്നു.

## ഗ്രാമവ്യവസായങ്ങൾ

മീൻപിടുത്തം, കൈത്തറിനെയ്ത്ത്, ചക്കരനിർമ്മാണം എന്നീ മൂന്ന് പ്രധാന തൊഴിലുകളെ ആശ്രയിച്ചാണ് പദ്ധതിപ്രദേശത്തെ വളരെയധികം ജനങ്ങൾ കഴിയുന്നത്. കളിമൺപാത്രനിർമ്മാണം, എണ്ണയാട്ട്, പനയോലനെയ്ത്ത്, തേനീച്ചവളർത്തൽ മുതലായ ചെറുകിട വ്യവസായങ്ങളും പദ്ധതിപ്രദേശത്ത് നടക്കുന്നുണ്ട്. ആദ്യം പറഞ്ഞ പ്രധാനപ്പെട്ട മൂന്നു വ്യവസായങ്ങൾ വേണ്ടതുപോലെ വികസിപ്പിക്കാൻ കഴിഞ്ഞാൽ ഗണ്യമായ ഒരു വിഭാഗം ജനങ്ങളുടെ ജീവിതത്തോത് അങ്ങനെ ഉയരുന്നതാണ്. ഇതിൽ പദ്ധതി പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വ്യവസായങ്ങളുടെ പൊതുസ്വഭാവത്തെയും പദ്ധതിയിൽനിന്നു നടപ്പാക്കുന്ന പരിപാടികളേയുംകുറിച്ച് നമുക്കു ഒന്നോടിച്ചുനോക്കാം.

## മത്സ്യവ്യവസായം

പദ്ധതിപ്രദേശത്തിൻെറ 30 മൈലോളം സമുദ്രതീരത്തോട് തൊട്ടുകിടക്കുന്നു. ഇവിടെയുള്ള ജനങ്ങളിൽ കൂടുതലും കടലിൽനിന്നുള്ള മീൻപിടുത്തത്തെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കടലിൽനിന്ന് മീൻപിടിക്കുന്നതിന് അനുകൂലമായ കാലാവസ്ഥ ആണ്ടിൽ അഞ്ചാറു മാസക്കാലത്തോളമേ ഉണ്ടായിരിക്കയുള്ളു. കാലാവസ്ഥയുടെ പ്രാതികൂല്യം, വള്ളം, വല തുടങ്ങിയ ഉപകരണങ്ങളുടെ അപര്യാപ്തത എന്നീ വിഷമതകളെല്ലാം തരണം ചെയ്തുവേണം ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ജീവിക്കാൻ. തൊഴിൽപരമായ ഈ അവശതകൾക്കു പുറമേ ശരിയായ വീടുകളോ, ശുചീകരണസൗകര്യങ്ങളോ ഇല്ലാതെ അവരുടെ കുടുംബജീവിതം ഏററവും അനാരോഗ്യകരമായിരിക്കുന്നു. ഭവനനിർമ്മാണം, ശുചീകരണപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ പദ്ധതി കൈക്കൊണ്ടിട്ടുള്ള പരിപാടികൾ ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചു കഴിഞ്ഞു. തൊഴിൽപരമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന

തിന് പദ്ധതിയിൽനിന്നും പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. മീൻപിടുത്തവും മത്സ്യവ്യവസായവും അഭിവൃദ്ധിപ്പെടുത്തുന്നതിന് പഞ്ചവത്സരപദ്ധതിയിൽ പല പരിപാടികളുമുണ്ട്. നെയ്യാററിൻകര—വിളവംകോട് സാമൂഹ്യവികസനപദ്ധതിപ്രദേശത്ത് നടപ്പിലാക്കുന്ന പരിപാടികൾ ചുവടെ ചേർക്കുന്നവയാണ്.

1. ഒന്നിലധികം വള്ളങ്ങൾ ഒരു യാന്ത്രികബോട്ടിനോട് ബന്ധിച്ച് പുറം കടലിൽ പോയി മത്സ്യംപിടിക്കുവാൻ സൗകര്യപ്പെടുത്തുക.

2. മത്സ്യം ശരിയായി ഉണക്കുവാൻവേണ്ട സജ്ജീകരണങ്ങളോടെ തറകൾ കെട്ടുക.

3. മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹകരണസംഘങ്ങൾ ഏർപ്പെടുത്തി വില്പനക്കാര്യത്തിൽ ഇടത്തട്ടുകാരെ ഒഴിവാക്കുക.

ഇതിൽ ആദ്യം പറഞ്ഞ പരിപാടി സാങ്കേതികസഹകരണ പദ്ധതിയനുസരിച്ച് നടക്കുന്ന പരീക്ഷണങ്ങൾ പൂർത്തിയാക്കിയതിനുശേഷമേ നടപ്പിൽ വരുത്താൻ സാധ്യമാകൂ. മീനുണക്കുവാനുള്ള സ്ഥലത്തിൻെറ പണികൾ ആരംഭിച്ചിട്ടുണ്ട്. സഹകരണസംഘങ്ങൾ ഏർപ്പെടുത്തുവാൻ തുടങ്ങിക്കഴിഞ്ഞു. തൊഴിലാളികൾക്ക് അവരുടെ പ്രയത്നത്തിൻെറ പരമാവധി പ്രയോജനം ലഭ്യമാക്കണമെന്നതാണുദ്ദേശം.

## കൈത്തറി

പദ്ധതിപ്രദേശത്ത് 20,000 കൈത്തറികളുണ്ട്. ഉല്പന്നങ്ങൾ വിററഴിക്കാൻ വേണ്ടത്ര ഏർപ്പാടുകൾ ഇല്ലാത്തതാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. മിൽത്തുണികളുമായി മത്സരിക്കേണ്ടിവരുന്നതും ആകർഷകമായ രീതിയിൽ നല്ലയിനം തുണികൾ ഉല്പാദിപ്പിക്കാൻ സാധിക്കാത്തതുമാണ് വില്പന മന്ദഗതിയിൽ ആകാൻ കാരണം. സംസ്ഥാനത്തെ കുടിൽവ്യവസായ ബോഡ് കൈത്തറിവ്യവസായം അഭിവൃദ്ധിപ്പെടുത്താൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പദ്ധതിയിൽനിന്നും കലണ്ടറിംഗിനും ബ്ലീച്ചിംഗിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്നതാണ്. ബനിയൻ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു തൊഴിൽശാലക്ക് പദ്ധതിയിൽനിന്ന് പല വിധത്തിലും പ്രോത്സാഹനം നല്കിവരുന്നു. കുറേപ്പേരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇതുമൂലം സാധ്യമാകുന്നുണ്ട്.

## ചക്കരനിർമ്മാണം

പദ്ധതിപ്രദേശത്ത് 60,000ത്തോളം തൊഴിലാളികൾ പനചെത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. ചക്കരനിർമ്മാണംകൊണ്ട് ഉപജീവിക്കുന്ന അനേകായിരം കുടുംബങ്ങളുമുണ്ട്. ഈ വ്യവസായം അഭിവൃദ്ധിപ്പെടാതിരിക്കുന്നതിൻെറ കാരണങ്ങൾ പലതാണ്. ഒന്ന്, ചക്കര വിററഴിക്കുവാൻ ശരിയായ ഏർപ്പാടുകൾ ഇല്ലാത്തത്. രണ്ട്, വലിയ ഉല്പാദനച്ചിലവ്. മൂന്ന്, പുതിയ രീതിയിലുള്ള അടുപ്പും തട്ടും ഉപയോഗിക്കാത്തത്. നാല്, വിറകിൻെറ ദൗർല്ലഭ്യവും വിലക്കൂടുതലും. നല്ല

ഉപകരണങ്ങൾ നല്കുന്നതിലും ഉല്പന്നം വിററഴിക്കുന്നതിലും കുടിൽവ്യവസായ ബോർഡ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. കുറഞ്ഞ വിലക്ക് വിറക് നല്കുന്ന കാര്യത്തിലാണ് പദ്ധതിയുടെ ശ്രദ്ധപതിഞ്ഞിട്ടുള്ളത്. പദ്ധതി നേരിട്ട് വനം ഡിപ്പാർട്ടുമെൻറിൽനിന്ന് വിറക് വാങ്ങി സ്ഥലത്തുകൊണ്ടുവന്ന് സഹകരണസംഘങ്ങൾ മുഖേന തൊഴിലാളികൾക്ക് വിതരണംചെയ്യുന്നു. ഇതുകൊണ്ട് ആവശ്യത്തിനുള്ള വിറക് ബുദ്ധിമുട്ട് കൂടാതെ ലഭിക്കുമെന്നുതന്നെയല്ല, വില മിതവുമായിരിക്കും.

## എണ്ണയാട്ട്

ഈ പ്രദേശത്ത് 500 ഓളം നാടൻചക്കുകളിൽ എണ്ണയാട്ടിവരുന്നുണ്ട്. ഇതെല്ലാം പഴയരീതിയിലുള്ള ചക്കുകളാണ്. വളരെ സമയം പ്രവർത്തിച്ചാൽത്തന്നെ തീരുന്നത് താരതമ്യേന തീരെക്കുറച്ച് ജോലിയായിരിയ്ക്കും. വാർധാരീതിയിലുള്ള ചക്കുകൾ ഏർപ്പെടുത്തുന്നതുമൂലം കൂടുതൽ ലാഭമുണ്ടാക്കാൻ കഴിയുന്നതാണ്. ഇത്തരം ചക്കുകൾ വായ്പവ്യവസ്ഥയിൽ പദ്ധതിയിൽനിന്ന് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ട്.

## തേനീച്ച വളത്തൽ

ഈ പ്രദേശത്ത് മുമ്പുതന്നെ പ്രചരണത്തിലിരുന്ന ഒരു ഉപതൊഴിലാണിത്. ഇനിയും അതു വികസിപ്പിക്കാൻ ധാരാളം സാധ്യതകളുണ്ട്. തേക്കുതടികൊണ്ട് നല്ല തേനീച്ചക്കൂടുകൾ ഉണ്ടാക്കി വളരെ മിതമായ വിലയ്ക്ക് വിതരണംചെയ്യുവാൻ പദ്ധതിയിൽനിന്ന് നടപടി എടുത്തുവരുന്നു. ഇതിനകംതന്നെ 100 ഓളം കൂടുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

## കളിമൺപാത്രനിർമ്മാണം

ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ രണ്ടു വിധത്തിൽ സഹായിക്കാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. മൂലധനം മുടക്കാനില്ലാത്തവക്ക് വായ്പകൾ നല്കുക. പാത്രനിർമ്മാണത്തിനാവശ്യമായ വിറക് കുറഞ്ഞ വിലയ്ക്ക് വിതരണംചെയ്യുക. സഹകരണസംഘങ്ങൾ മുഖേനയാണ് ഈ പരിപാടികൾ നടപ്പാക്കുന്നത്. ഇതിനകം രണ്ടായിരത്തോളം രൂപയും 100 ടണ്ണോളം വിറകും ഇങ്ങനെ വിതരണം ചെയ്തിട്ടുണ്ട്.

## പനയോലനെയ്ത്തു

പദ്ധതിപ്രദേശത്തു പനയോലകൊണ്ട് വട്ടി, കുട്ട, പായ്, മററു കൗതുകവസ്തുക്കൾ എന്നിവ നെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന അനേകായിരം തൊഴിലാളികളുണ്ട്. ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടത്തക്കവണ്ണം വില്ക്കുവാൻ കഴിയാത്തതാണ് ഈ തൊഴിൽ വളരാതിരിക്കുവാൻ കാരണം.

ഒരു സഹകരണസംഘം രൂപീകരിച്ചു പനയോല വിലയ്ക്കു വാങ്ങി നെയ്ത്തുകാരെ ഏല്പിയ്ക്കുവാനും നെയ്തുവരുന്ന സാധനങ്ങൾ അവരോടു ന്യായമായ വിലക്ക് വാങ്ങി വില്പന നടത്തുവാനുംവേണ്ടി സഹകരണസംഘങ്ങൾ രൂപീകരിയ്ക്കാൻ തീരുമാനിച്ചിരിയ്ക്കുന്നു. ആദ്യത്തെ ഒരു വഷത്തേക്ക് ഈ ഏപ്പാടുകൾ പദ്ധതിയിൽനിന്നു നേരിട്ടു നടത്തും. അതിനുശേഷം കേന്ദ്രസഹകരണസംഘത്തെ അത് ഏല്പിച്ചുകൊടുക്കുന്നതാണ്.

## മററു ചെറുകിടവ്യവസായങ്ങൾ

പദ്ധതിപ്രദേശത്തു മുൻപറഞ്ഞ വ്യവസായങ്ങൾ കൂടാതെ മററു പല ചെറുകിട വ്യവസായങ്ങൾക്കും പ്രോത്സാഹനങ്ങൾ നല്കിവരുന്നുണ്ട്. വായ്പകൾ നല്കിയും, അസംസ്കൃതസാധനങ്ങൾ തൊഴിലാളികളുടെയിടയ്ക്കു വിതരണം ചെയ്തും, ഉല്പന്നങ്ങൾ വിലയ്ക്കുവാങ്ങി വിററും പല വ്യവസായങ്ങളും പ്രോത്സാഹിപ്പിയ്ക്കാനാണ് പദ്ധതി ഉദ്ദേശിയ്ക്കുന്നത്. ഇതെല്ലാംതന്നെ സഹകരണസംഘങ്ങൾ മുഖേന നടപ്പാക്കുന്നതായിരിയ്ക്കും. തൊഴിലാളികൾക്ക് പ്രയത്നത്തിൻെറ പരമാവധി പ്രയോജനം നല്കാൻ കഴിയണമെന്നുള്ളതാണ് ഉദ്ദേശം. ഇതിനുവേണ്ടി പല സഹകരണസംഘങ്ങളും സംഘടിപ്പിച്ചുവരുന്നു.

## വൈദ്യുതീകരണം

കൃഷിയുടേയും വ്യവസായത്തിൻേറയും പുരോഗതിയ്ക്കു വിദ്യുച്ഛക്തി എത്രമാത്രം പ്രയോജനപ്പെടുത്താമെന്നുള്ളതു മുൻപുതന്നെ വിവരിച്ചുകഴിഞ്ഞു. പദ്ധതിപ്രദേശത്തു ഇപ്പോൾ വിദ്യുച്ഛക്തി കിട്ടാത്ത സ്ഥലങ്ങളിൽ കൃഷിയ്ക്കും വ്യവസായങ്ങൾക്കുംവേണ്ടി വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കുന്നതാണ്. 15 മൈൽ ദൂരംവരെ പുതുതായി വിദ്യുച്ഛക്തി എത്തിച്ചുകൊടുക്കാൻ വേണ്ട സജ്ജീകരണങ്ങൾ പൂത്തിയായിട്ടുണ്ട്. രണ്ടു ലക്ഷം രൂപയാണ് തല്ക്കാലം ഇതിന്നു ചെലവാക്കുന്നത്.

## പൊതുജനസഹകരണം

സാമൂഹ്യവികസനപദ്ധതികൾ വിജയിയ്ക്കുന്നുവെന്നു പറയണമെങ്കിൽ അവയ്ക്കു വേണ്ടത്ര പൊതുജനസഹകരണം ലഭിയ്ക്കണം. പൊതുജനസഹകരണമില്ലാതെ ഒരൊററ പരിപാടിയും മുന്നോട്ടു നീങ്ങുകയില്ല. നെയ്യാററിൻകര വിളവംകോടു സാമൂഹ്യവികസനപദ്ധതിയുടെ നേട്ടങ്ങൾ ഇക്കാര്യത്തിൽ തികച്ചും അഭിമാനാഹമാണ്. കഷ്ടിച്ച് 4 ലക്ഷം രൂപാ വിലവയ്ക്കാവുന്ന സ്ഥലം നാട്ടുകാർ സംഭാവനചെയ്തിട്ടുണ്ട്. ടേഡ്സ്കൂൾ പണിചെയ്ത സ്ഥലം തന്നെസംഭാവന ലഭിച്ചതാണെന്നു പറഞ്ഞതല്ലോ. പണമായി കിട്ടിയ സംഭാവനകൂടാതെ അനേകായിരം പേരുടെ അധ്വാനവും സൗജന്യമായി ലഭിച്ചിട്ടുണ്ട്. ഇതിന്നു വിലയിരുത്തുന്നപക്ഷം അതു $1\frac{1}{2}$ ലക്ഷം രൂപായിലധികംവരും. ഗവമ്മേണ്ടിൽനിന്ന് ഈ പദ്ധതിയുടെ പ്രവത്തനത്തിന് ഇതേവരെയായി ചിലവാ

ക്കിയിട്ടുള്ളതു, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂടാതെ, 916000 ത്തോളം രൂപയാണ്. പരിപാടികറം ഓരോന്നും പൂർത്തിയായിവരുമ്പോറം നാട്ടുകാരുടെ സംഭാവനത്തോത് ഇനിയും വദ്ധിക്കുമെന്നാശിക്കാം.

## കുടിൽവ്യവസായത്തിൽ ഒരു പുതിയ പരീക്ഷണം

ഒരു പുതിയ പരീക്ഷണമെന്നു പറഞ്ഞതുകൊണ്ട് മററെങ്ങും പരീക്ഷിച്ച്നോക്കിയിട്ടില്ലാത്ത ഒന്നിനേപ്പററിയാണ് പറയാൻ പോകുന്നതെന്ന് ധരിക്കരുത്. ജപ്പാൻ, സ്വിററ്സർലൻഡ് മുതലായ സ്ഥലങ്ങളിൽ വിജയകരമായി നടപ്പാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് പരീക്ഷണാത്ഥം ഇപ്പോറം നെയ്യാററിൻകര—വിളവംകോട് സാമൂഹ്യവികസനപദ്ധതി പ്രദേശത്ത് നടപ്പാക്കിയിട്ടുള്ളത്. കുടിൽവ്യവസായങ്ങറം അഭിവൃദ്ധിപ്പെടുത്തുവാനും, കരകൗശലവേലക്കാക്ക് കൂടുതൽ തൊഴിലുണ്ടാക്കിക്കൊടുക്കുവാനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ഇത്. ആധുനിക നിമ്മാണസമ്പ്രദായങ്ങറം സ്വീകരിക്കാത്തതാണ് നമ്മുടെ കുടിൽവ്യവസായങ്ങറം അഭിവൃദ്ധിപ്പെടാതിരിക്കുവാനുള്ള ഒരു കാരണം. യന്ത്രനിമ്മിതമായ സാധനങ്ങളുമായി ഒരു തരത്തിലും മത്സരിക്കുവാനുള്ള കഴിവ് നമ്മുടെ കുടിൽവ്യവസായോല്പന്നങ്ങറക്കില്ലാത്തതുകൊണ്ട് കുടിൽവ്യവസായങ്ങറം ക്ഷയിച്ചുപോകുന്നു. ഒരു പമ്പ് നമുക്ക് ആവശ്യമുണ്ടെന്നിരിക്കട്ടെ. വെളിയിൽനിന്നു വരുന്ന ഒരു പമ്പു വാങ്ങുകയാണ് ഇപ്പോറം എളുപ്പമായിട്ടുള്ളത്. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ ഒരു കൊല്ലനെക്കൊണ്ട് പമ്പു പണിയിക്കാമെന്നുവെച്ചാൽ ഇപ്പോഴത്തെ രീതിയിൽ പണിഞ്ഞുകിട്ടാൻ വളരെ ദിവസമെടുക്കുന്നതിനുപുറമേ വെളിയിൽനിന്നു വാങ്ങാൻകിട്ടുന്ന പമ്പുപോലെ മെച്ചപ്പെട്ട ഒന്നായിരിക്കുകയുമില്ല, അത്. ഇതുകൊണ്ട് പണിക്കാരനും നഷ്ടമേയുള്ളു. വളരെ ദിവസത്തെ ബുദ്ധിമുട്ടിന് അനുസരണമായ കൂലി ലഭിക്കണമെങ്കിൽ അതിൻെറ വില വെളിയിൽനിന്നു വാങ്ങുന്ന പമ്പിൻെറ വിലയേക്കാറം കൂടുതൽ വയ്ക്കണം. ഇല്ലെങ്കിൽ മുതലാകുകയില്ല. നേരേമറിച്ച് ധാരാളം പമ്പുകറം നിമ്മിക്കുകയും അതിൻെറ ഓരോ ഭാഗവും ഓരോരുത്തരായി പണിയുകയും ചെയ്താൽ അവരവരേറെറടുക്കുന്ന ഭാഗം ഭംഗിയായി പണിയുന്നതിനും, വേണ്ട ഉപകരണങ്ങറം ഉപയോഗിച്ച് കൂടുതൽ നിമ്മിക്കുന്നതിനും സാധിക്കും. ഒടുവിൽ പല ഭാഗങ്ങളെല്ലാം കൂടി യോജിപ്പിച്ചാൽ മതിയാകും. വെളിയിൽനിന്നു വരുന്ന സാധനങ്ങളേക്കാറം ഉറപ്പും ഭംഗിയുമുള്ള സാധനങ്ങറം അതിൽ കുറഞ്ഞ വിലക്ക് ഇങ്ങനെ ഉണ്ടാക്കാൻ കഴിയും. വാച്ചിൻെറ സൂചി, വലുതും ചെറുതും ആയ ചക്രങ്ങറം, ഡയൽ എന്നിവയെല്ലാം പ്രത്യേകം പ്രത്യേകമായി ഓരോ വിഭാഗം തൊഴിലാളികറം പണിത് അവസാനം അവയെല്ലാം യോജിപ്പിച്ച് വാച്ചിൻെറ രൂപത്തിലാക്കിയാണ് സ്വിററ്സർലൻഡിൽനിന്ന് വെളിയിലേക്കയക്കുന്നത്. ഇവിടെ നമുക്കും ഈ സമ്പ്രദായം വിജയകരമായി നടപ്പാക്കാൻ സാധിക്കും. ഇരുമ്പുപണിക്കാരേയും തകരപ്പണിക്കാരേയും മരപ്പണിക്കാരേയും എല്ലാം ചേത്ത്

നെയ്യാററിൻകര–വിളവംകോട് സാമൂഹ്യവികസന പദ്ധതി പ്രദേശത്ത് ഒരു സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്. കൈപ്പമ്പുകൾ, ഇലക്ട്രിക്ലൈനുകൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രപ്പാവകൾ, വിവിധ തരത്തിലുള്ള കാർഷികോപകരണങ്ങൾ, പാചകയന്ത്രങ്ങൾ, സൈക്കിളുകളുടെ ഭാഗങ്ങൾ എന്നിങ്ങനെ പല സാധനങ്ങളും മുൻപറഞ്ഞവിധം ഈ തൊഴിൽക്കാരെല്ലാവരും ചേർന്ന് നിർമ്മിക്കാൻ സാധിക്കും. ഉറപ്പിലും ഭംഗിയിലും ഇതേ ഇനത്തിലുള്ള ഇറക്കുമതിസാധനങ്ങളേക്കാൾ മെച്ചപ്പെട്ടവയായതുകൊണ്ട് ഇവയെല്ലാം ധാരാളം ചിലവുവരുമെന്നുള്ളതിൽ സംശയമില്ല. ഇതിൽ പലതും ഗവർമ്മേൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകൾക്കുതന്നെ ആവശ്യമുള്ളവയാണ്. അതുകൊണ്ട് സാധനങ്ങൾ ചിലവാകാതെവരുമെന്ന് ഭയപ്പെടേണ്ടതില്ല. ഇതിൽ ഏർപ്പെടുന്ന പണിക്കാർക്കു വേണ്ട സാങ്കേതിക ഉപദേശങ്ങളും, അസംസ്കൃതസാധനങ്ങളും, പുതിയ രീതിയിലുള്ള യന്ത്രങ്ങളും നല്കണമെന്നേയുള്ളു. സഹകരണസംഘങ്ങൾ വഴിയായും മററു തരത്തിലും ഈ ചുമതല പദ്ധതിയിൽനിന്നും ഏറെറടുത്തിട്ടുണ്ട്. ഏററവും പുതിയ രീതിയിലുള്ള യന്ത്രങ്ങളും ഒരിയ്ക്കൽ പ്രവർത്തിച്ച് കാണിച്ചുകൊടുത്താൽ പിന്നെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യുവാനുള്ള ബുദ്ധിശക്തിയും ഭാവനാസമ്പത്തും ഉള്ളവരാണ് നമ്മുടെ ഗ്രാമീണ കരകൗശലവേലക്കാർ. കൈപ്പമ്പുകൾ, ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറിലേക്കാവശ്യമുള്ള സാധനങ്ങൾ എന്നിവയാണ് ഇപ്പോൾ ഈ പദ്ധതിയനുസരിച്ച് നിർമ്മിച്ചുവരുന്നത്. മുന്നൂറിലധികം അംഗങ്ങളുള്ള 40 ഓളം കുടുംബക്കാർക്ക് ഇതുമൂലം സ്ഥിരമായി ജോലി കിട്ടിത്തുടങ്ങിയിട്ടുണ്ട്. കയ്യിലുള്ളതും കടംവാങ്ങിയതുമായി നാലോ അഞ്ചോ രൂപാ മുടക്കി, ഇരുമ്പോ, മരമോ, തകരമോകൊണ്ട് സാധനങ്ങളുണ്ടാക്കി അതിൻെറ വില്പനക്കായി സമയം കാത്തിരുന്ന ഒട്ടധികമാളുകൾക്ക് സ്ഥിരമായി ജോലിയും നിശ്ചിതമായ കൂലിയും ലഭിക്കുമെന്നു വരുന്നത് ചെറിയൊരു കാര്യമല്ല. ഇതൊരു സംഗതി. മറെറാന്ന്, ഈ തൊഴിൽക്കാർക്കെല്ലാം ഇപ്പോൾ ജീവിതമാർഗ്ഗത്തിനുള്ള തൊഴിൽ ചെയ്തുകഴിഞ്ഞ്, വിജ്ഞാനത്തിനും വിനോദത്തിനുംവേണ്ടി വിനിയോഗിക്കാൻ വേണ്ടത്ര സമയവും ലഭിക്കുന്നുവെന്നുള്ളതാണ്. ഇതിലും പ്രധാനപ്പെട്ട മറെറാരു കാര്യമുണ്ട്. അരിവാളുകളും, മരക്കസേരകളും, പാട്ടവിളക്കുകളും മാത്രം ഉണ്ടാക്കുവാനേ തങ്ങളേക്കൊണ്ട് സാധ്യമാകൂ എന്നു കരുതിയിരുന്ന തൊഴിലാളികൾക്ക് ഏററവും പുതിയ രീതിയിലുള്ള യന്ത്രങ്ങൾ, ആകർഷകങ്ങളായ വിനോദവസ്തുക്കൾ ഇവയെല്ലാം നിർമ്മിയ്ക്കുവാൻ പ്രാപ്തരാണ് തങ്ങളെന്ന് ബോധ്യപ്പെടാൻ കഴിയുന്നത് ഏററവും സംതൃപ്തികരമായ ഒരു കാര്യമാണ്. അവരവരുടെ തൊഴിലുകളിലുള്ള താല്പര്യവും, സാമർത്ഥ്യവും, അഭിമാനവും അങ്ങനെ വികസിച്ചുവരുന്നു. വളരെയധികം വളരാൻ സാധ്യതയുള്ള ഈ പ്രസ്ഥാനത്തിൻെറ ആരംഭമേ ആയിട്ടുള്ളു. അത് പടർന്നു പന്തലിക്കുമ്പോൾ അനേകമായിരം തൊഴിലാളികൾക്ക് സ്ഥിരമായി ജോലിയും കൂലിയും ലഭിക്കുമെന്നു മാത്രമല്ലാ, ഓരോ വർഷവും ഗവർമ്മേൻറിൽനിന്നും ജനങ്ങ

ളിൽനിന്നും വെളിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിയ്ക്കുന്ന ലക്ഷക്കണക്കിനു രൂപാ നമ്മുടെ നാട്ടിൻപുറത്തെ തൊഴിലാളികളുടെ കയ്യിൽത്തന്നെ ചെന്നുചേരാൻ ഇടവരുകയും ചെയ്യും.

ഇനി ഈ പദ്ധതി അനുസരിച്ചുള്ള പണികഠം നടക്കുന്നതെങ്ങനെയെന്നു നോക്കാം. കൈപ്പമ്പുകളോ, ഇലക്ട്രിക്ക് ലൈൻ ഉപകരണങ്ങളോ, പരിഷ്കൃതരീതിയിലുള്ള കൃഷിയായുധങ്ങളോ, പാചകയന്ത്രങ്ങളോ, സൈക്കിളിന്റെ ഭാഗങ്ങളോ എന്തെങ്കിലും നിർമ്മിയ്ക്കാൻ തീരുമാനിയ്ക്കുമ്പോഠം ആദ്യമായി ഓരോന്നും ഏതെല്ലാം ഭാഗങ്ങളായി വേർതിരിച്ചു പണിയാം എന്നു നിശ്ചയിക്കുന്നു. അങ്ങനെ വിടർത്തിയെടുക്കുന്ന ഘടകങ്ങഠം ഓരോന്നും ഉണ്ടാക്കുന്നതിനു് ഓരോ കൂട്ടരെ ഏല്പ്പെടുത്തുന്നു. ഇതിൽ ചില ഭാഗങ്ങഠം നിർമ്മിയ്ക്കുന്നതിനു പ്രത്യേക സൂക്ഷ്മതയുള്ള യന്ത്രങ്ങഠം ആവശ്യമായിവരും. അങ്ങനെയുള്ള ഉപകരണങ്ങഠം പദ്ധതിയോടനുബന്ധിച്ചുള്ള വർക്ക്ഷാപ്പിലൊ, ട്രേഡ്സ്കൂളിലോ നിർമ്മിച്ചു തൊഴിലാളികഠംക്കു നല്കും. ഇതിന്റെ സഹായത്തോടെ നിർമ്മിതിയുടെ നിരക്കും, വേഗതയും വർദ്ധിപ്പിയ്ക്കാൻ സാധിയ്ക്കും. എല്ലാത്തിന്നും ഒരേ വിധത്തിലുള്ള പൂർണ്ണത ലഭിയ്ക്കുകയും ചെയ്യും. ഇങ്ങനെ പലരായി നിർമ്മിയ്ക്കുന്ന വിവിധഭാഗങ്ങഠം എല്ലാംകൂടി വേറൊരു വിഭാഗം ആളുകഠം ഒരുമിച്ചാക്കുന്നു. ഈ ജോലികളെല്ലാം ഓരോരുത്തർക്കും അവരവരുടെ വീടുകളിലിരുന്നു ചെയ്യാവുന്നതാണ്. തൊഴിലാളികളുടെ വീട്ടിലുള്ള മററു് അംഗങ്ങഠംക്കും ഇതിൽ സഹായിയ്ക്കാൻ കഴിയും. സാധാരണനിലയിൽ ലഭിയ്ക്കാവുന്ന വേറെ ജോലികഠം ചെയ്യുന്നതിൽ ഇതു തടസ്സമാകുകയും ഇല്ല.

പണികഠം പരിശോധിയ്ക്കാനും ആവശ്യമുള്ള നിർദ്ദേശങ്ങഠം നല്കുവാനുമായി സാങ്കേതികപരിചയമുള്ള ഒരു ഉദ്യോഗസ്ഥൻ തൊഴിലാളികളുടെ പണിസ്ഥലങ്ങഠം ഇടയ്ക്കിടയ്ക്കു് സന്ദർശിച്ചുകൊണ്ടിരിയ്ക്കും. എല്ലാ തൊഴിലാളികളുമായി ആലോചിച്ചാണ് ഓരോ പണിയുടേയും കൂലി നിശ്ചയിയ്ക്കുന്നത്. യന്ത്രോപകരണങ്ങളെല്ലാം സഹകരണസംഘങ്ങളുടെ ഉടമസ്ഥതയ്ക്കും നിയന്ത്രണത്തിന്നും വിധേയമായിരിയ്ക്കും. സഹകരണസംഘങ്ങളിൽനിന്നും തൊഴിൽക്കാർക്ക് അസംസ്കൃതസാധനങ്ങഠം നല്കുകയും അവ പണിതീരുമ്പോഠം പരിശോധിച്ചു വാങ്ങുകയും ചെയ്യും. സഹകരണസംഘങ്ങളിലെ അംഗങ്ങളെ മാത്രമേ ഈ പദ്ധതിമൂലമുള്ള സൌകര്യങ്ങഠം പ്രയോജനപ്പെടുത്താൻ അനുവദിയ്ക്കുകയുള്ളു. സഹകരണസംഘത്തിന്റെ നിർവ്വഹണസമിതിയിലുള്ള സഹകരണോദ്യോഗസ്ഥൻ ഇതിന്റെ സാമ്പത്തികവശത്തിന്റേയും, ഇഞ്ചിനീയർ സാങ്കേതികവശത്തിന്റേയും മേൽനോട്ടം വഹിയ്ക്കുന്നതാണ്.

ഇങ്ങനെ ഗവമ്മേൻറ് ആവശ്യങ്ങഠംക്കും പൊതുജനങ്ങളുടെ ആവശ്യങ്ങഠംക്കുമുള്ള സാധനസാമിഗ്രികഠം ന്യായമായ വിലയ്ക്കു മെച്ചപ്പെട്ട രീതിയിൽ ഉണ്ടാക്കികൊടുക്കത്തക്കവിധം ചെറുകിടവ്യവസായങ്ങളെ പ്രോത്സാഹിപ്പിയ്ക്കാനായി വ്യാവസായിക സഹകരണസംഘങ്ങഠം ഏപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഈ പ്രശ്നം പഠിച്ചിട്ടുള്ള എല്ലാ വിദഗ്ധ

ന്മാരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ചെറുകിടവ്യവസായങ്ങളുടെ ഉല്പാദനരീതിയിലും പ്രവർത്തനസമ്പ്രദായങ്ങളിലും വേണ്ട പരിഷ്കരണങ്ങൾ വരുത്തുക എന്നുള്ളത് ഇത്തരം സഹകരണസംഘങ്ങളുടെ കടമയാണ്. അതോടൊപ്പം തൊഴിലാളികൾക്ക ജോലിക്കാര്യത്തിലും കൂലിക്കാര്യത്തിലും കൂടുതൽ സ്ഥിരതയും സങ്കേതികപരിജ്ഞാനവും നല്കി അവരുടെ കഴിവുകൾ വികസിപ്പിക്കുവാനും സാധ്യമാകും. ഇങ്ങനെയുള്ള പരീക്ഷണമാണ് വ്യാവസായിക സഹകരണസംഘങ്ങൾവഴിയായി നെയ്യാററിൻകര–വിളവംകോട്ട സാമൂഹ്യവികസനപദ്ധതിയിൽനിന്നും ഇപ്പോൾ നടപ്പാക്കിവരുന്നതു. തൊഴിലാളികളുടേയും പൊതുജനങ്ങളുടേയും, വിവിധഡിപ്പാർട്ടുമെൻറുകളുടേയും ആത്മാർത്ഥമായ സഹകരണത്തിലാണ് ഇതിൻെറ വിജയം സ്ഥിതിചെയ്യുന്നതു. നമ്മുടെ ചെറുകിടവ്യവസായങ്ങളുടെ പ്രവത്തനസമ്പ്രദായത്തിൽ ചരിത്രം സൃഷ്ടിയ്ക്കുന്ന ഈ പദ്ധതി പരിപൂർണ്ണമായി വിജയിയ്ക്കുമെന്നു ആശിക്കാം.

# വികസനബ്ലോക്കുകൾ

1952 ഒക്ടോബറിൽ ആരംഭിച്ച രണ്ടു് സാമൂഹ്യവികസന പദ്ധതികളേപ്പററിയാണു് ഇതേവരെ പറഞ്ഞതു്. 1953 ഒക്ടോബർ രണ്ടാം തീയതി നാലു വികസനബ്ലോക്കുകൾകൂടി തിരുവിതാംകൂർ–കൊച്ചിയിൽ തുടങ്ങി. കുട്ടനാടു്, അഗസ്തീശ്വരം, തിരുവല്ലാ, മൂവാററുപുഴ എന്നിവിടങ്ങളിൽ. സാമൂഹ്യവികസന പദ്ധതിപ്രദേശങ്ങളിലേപ്പോലുള്ള വിപുലമായ പ്രവൎത്തനമാണു് കുട്ടനാടു് വികസന ബ്ലോക്കിൽ നടക്കുന്നതു്. അഗസ്തീശ്വരം, തിരുവല്ലാ, മൂവാററുപുഴ എന്നീ ദേശീയ വികസനസൎവ്വീസ് ബ്ലോക്കുകളിൽ, കുട്ടനാട്ടു ബ്ലോക്കിൽ ചെലവാക്കുന്നതിൻെറ പകുതി തുകയേ ചിലവാക്കുകയുള്ളുവെങ്കിലും ഗ്രാമവികസനത്തിനുള്ള എല്ലാ പരിപാടികളും നടപ്പാക്കുന്നതായിരിക്കും. ദേശീയ വികസനസൎവ്വീസ് ബ്ലോക്കുകളും, സാമൂഹ്യ വികസന ബ്ലോക്കുകളും തമ്മിലുള്ള വ്യത്യാസം മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. ഗവമ്മേൻറിൽ നിന്നും ചെലവാക്കുന്ന സംഖ്യയുടെ കാര്യത്തിൽ മാത്രമാണു് ഇവയുതമ്മിൽ പ്രധാനമായുള്ള വ്യത്യാസം. നിൎമ്മാണപ്രവൎത്തനങ്ങൾ ഏററവും വേഗം കൂടുതൽ സ്ഥലത്തേക്കു് ഫലപ്രദമായ രീതിയിൽ വ്യാപിപ്പിക്കുന്നതിനും ഈ പദ്ധതിമൂലമുള്ള പ്രയോജനം കുറഞ്ഞ കാലയളവിനുള്ളിൽ രാജ്യത്തൊട്ടാകെയുള്ള ഗ്രാമങ്ങളിൽ ലഭ്യമാക്കിത്തീൎക്കുന്നതിനും വേണ്ടിയാണു് ദേശീയവികസനസൎവ്വീസ് ബ്ലോക്കുകൾ ആരംഭിച്ചിട്ടുള്ളതു്. ആദ്യ പഞ്ചവത്സരപദ്ധതിയുടെ കാലാവധിക്കുള്ളിൽ ഇന്ത്യയിൽ ആകെയുള്ള ഗ്രാമങ്ങളിൽ നാലിലൊരു ഭാഗം സ്ഥലത്തു് ദേശീയ വികസന സൎവ്വീസ് അനുസരിച്ചുള്ള പ്രവൎത്തനങ്ങൾ നടപ്പായിക്കഴിയുന്നതാണു്. മുമ്പാരംഭിച്ച വികസന ബ്ലോക്കുകൾക്കു പുറമേ 1954 ഒക്ടോബർമാസത്തിലും നാലു ബ്ലോക്കുകൾകൂടി തിരുവിതാംകൂർ–കൊച്ചിയിൽ പുതുതായി ആരംഭിച്ചു; ചിററൂർ, ഉഴവൂർ, പുളിക്കീഴു്, തിരുവനന്തപുരം എന്നിവിടങ്ങളിൽ. നേരത്തേതന്നെ മാവേലിക്കരയിലാരംഭിച്ചിരുന്ന ബ്ലോക്കു് ഒരു ദേശീയവികസന സൎവ്വീസ് ബ്ലോക്കായി രൂപാന്തരപ്പെടുത്തി. ഈ ബ്ലോക്കുകളിലെല്ലാം അതതു പ്രദേശത്തെ ആവശ്യങ്ങൾക്കനുസരണമായ പ്രവൎത്തനങ്ങൾ നടന്നുവരുന്നു. എല്ലാ ബ്ലോക്കുകളിലും കൃഷി, ജലസേചനം, മുതലായി പല പ്രവൎത്തനങ്ങളിലും സാമ്യമുണ്ടു്. എന്നാൽ ശുദ്ധജലവിതരണം, കുടിൽ വ്യവസായവികസനം തുടങ്ങി പല ബ്ലോക്കുകളേയും പല തരത്തിൽ ബാധിക്കുന്ന ചില പ്രശ്നങ്ങളും പ്രവൎത്തകർ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഈ വികസനബ്ലോക്കുകളിലെയെല്ലാം പ്രവൎത്തനങ്ങൾ പ്രത്യേകം പ്രത്യേകമായി പരിശോധിക്കുക എളുപ്പമല്ല. അതുകൊണ്ടു് കുട്ടനാടു് വികസനബ്ലോക്കിൻെറ പ്രവൎത്തനം പ്രത്യേകമായും മററ

വികസന ബ്ലോക്കുകളുടെ പ്രവത്തനങ്ങറം പൊതുവായും ഒന്നോടിച്ച് നോക്കാം.

## കുട്ടനാട് വികസനബ്ലോക്ക്

കുട്ടനാടിനെപ്പററി ഇതിനു മുമ്പുതന്നെ മററൊരു സന്ദഭ്ത്തിൽ വിശദമായി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. കൂടുതൽ കൃഷിസൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുക, സഞ്ചാരസൗകര്യം വദ്ധിപ്പിക്കുക, ചികിത്സാസൗകര്യങ്ങറം വികസിപ്പിക്കുക, കുടിൽവ്യവസായങ്ങറം അഭിവൃദ്ധിപ്പെടുത്തുക, കന്നുകാലിവളത്തൽ പ്രോത്സാഹിപ്പിക്കുക എന്നു തുടങ്ങിയ പ്രശ്നങ്ങളാണ് അടിയന്തിരമായി നേരിടേണ്ടിയിരിക്കുന്നത്. ബ്ലോക്കിൻെറ പ്രവത്തനത്തിൽ ഈ പരിപാടികറംക്ക് മുൻഗണന നല്കിയിരിക്കുന്നു.

### കൃഷി

മദ്ധ്യതിരുവിതാംകൂറിലെ നെല്ലറയായ കുട്ടനാട്ടിൽ മിക്കവാറും സ്ഥലങ്ങളിൽ ഒരുപ്പൂക്കൃഷിയാണ് നടക്കുന്നത്. വളരെക്കുറച്ച് സ്ഥലത്തുമാത്രമേ ഇരുപ്പൂക്കൃഷി ചെയ്യുന്നുള്ളു. വെള്ളപ്പൊക്കം നിയന്ത്രിയ്ക്കുവാനും അങ്ങനെ പല നിലങ്ങളും ഇരുപ്പൂക്കൃഷി നിലങ്ങളാക്കി മാററുവാനും വേണ്ടി കൈക്കൊണ്ടിട്ടുള്ള പരിപാടികറം മുൻപ് ഒരദ്ധ്യായത്തിൽ നാം കണ്ടുകഴിഞ്ഞു. കൃഷി വദ്ധിപ്പിച്ചാൽ മാത്രം മതിയോ? നെൽക്കൃഷിക്ക് ചാഴി, പുഴ മുതലായവയിൽനിന്നും പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടങ്ങറം ഒഴിവാക്കിയാൽ മാത്രമേ മററു പരിപാടികറംകൊണ്ടുള്ള ഫലം പൂണ്ണമായി ലഭിച്ചുതുടങ്ങുകയുള്ളു. കൃഷിക്കാക്ക് കുറഞ്ഞ വിലക്ക് ഇതിന്നാവശ്യമായ ഔഷധങ്ങറം കുട്ടനാട് ബ്ലോക്കിൽനിന്നും വിതരണംചെയ്യുന്നു. ഗ്രാമസേവകർ നിലങ്ങറം സന്ദശിച്ച് ഔഷധങ്ങറം ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് കഷകരെ മനസ്സിലാക്കിക്കൊടുക്കുകയും ഇതിലേക്കാവശ്യമുള്ള ഉപകരണങ്ങറം പ്രയോഗിച്ച് കാണിച്ചുകൊടുക്കുകയും ചെയ്യും. കുട്ടനാട്ടെ കഷകർ ധാരാളമായി ഇപ്പോറം ഇത്തരം ഔഷധങ്ങറം വാങ്ങി നെൽക്കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്.

തെങ്ങുകറംക്ക് ഒരു തരം രോഗം ബാധിച്ച് ഓലകറം വിളറി മുരടിച്ചുനില്ക്കുന്നത് നിങ്ങറം കണ്ടിരിക്കും. കുട്ടനാട്ട് പല പ്രദേശങ്ങളിലും തെങ്ങിന് ഇത്തരം രോഗം ബാധിച്ചിട്ടുണ്ട്. ഈ രോഗം മാററുവാനും അവ തടയുവാനും വേണ്ട മരുന്നുകറം ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ കഷകക്ക് നല്കിവരുന്നു. ഒട്ടധികം തെങ്ങുകറംക്ക് ബ്ലോക്കിൽനിന്നും ഇത്തരം ചികിത്സകറം നടത്തിയിട്ടുണ്ട്.

നല്ലയിനം വിത്തുകറം വിതരണംചെയ്യാനുള്ള പരിപാടിയും ബ്ലോക്കിൽനിന്ന് നടപ്പാക്കിയിട്ടുണ്ട്. കുട്ടനാട്ടിൽ വെള്ളപ്പൊക്കക്കാലത്ത് കൃഷിചെയ്യാവുന്ന ഒരു തരം വിത്ത് ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ രണ്ടേക്കർ സ്ഥലത്ത് കൃഷി ചെയ്യുകയും അതിൽനിന്നു കിട്ടിയ

വിത്ത് കൃഷകരുടെയിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഇത് കൃഷിചെയ്യുന്നവർ കുറേക്കാലത്തേയ്ക്ക് ഇതിൽനിന്നുള്ള വിളവ് വിത്തിനായിത്തന്നെ ഉപയോഗിക്കും. അതുപോലെതന്നെ ചെമ്പാവിനേക്കാൾ കൂടുതൽ വിളവ് കിട്ടുന്ന മറെറാരു തരം വിത്തും ബ്ലോക്കിൽനിന്നും കൃഷകരുടെ ഇടയ്ക്ക് വിതരണംചെയ്തിട്ടുണ്ട്.

നല്ലയിനം വളം ശരിയായ രീതിയിൽ ഉപയോഗിക്കേണ്ടതിനെക്കുറിച്ച് ഗ്രാമസേവകർ കൃഷകൎക്കുവേണ്ട ഉപദേശങ്ങൾ നൽകിവരുന്നു. ബ്ലോക്കിൽനിന്നും സഹായവിലയ്ക്ക് കൃഷകരുടെയിടയ്ക്ക് വളം വിതരണം ചെയ്യുന്നുണ്ട്. ഗ്രാമസേവകർ വീടുകൾതോറും കയറിയിറങ്ങി നടന്ന് കമ്പോസ്റ്റ്‌വളം നിർമ്മിക്കേണ്ട രീതിയും ഉപയോഗിക്കേണ്ട വിധവും കൃഷകൎക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തുവരുന്നു.

മലക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട പരിപാടികളും കൈക്കൊണ്ടിട്ടുണ്ട്. നല്ലയിനം വിത്തുകൾ ചെറിയ കൂടുകളിലാക്കി ഗ്രാമസേവകർ വഴിയായി വില്പന നടത്തിവരുന്നു. വിദ്യാൎത്ഥികൾ ഒഴിവുസമയം പ്രയോജനപ്പെടുത്തി മലക്കറിക്കൃഷികൾ ചെയ്യുന്നപക്ഷം അവരുടെ പഠിത്തച്ചിലവുകൾക്ക് അത്യാവശ്യമായ തുക അവൎക്കുതന്നെയുണ്ടാക്കുവാൻ കഴിയും. ഇക്കാര്യത്തിൽ വിദ്യാൎത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ബ്ലോക്കിൽനിന്നും മലക്കറിക്കൃഷിമത്സരം നടത്തുന്നുണ്ട്.

തെങ്ങിൻതൈകൾ, മാവിൻതൈകൾ മുതലായവ ഗവൺമെൻറ് കൃഷിത്തോട്ടത്തിൽനിന്ന് വരുത്തിയും ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽത്തന്നെ നട്ടുവളൎത്തിയും കൃഷകർക്കിടയ്ക്ക് വിതരണം ചെയ്തുവരുന്നു. ഗ്രാമസേവകർ ഇത് കൃഷകരുടെ വീട്ടിൽ എത്തിച്ചുകൊടുക്കുന്നതാണ്.

തെങ്ങുകളുടെ ഫലപുഷ്ടി വൎദ്ധിപ്പിക്കുന്നതിനും അവയെ രോഗങ്ങളിൽനിന്നും രക്ഷിക്കുന്നതിനുംവേണ്ടി ശാസ്ത്രീയവളങ്ങൾ കൃഷകൎക്ക് നൽകുന്നുണ്ട്. പദ്ധതിയുടെ ആഭിമുഖ്യത്തിൽ പരീക്ഷണാൎത്ഥം പുകയില, നിലക്കടല, ഗിനിപ്പുല്ല് എന്നിവ കൃഷിചെയ്തു. ഒരു പ്രത്യേക തരം പുകയില ലാഭകരമായി പദ്ധതിപ്രദേശത്ത് കൃഷിചെയ്യാമെന്ന് കണ്ടിരിക്കുന്നു. താല്പൎയ്യമുള്ള കൃഷകൎക്ക് ഇതു കൃഷിചെയ്യുന്നതുസംബന്ധിച്ച ഒത്താശകൾ പദ്ധതിയിൽനിന്നു് ചെയ്തുകൊടുക്കും. മററു കൃഷികൾ സംബന്ധിച്ച പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

## ജലനിവാരണം

കുട്ടനാട്ടെ ജലസേചനവൈഷമ്യങ്ങളേപ്പററി ഇതിനുമുമ്പുതന്നെ വിശദമായി വിവരിച്ചുവല്ലോ. വെള്ളം വററിച്ച് നിലങ്ങൾ കൃഷിക്കൊരുക്കുകയെന്നത് എല്ലാ കൃഷകരും അനുഭവിക്കേണ്ടിവരുന്ന ഒരു വാൎഷികവിഷമതയാണ്. റൊക്കം പണം കൊടുത്ത് സ്വന്തമായി പമ്പുകൾ വാങ്ങിവയ്ക്കാൻ എല്ലാവൎക്കും തരപ്പെടുകയില്ല. അതുകൊണ്ട് വില പിന്നീട് അടച്ചുതീൎക്കത്തക്കവണ്ണം കൃഷകൎക്ക് പമ്പുകൾ കടമായി കൊടുക്കാൻ വേണ്ട ഏൎപ്പാടുകൾ പദ്ധതിയിൽനിന്നും ചെയ്തുവരുന്നു.

ചെറുതരം കൃഷികൾക്ക് ഇതു വളരെ സഹായകമായിരിക്കും. മടകെട്ടുവാനും മററും വേണ്ടി കൃഷികൾക്ക് വായ്പകൾ നല്കുവാനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

## പാലും മുട്ടയും

കന്നുകാലിവളർത്തലിനുവേണ്ടിയുള്ള കേന്ദ്രഗ്രാമപദ്ധതിയേപ്പററി ഇതിനു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. ബ്ലോക്കുപ്രദേശത്തുള്ള കരുമാടിയിൽ ഇങ്ങനെ ഒരു പദ്ധതി ആരംഭിക്കാനുദ്ദേശമുണ്ട്. കന്നുകാലികളുടെ ഇനം നന്നാക്കുന്നതിലും രോഗങ്ങളിൽനിന്ന് അവയെ രക്ഷിക്കുന്നതിലുമാണ് മുഖ്യമായും ശ്രദ്ധ പതിപ്പിക്കുന്നത്. നല്ലയിനത്തിൽപ്പെട്ട വിത്തുകാളകളേയും പോത്തുകളേയും പദ്ധതി കേന്ദ്രത്തിൽ സൂക്ഷിക്കുന്നുണ്ട്. കരുമാടിയിൽ ഒരു മൃഗാശുപത്രിയും, പശുക്കൾക്ക് കൃത്രിമഗർഭോല്പാദനം നടത്തുവാനുള്ള കേന്ദ്രവും ആരംഭിക്കുന്നതാണ്.

പദ്ധതിപ്രദേശത്ത് നല്ലയിനം കോഴികളെ ധാരാളമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ ഒരു കോഴിവളർത്തൽ കേന്ദ്രം നടത്തിവരുന്നു. കരുമാടിയിലും ഇങ്ങനെയൊരു കേന്ദ്രം ആരംഭിക്കുന്നതാണ്. ഇതിനകംതന്നെ ധാരാളം മുട്ടയും കോഴിക്കുഞ്ഞുങ്ങളും ജനങ്ങളുടെയിടയ്ക്ക് വിതരണം ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

തേനീച്ചവളർത്തൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി കൂടുകൾ പണിയിച്ചു വരുത്തി വിതരണംചെയ്തുവരുന്നു.

## മീൻപിടുത്തം

കടൽത്തീരത്തോടടുത്തുകിടക്കുന്ന ഈ ബ്ലോക്കുപ്രദേശത്ത് ഒട്ടധികമാളുകൾ കടലിൽനിന്നും മീൻപിടിച്ച് ജീവിക്കുന്നവരാണ്. മീൻപിടുത്തത്തിനും വില്പനക്കും കൂടുതൽ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്നതുമൂലം ഗണ്യമായ ഒരു വിഭാഗം ജനങ്ങളുടെ ജീവിതത്തോതു ഉയർത്തുവാൻ കഴിയും. ഇതിനുവേണ്ടി ഒരു ലക്ഷത്തോളം രൂപാ ചെലവുചെയ്തു വിപുലമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട പരിപാടികൾ പൂർത്തിയായിരിക്കുന്നു. കുളങ്ങളിലും കിണറുകളിലും ഇട്ടു വളർത്താവുന്ന ഒട്ടധികം ചെറുമീനുകൾ പദ്ധതിയിൽ പ്രത്യേകം കുഴിച്ചിട്ടുള്ള കുളങ്ങളിൽ സംരക്ഷിയ്ക്കപ്പെടുന്നു. ഇതു ജനങ്ങൾക്ക് വിതരണംചെയ്യുന്നതാണ്. പ്രത്യേകമായ ചെലവുകളൊന്നുംകൂടാതെ ഏർപ്പെടാവുന്ന ആദായകരമായ ഒരു ഉപതൊഴിലാണിത്. പ്രത്യേകിച്ചും ധാരാളം കുളങ്ങളുള്ള കുട്ടനാട്ടിൽ.

## ആരോഗ്യവും ശുചീകരണവും

പൊതുജനാരോഗ്യപ്രവർത്തനങ്ങൾക്കായി ഒന്നരലക്ഷം രൂപാ ചെലവാക്കി വേണ്ട നടപടികൾ നടത്താൻ ബ്ലോക്കിൽനിന്നും തീരുമാനിച്ചിട്ടുണ്ട്. ഗവമ്മേൻറിൻെറ അനുവാദത്തോടുകൂടി ഇതിൻെറ വിശദാംശ

ങ്ങാം രൂപീകരിച്ചുവരുന്നു. പദ്ധതിപ്രദേശത്ത് പല സ്ഥലങ്ങളിലും ശുദ്ധജലവിതരണത്തിനുവേണ്ട കുഴൽക്കിണറുകാം കുഴിക്കുന്നുണ്ട്. അമ്പലപ്പുഴയിൽ രണ്ടു വലിയ കുളങ്ങളുടെ അററകുററങ്ങാം തീത്ത് കൽപ്പടവുകാം കെട്ടി ആളുകാംക്ക് കുളിയ്ക്കുവാൻ സൗകര്യപ്പെടുത്തിവരുന്നു.

മലമൂത്രവിസർജ്ജനം ചെയ്യാൻ കക്കൂസുകാം പണിയുന്നത് അനാവശ്യമായ ഒരു ആഭാടമാണെന്നു കരുതുന്ന ചിലർ കണ്ടേക്കാം. ഇതു ശരിയല്ല. തുറസ്സായ സ്ഥലങ്ങളിലും വെള്ളമൊഴുകിക്കൊണ്ടിരിയ്ക്കുന്ന സ്ഥലങ്ങളിലും മലമൂത്രവിസർജ്ജനം ചെയ്യുന്നതുമൂലം ചുററുപാടുകാം മലിനമാകാനും കൊക്കപ്പുഴരോഗം മുതലായി പല സുഖക്കേടുകളും പകരാനും ഇടയാകും. ജനങ്ങാംതന്നെ ഇതിൻെറ ഗൌരവം മനസ്സിലാക്കി പ്രവത്തിയ്ക്കുന്നപക്ഷം വളരെയധികം വിഷമതകാം ഒഴിവാക്കാം. ബ്ലോക്കുപ്രദേശത്തു ശരിയായ കക്കൂസുകാം കെട്ടി മലമൂത്രവിസർജ്ജനത്തിനുപയോഗിക്കാത്തതുകൊണ്ടു പലതരം രോഗങ്ങളും പകരാനിടയാകുന്നുണ്ട്. കുട്ടനാട്ടെ പ്രത്യേകപരിതസ്ഥിതികാംക്ക് യോജിച്ച വിധത്തിൽ കുറഞ്ഞ ചെലവിൽ ഉണ്ടാക്കാവുന്ന ഒരുതരം കക്കൂസിൻെറ മാതൃക ബ്ലോക്കിൻെറ കേന്ദ്ര ആഫീസ് പരിസരത്തിൽ പ്രദശിപ്പിച്ചിരിയ്ക്കുന്നു. ഇത്തരം ഒരു കക്കൂസ് പണിയാൻ 25 രൂപായിലധികം ചെലവുവരികയില്ല. അതു പണിയുന്ന കാര്യത്തിൽ ജനങ്ങാംക്കുവേണ്ട എല്ലാ ഒത്താശകളും ബ്ലോക്കിൽനിന്നു ചെയ്തുകൊടുക്കുന്നതാണ്. കഴിയുന്നിടത്തോളം ആളുകാം ഈ സൌകര്യം പ്രയോജനപ്പെടുത്തുന്നപക്ഷം പരിസരങ്ങാം മലിനമാകാതെ സൂക്ഷിയ്ക്കുന്നതിനും അങ്ങനെ പല രോഗങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനും സാധിയ്ക്കും.

തോട്ടപ്പള്ളിൽ പുതുതായി ചിപ്പും പാലവും പണിയാൻവേണ്ടി കുറേ സ്ഥലം ഗവമ്മേൻറിലേയ്ക്കു് എടുക്കുകയും അവിടെത്താമസിച്ചിരുന്ന കുടുംബങ്ങളെ മാററിത്താമസിപ്പിയ്ക്കുകയും ചെയ്തതിനെപ്പററി മുൻപുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടല്ലോ. ഇങ്ങനെ മാററിത്താമസിപ്പിച്ചവക്കുവേണ്ടി ഒരു മാതൃകാകോളനി ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ ആരംഭിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ട്. വൃത്തിയും വെടിപ്പുമുള്ള വീടുകാം, വിനോദത്തിനും ശുചീകരണത്തിനും മററും ആവശ്യമായ മറേറപ്പാടുകാം ഇവയെല്ലാമുള്ള ഒന്നാംതരം ഒരു കോളനിയായിരിയ്ക്കും ഇത്.

ഇതിനെല്ലാം പുറമേ ഗ്രാമസേവകർ ബ്ലോക്കുപ്രദേശത്തെ വീടുകാം സന്ദശിച്ച് ഭവനശുചീകരണത്തിനും മററും വേണ്ട ഉപദേശങ്ങാം നല്കിവരുന്നു.

## സാമൂഹ്യവിദ്യാഭ്യാസം

ജനങ്ങളുടെയിടക്കു സാമൂഹ്യബോധവും പൊതുവിജ്ഞാനവും വളത്തുന്നതിനുവേണ്ടി ബ്ലോക്കിൽനിന്നും പല പരിപാടികളും കൈക്കൊണ്ടിട്ടുണ്ട്. വേണ്ടത്ര വിദ്യാലയങ്ങാം ഇപ്പോാംത്തന്നെ ഈ പ്രദേശത്തുള്ളതുകൊണ്ടു ഗ്രന്ഥശാലകാം, വായനശാലകാം, സ്പോർട്ട്സ്ക്ലബ്ബു,

കാം, വിനോദകേന്ദ്രങ്ങാം മുതലായവ ആരംഭിയ്ക്കുന്നതിലാണ് പദ്ധതിപ്രവത്തകർ ഇപ്പോാം ശ്രദ്ധിച്ചുവരുന്നതു്.

ഈ പ്രവത്തനങ്ങാംക്കു സ്ഥലത്തെ കാളേജുവിദ്യാത്ഥികളുടേയും മററു പൗരജനങ്ങളുടേയും സഹകരണം വേണ്ടത്ര ലഭിച്ചുവരുന്നു. ഇരുപതോളം സ്പോർട്ട്സ് ക്ലബ്ബുകാം, അത്രയുംതന്നെ സാമൂഹ്യസേവന സംഘങ്ങാം, കുട്ടികാംക്കുവേണ്ടിയുള്ള ക്ലബ്ബുകാം 5 ഗ്രന്ഥശാലകാം എന്നിവ ഇതിനകം ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടു്. കൂടാതെ പല വായനശാലകളും വിനോദശാലകളും ബ്ലോക്കുപ്രദേശത്തു പല സ്ഥലങ്ങളിലായി തുടങ്ങാൻ കഴിഞ്ഞു. ചച്ചായോഗങ്ങളും സമ്മേളനങ്ങളും സംഘടിപ്പിച്ചു കൃഷി, സഹകരണം, കുടിൽവ്യവസായം തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചും ആശയവിനിമയം ചെയ്യാൻ ആളുകാംക്കു സൌകര്യമുണ്ടായിട്ടുണ്ടു്. ജനങ്ങളുടെയിടക്കു് സേവനമനസ്ഥിതിയും സഹകരണബോധവും ഉളവാക്കുവാനും നാട്ടിന്റെ ആവശ്യങ്ങളെപ്പററി പൊതുധാരണ വളത്തുവാനും ഇത്തരം ചച്ചകാം പ്രയോജനപ്പെടുന്നു. ബ്ലോക്കിന്റെ പല ഭാഗങ്ങളിലും പുതുതായി റോഡുകാം വെട്ടാൻ വേണ്ട സ്ഥലം പലരും സസന്തോഷം സംഭാവന ചെയ്തു. സാമൂഹ്യസാംസ്കാരികപ്രവത്തനങ്ങളിൽ സംഘടിതയത്നത്തിന്റെ ആവശ്യം ജനങ്ങാംക്കു നല്ലപോലെ ബോധ്യമായിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല.

## സഞ്ചാരസൗകര്യം

മിയ്ക്കവാറും എല്ലാക്കാലങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്ന കുട്ടനാട്ടു പ്രദേശത്തു സഞ്ചാരസൌകര്യത്തിനുള്ള വിഷമതകളെപ്പററി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. തോടുകാം കടക്കണമെങ്കിൽ നനച്ചു നീന്തേണ്ടതായിവരുന്ന സ്ഥലങ്ങാം ഒരുവക; പാലം ഉണ്ടെങ്കിൽത്തന്നെ അതു് ഒററത്തടികൊണ്ടും മററുമുള്ളവയായതിനാൽ ആത്മഭയംകൊണ്ടു സഞ്ചരിയ്ക്കാൻവയ്യാത്ത സ്ഥലങ്ങാം മറെറാരുവക; വഴികാം ഇല്ലാത്തതുകൊണ്ടു മററുള്ളവരുടെ പുരയിടങ്ങളിൽ കയറാതെ ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തു് എത്തിച്ചേരാൻ നിവൃത്തിയില്ലാത്തതിന്റെ കുഴപ്പം അങ്ങിനെ. ഇങ്ങനെ പല വിഷമപ്രശ്നങ്ങളും അഭിമുഖീകരിയ്ക്കേണ്ടിയിരിയ്ക്കുന്നു. തൊട്ടടുത്തുകൂടി തോടുകാം പോകുന്നുണ്ടെങ്കിലും ജട്ടിയോ ബോട്ടടുക്കുവാനുള്ള മററു സൌകര്യങ്ങളോ ഇല്ലാത്തതുകൊണ്ടു ബോട്ടു കയറണമെങ്കിൽ വളരെദൂരം നടക്കേണ്ടിവരുന്നതും കുട്ടനാട്ടിൽ സാധാരണമാണു്. ജനങ്ങളുടെ സഹകരണത്തോടുകൂടി ഈ അസൗകര്യങ്ങളെല്ലാം കഴിയുന്നിടത്തോളം കുറക്കാൻ ബ്ലോക്കിൽനിന്നു ശ്രമിയ്ക്കുന്നുണ്ടു്. കടത്തുവള്ളങ്ങാം പണിതു പഞ്ചായത്തുകളെ ഏല്പിയ്ക്കുവാൻവേണ്ട നടപടികാം കൈക്കൊണ്ടുവരുന്നു. പല സ്ഥലത്തും ഇങ്ങനെ സഞ്ചാരസൌകര്യം വദ്ധിപ്പിയ്ക്കാൻ കഴിയുമെന്നാണുദ്ദേശിയ്ക്കുന്നതു. ചമ്പക്കുളം പകുതിയിൽ മാങ്ങയിൽതോടിനു കുറുകെ ഒരു പാലം പുതുക്കിപണിയാൻ തുടങ്ങിയിരിയ്ക്കുന്നു. ചമ്പക്കുളം പകുതിയിൽ മൂന്നു സ്ഥലങ്ങളിൽ വലിയ പാലങ്ങാം പണിയുവാനും വേണ്ട പ്രാരംഭനടപടികാം എടുത്തു

കഴിഞ്ഞിട്ടുണ്ട്. ആറാട്ടുകടവിൽ ഒരു ബോട്ടുജട്ടി പണിഞ്ഞുവരുന്നു. കൂടുതൽ ജട്ടികൾ പണിയുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണ്. റോഡുപണിയുവാനുള്ള സ്ഥലം ജനങ്ങളിൽനിന്നു ലഭിയ്ക്കുന്നതനുസരിച്ച് ബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ റോഡുവെട്ടുപണികളും നടത്തിവരുന്നുണ്ട്.

## കുടിൽവ്യവ്യസായം

ബ്ലോക്കുപ്രദേശത്ത് ഏതെല്ലാം കുടിൽവ്യവസായങ്ങൾ വികസിപ്പിയ്ക്കാമെന്നുള്ളതിനേക്കുറിച്ച് അന്വേഷണങ്ങൾ നടത്തിവരുന്നു. അമ്പലപ്പുഴയിൽ സ്ത്രീകൾക്കുവേണ്ടി ഒരു കരകൗശലവിദ്യാലയം തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുസമയമുപയോഗിച്ച് ആദായകരമായ പല കരകൗശലവേലകളിലും ഏർപ്പെടാൻ സ്ത്രീകൾക്കുവേണ്ട പരിശീലനം നല്കുകയെന്നതാണ് ഈ സ്കൂളിൻെറ ഉദ്ദേശം. ബ്ലോക്കിൽനിന്ന് ഇതേവരെ ചിലവാക്കിയ തുകയോളംതന്നെ വരും ഭൂമി, സാധനസാമഗ്രികൾ അധ്വാനം എന്നീ ഇനങ്ങളിലായി ജനങ്ങൾ നല്കിയിട്ടുള്ള സംഭാവനകൾക്കു വിലയിരുത്തിയാൽ. സഹകരണവും സന്നദ്ധസേവനവുംകൊണ്ട് വികസനപ്രവർത്തനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതു തങ്ങളുടെ കടമയാണെന്നു് ജനങ്ങൾക്ക് ബോധ്യമായിട്ടുള്ളതിൻെറ തെളിവാണിതു്.

## ദേശീയവികസനസർവ്വീസ് ബ്ലോക്കുകൾ

എട്ട് ദേശീയവികസനസർവ്വീസ് ബ്ലോക്കുകളാണ് തിരുവിതാംകൂർ–കൊച്ചിയിൽ ആരംഭിച്ചിട്ടുള്ളതെന്നു പറഞ്ഞുവല്ലോ. അതിൽ നാലെണ്ണം 1945 ഒക്ടോബർ മാസത്തിലാണ് ആരംഭിച്ചത്. ആ സ്ഥലങ്ങളിലെല്ലാം പ്രവർത്തനങ്ങൾക്കുള്ള ഒരുക്കങ്ങൾ നടന്നുവരികയാണ്.

1953 ഒക്ടോബർമാസത്തിൽ പ്രവർത്തനമാരംഭിച്ച അഗസ്തീശ്വരം തിരുവല്ലാ, മുവാററുപുഴ എന്നീ ബ്ലോക്കുകളിലും, 1954 ഏപ്രിലിൽ ദേശീയവികസനബ്ലോക്കായി മാററിയ മാവേലിക്കര ബ്ലോക്കിലും ഇതിനകംതന്നെ ശരിയായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൃഷി, കന്നുകാലിവളർത്തൽ, പൊതുജനാരോഗ്യം, ഗ്രാമശുചീകരണം, സാമൂഹ്യവിദ്യാഭ്യാസം, സഞ്ചാരസൌകര്യം, കുടിൽവ്യവസായങ്ങൾ എന്നീ പ്രശ്നങ്ങളിലെല്ലാമാണ് ഇപ്പോൾ ശ്രദ്ധപതിപ്പിച്ചുവരുന്നത്. ഈ നാലു ബ്ലോക്കുകളിലുംകൂടി പൊതുവേയുണ്ടായിട്ടുള്ള ചില നേട്ടങ്ങൾ പരിശോധിച്ചാൽ ആ സ്ഥലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഒരു സാമാന്യസ്വഭാവം മനസ്സിലാക്കാൻ കഴിയും.

കമ്പോസ്റ്റ്വളം എന്തെന്നോ അതെങ്ങിനെയുണ്ടാക്കാമെന്നോ അറിയാൻ ശ്രമിച്ചിട്ടില്ലായിരുന്ന കൃഷകരുടെയിടക്കു കമ്പോസ്റ്റ്വളം നിർമ്മിയ്ക്കേണ്ട രീതികളെപ്പററി വേണ്ട പ്രചരണം നടത്തുകയും ഇതിനകം 1357 കമ്പോസ്റ്റ്വളക്കുഴികൾ കുഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ

നാലു ബ്ലോക്കുകളിലും ചേൻറ് 4000 കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കാനാണുദ്ദേശം. കർഷകർക്ക് ഒന്നിച്ചുചേരുവാനും ആശയവിനിമയം നടത്തുവാനുമായി 5 ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പതിവായി ഒരുമിച്ചു ചേരുവാനും അവരവരുടെ പരീക്ഷണങ്ങളെപ്പററിയും അനുഭവങ്ങളെപ്പററിയും പരസ്പരം അറിയിക്കുവാനും പററിയ ഇത്തരം 40 ക്ലബ്ബുകൾകൂടി ആരംഭിക്കും. ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ 45 കേന്ദ്രങ്ങളിലായി 62 ഏക്കർ സ്ഥലത്തു ജാപ്പനീസ് സമ്പ്രദായത്തിൽ നെൽകൃഷി നടത്തിയിട്ടുണ്ട്. നാലു ബ്ലോക്കുകളിലുംകൂടി 150 കേന്ദ്രങ്ങളിൽ 350 ഏക്കർ സ്ഥലത്തു ഇങ്ങനെ കൃഷി നടത്തണമെന്നാണുദ്ദേശം. എല്ലാ ബ്ലോക്കിലേയും കർഷകർ ഈ കൃഷിസമ്പ്രദായത്തിൽ അത്യധികം താല്പര്യം കാണിച്ചുവരുന്നു. ബ്ലോക്കിൽനിന്നു നേരിട്ടു വിത്തും വളവും വിതരണം ചെയ്യുന്നുണ്ട്. 12,000 ത്തോളം തെങ്ങിൻതൈകളും കമുകിൻതൈകളും ഈ നാലു ബ്ലോക്കിലുമായി ഇതിനകം വിതരണം ചെയ്തു. മൃഗാസ്പത്രികളും കന്നുകാലികൾക്കു കൃത്രിമഗർഭോല്പാദനം നടത്തുന്ന കേന്ദ്രങ്ങളും ഈ ബ്ലോക്കുകളിൽ ആരംഭിക്കുന്നതാണ്. കൃഷിമത്സരം, കാർഷികപ്രദർശനങ്ങൾ, കന്നുകാലിപ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുവാനും തീരുമാനിച്ചിരിക്കുന്നു. എല്ലാ ബ്ലോക്കുകളിലും നല്ലയിനം കോഴികളും മുട്ടകളും വിതരണം ചെയ്യുവാനുള്ള പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യം, ഗ്രാമശുചീകരണം എന്നീ കാര്യങ്ങളിൽ എന്തെല്ലാം പരിപാടികളാണു നടപ്പാക്കുന്നതെന്നു നോക്കാം.

രോഗനിവാരണപ്രവർത്തനങ്ങളേക്കാൾ രോഗനിരോധനപ്രവർത്തനങ്ങൾക്കാണു കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളതു. രോഗനിവാരണപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നില്ല, എന്നല്ലാ ഇതിൻെറ അർത്ഥം. മൂവാററുപുഴ ആശുപത്രിയിൽ ഒരു വാർഡ് പുതുതായി പണികഴിപ്പിച്ചിട്ടുണ്ട്. കൂടുതൽ ചികിത്സാസൗകര്യങ്ങൾ നല്കാൻ വേണ്ട മററു പരിപാടികളും കൈക്കൊള്ളുന്നതാണ്. എല്ലാ ബ്ലോക്കുകേന്ദ്രങ്ങളിലും മിഡ് വൈഫ്മാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉടനെതന്നെ ഇതു നടപ്പാക്കുന്നതായിരിക്കും.

ശുദ്ധജലവിതരണത്തിനുവേണ്ടി ബ്ലോക്കുപ്രദേശങ്ങളിൽ 10 കിണറുകൾ പുതുതായി കുഴിപ്പിക്കുന്നതുകൂടാതെ 33 കിണറുകളുടെ അററകുററങ്ങൾ തീർത്തു അവ ഉപയോഗയോഗ്യമാക്കിത്തീർക്കുകയും ചെയ്യും. ഇതിൽ പലതിൻേറയും പണി പൂർത്തിയായിട്ടുണ്ട്.

18 സ്ഥലങ്ങളിലായി പുഴവക്കുകളിലും കുളക്കടവുകളിലും കല്പടവുകൾ കെട്ടി കുളിക്കുവാൻ സൗകര്യങ്ങളുണ്ടാക്കും.

മലമൂത്രവിസർജ്ജനത്തിനു കക്കൂസുകൾ ഉണ്ടാക്കേണ്ടതു് ഗ്രാമശുചീകരണത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രധാനപ്പെട്ട കാര്യമാണെന്ന് മുൻപുതന്നെ പറഞ്ഞു. ബ്ലോക്കുപ്രദേശങ്ങളിൽ ആകെ 500 കക്കൂസുകൾ കുഴിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 120 എണ്ണം കുഴിച്ചുകഴിഞ്ഞു.

വിജ്ഞാനവും വിനോദവും ഗ്രാമീണരുടെയിടയ്ക്ക് വളർത്തുന്നതിനു വേണ്ടി ബ്ലോക്കുകളുടെ ആഭിമുഖ്യത്തിൽ പല പരിപാടികളും നടപ്പാക്കിയിട്ടുണ്ട്. നാലു ബ്ലോക്കുകളിലുമായി 24 കേന്ദ്രങ്ങളിൽ റേഡിയോകൾ വെക്കുവാൻ തീരുമാനിച്ചു. ഇതിൽ 15 എണ്ണത്തോളം ഇതിനകംതന്നെ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ നമ്മുടെ ഉൾനാട്ടുകളെ ലോകത്തിന്റെ ഇതരഭാഗങ്ങളുമായി ബന്ധിപ്പിച്ചുവരികയാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം ആരംഭിച്ച പല ക്ലബ്ബുകളും ശരിയായ നിലയിൽ പ്രവർത്തനം നടത്തിവരുന്നു. ചിലയിടങ്ങളിൽ വയോജനവിദ്യാലയങ്ങൾ നടത്തുന്നുണ്ട്. വായനശാലകൾ ഗ്രന്ഥശാലകൾ എന്നിവ ഓരോ ഗ്രാമത്തിലും തുടങ്ങണമെന്നാണുദ്ദേശം.

## സഞ്ചാരസൗകര്യം

ബ്ലോക്കുപ്രദേശങ്ങളിൽ നല്ല റോഡുകളും ഇടവഴികളും വെട്ടി സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ മുൻഗണന നൽകിയിട്ടുണ്ട്. പല സ്ഥലങ്ങളിലും റോഡിനുള്ള സ്ഥലം ജനങ്ങൾ സംഭാവന ചെയ്തതുകൂടാതെ റോഡുപണിയും അവർതന്നെ നിർവ്വഹിച്ചിട്ടുണ്ട്. നാലു ബ്ലോക്കുകളിലുമായി 60 മൈലോളം റോഡു പുതുതായി വെട്ടുകയും അററകുററങ്ങൾ തീർക്കുകയും ചെയ്തു. ജനങ്ങൾതന്നെ റോഡിന്റെ മററു പണികൾ തീർത്തുകഴിയുമ്പോൾ കലിങ്കുകളും ചെറിയ പാലങ്ങളും മററും ബ്ലോക്കിന്റെ ചുമതലയിൽ പണിചെയ്യും. ഇങ്ങിനെ പല കലിങ്കുകളുടേയും പണി തീർത്തിട്ടുണ്ട്. ബ്ലോക്കുകളുടെ പ്രവർത്തനകാലാവധിയാകുമ്പോഴേയ്ക്ക് ഉൾനാട്ടുകളിലെ സഞ്ചാരസൗകര്യം പൂർണ്ണമായും വികസിച്ചുകഴിയുമെന്നാശിക്കാം. ജനങ്ങളിൽനിന്ന് സ്ഥലവും മററു സഹകരണങ്ങളും ലഭിക്കുന്നതിനെ ആശ്രയിച്ചാണ് ഇതിന്റെ വിജയം സ്ഥിതിചെയ്യുന്നത്.

## കുടിൽവ്യവസായങ്ങളും കരകൗശലവേലകളും

ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ അവസാനിപ്പിക്കണമെങ്കിൽ കുടിൽവ്യവസായങ്ങളും കരകൗശലവേലകളും അഭിവൃദ്ധിപ്പെടുത്തണം. ഓരോ ബ്ലോക്കിലും നിലവിലുള്ളതും അഭിവൃദ്ധിപ്പെടുത്താവുന്നതുമായ കുടിൽവ്യവസായങ്ങൾ ഓരോ തരത്തിലുള്ളവയാണ്. കരകൗശലവേലകളും അതതു സ്ഥലത്തെ പ്രത്യേക സൗകര്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസരണമായി വികസിപ്പിക്കേണ്ടവയത്രേ. കൈത്തറിനെയ്ത്ത്, കളിമൺപാത്രനിർമ്മാണം, പായ്നെയ്ത്ത്, തേനീച്ചവളർത്തൽ എന്നിങ്ങനെ പല തൊഴിലുകളും ബ്ലോക്കുപ്രദേശങ്ങളിൽ ലാഭകരമായി ചെയ്യാവുന്നവയാണ്. ഇവ അഭിവൃദ്ധിപ്പെടുത്തുവാൻവേണ്ട പരിപാടികൾ രൂപീകരിക്കപ്പെട്ടിരിക്കുന്നു. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ ഈ പദ്ധതികൾ നടപ്പാക്കുവാനാണുദ്ദേശം. ജനങ്ങളുടെ സഹകരണം ഇപ്പോഴത്തേപ്പോലെ തുടന്ന് ലഭിക്കുന്നപക്ഷം ഈ പരിപാടികളെല്ലാം പ്രതീക്ഷയിലും കവിഞ്ഞ് വിജയിക്കുകതന്നെ ചെയ്യും.

വികസനപദ്ധതികൾ എത്രത്തോളം വിജയിക്കുന്നുണ്ടെന്നു് നിശ്ചയിക്കേണ്ടതു്, അവ ജനങ്ങളിൽ എത്രമാത്രം ഉത്സാഹം ഉളവാക്കിയിട്ടുണ്ടെന്നു് നോക്കിയാണു്. ജനങ്ങളുടെ ഉത്സാഹം അളക്കുവാൻ എന്താണു വഴി? വളരെ സൂക്ഷ്മമായിരിക്കുകയില്ലെങ്കിലും ഒരു മാർഗ്ഗമുണ്ടു്. ഭൂമി, സാധനസാമിഗ്രികൾ, അദ്ധ്വാനം എന്നീ ഇനങ്ങളിലായി ജനങ്ങൾ എത്രമാത്രം സംഭാവന ചെയ്തിട്ടുണ്ടെന്നു് നോക്കിയാൽ ബ്ലോക്കുകളുടെ പ്രവർത്തനങ്ങളിൽ എത്രത്തോളം പൊതുജനസഹകരണമുണ്ടായിട്ടുണ്ടെന്നു് ഏറെക്കുറെ ഊഹിക്കാം. ഇതു ശരിയായ കണക്കുകൂട്ടലായിരിക്കുകയില്ല. ജനങ്ങളുടെ സാമ്പത്തികവിഷമതകൾ, ഭൂമിയുടെ വിലക്കൂടുതൽ, ആവശ്യത്തിനു മതിയാവോളം ഭൂമി ഉള്ളവരുടെ കുറവു് തുടങ്ങി പല കാരണങ്ങൾകൊണ്ടും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ സംഭാവന നല്കാൻ ത്രാണിയുള്ളവർ വളരെ ചുരുക്കമാണു്. കാര്യങ്ങൾ ഇങ്ങനെയെല്ലാമിരുന്നാലും ഈ നാലു ബ്ലോക്കുകളിലുമായി ഗവർമ്മെൻറിൽ നിന്നും ഇതേവരെ ചെലവാക്കിയിട്ടുള്ള തുകയോളംതന്നെ ജനങ്ങളും പല രൂപത്തിൽ, സ്ഥലമായും അദ്ധ്വാനമായും മററും, സംഭാവനയായി നല്കിയിട്ടുണ്ടു്. തികച്ചും അഭിമാനകരമായ ഒരു നേട്ടമാണിതു്. ആരംഭിച്ചിട്ടുള്ള പരിപാടികൾ പൂർത്തിയാകുകയും അവയിൽനിന്നു് പ്രയോജനങ്ങൾ സിദ്ധിച്ചുതുടങ്ങുകയും ചെയ്യുന്നതോടെ ഓരോന്നിലും മുൻകൈ എടുത്തു പ്രവർത്തിക്കാനുള്ള താല്പര്യം ജനങ്ങൾക്കു് കൂടുതൽ കൂടുതൽ ഉണ്ടാകുമെന്നുള്ളതിനു് സംശയമില്ല. അതാണു് ഈ പരിപാടികളുടെ വിജയവും.

## അദ്ധ്യായം 5

# അവകാശങ്ങളും കടമകളും

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യമായ നില ഉയർത്തുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള ചില പരിപാടികളെപ്പററിയാണ് നാം ഒന്നോടിച്ചുനോക്കിയതു. പഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിനു മുമ്പ് തുടങ്ങിയവയും അതിനു ശേഷം ആരംഭിച്ചവയുമായ ഒട്ടധികം വികസനപരിപാടികളെപ്പററി ഏതാണ്ടെല്ലാം അറിയാൻ കഴിഞ്ഞു. പഞ്ചവത്സരപദ്ധതി തുടങ്ങുന്നതിനുമുമ്പ് അടിസ്ഥാനമിട്ട പല പരിപാടികളും പിന്നീട് ഈ പദ്ധതിയുടെ ഭാഗമാക്കിത്തന്നെയാണ് നടത്തിവരുന്നതു. സാമൂഹ്യ വികസനപദ്ധതിക്കുള്ള ചിലവുകൂടാതെതന്നെ 29 കോടി രൂപയോളം മററു വികസനപരിപാടികൾക്കായി തിരുവിതാംകൂർ–കൊച്ചിയിൽ ചെലവാക്കുന്നതാണ്. ഇതിൽ 7 കോടി രൂപയോളം കേന്ദ്രഗവമ്മേണ്ടിൽനിന്നു നല്കും. ബാക്കി തുക സംസ്ഥാനത്തെ നികുതി വരുമാനങ്ങളിൽനിന്നുമാണ് ചെലവാക്കേണ്ടതു. പൊതുജനങ്ങൾ പലവിധത്തിലായി ഗവമ്മേണ്ടിനെ ഏല്പിക്കുന്ന തുകയാണിത്. അതുകൊണ്ട് ഈ തുകയിൽ ഓരോ പൈസയും ഏററവും അധികം പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കണമെന്നുള്ളതു ജനങ്ങളുടെ പൊതുആവശ്യമാണ്. കേന്ദ്രഗവമ്മേൻറിൽനിന്നു നല്കുന്ന തുകയും, തിരുവിതാംകൂർ–കൊച്ചിയിലെ ജനങ്ങൾ ഉൾപ്പെട്ട ഭാരതീയജനതയിൽനിന്നും പിരിച്ചെടുക്കുന്ന സംഖ്യയാണല്ലോ. ഇങ്ങനെ ജനങ്ങൾ ഗവമ്മേൻറിലേല്പിക്കുന്ന പണം ജനങ്ങളുടെതന്നെ നന്മയ്ക്കുവേണ്ടി ചിലവാക്കുമ്പോൾ ഗൗരവമേറിയ ഒരു ചുമതല നാം ഏറെറടുക്കേണ്ടതായിവരുന്നു. പൊതുനന്മയ്ക്കുവേണ്ടിയുള്ള ഈ പരിപാടികൾ അങ്ങേയററം വിജയിപ്പിക്കേണ്ടതു് ഓരോരുത്തരുടേയും കടമയാണ്. ഗവമ്മേൻറിൽനിന്നും ചെലവാക്കുന്ന തുക ഏററവും പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുവേണ്ട നിദ്ദേശങ്ങൾ നല്കുവാനുള്ള അവകാശം ഇന്നു ജനങ്ങൾക്കുണ്ട്. തങ്ങളുടെ ആവശ്യങ്ങൾ ചൂണ്ടിക്കാണിക്കുവാനും ഗവമ്മേൻറിനെക്കൊണ്ട് അതു നടത്തിക്കുവാനും കുററങ്ങളോ കുറവുകളോ ഉണ്ടായാൽ അതിനെപ്പററി വിമർശിക്കുവാനും പൊതുജനങ്ങൾക്കധികാരമുണ്ട്. അതോടൊപ്പം ചില കടമകൾകൂടിയുണ്ടെന്നുള്ളതു വിസ്മരിക്കാൻ പാടില്ല. 1000 വഷത്തിനു മുൻപു കാശ്മീരിൽ പൊതുജനസഹകരണത്തിനുവേണ്ടി പ്രയോഗിക്കപ്പെട്ട ഉപായം കണ്ടുകൊണ്ടാണു നിങ്ങൾ ഇതു വായിക്കാൻ ആരംഭിച്ചതുതന്നെ. അന്നു പ്രലോഭനങ്ങളിൽ ഭ്രമിച്ചു പ്രവത്തനനിരതരായ ജനങ്ങൾ പണം തപ്പിയെടുക്കാൻവേണ്ടി നദീതടം തെളിച്ച

സ്ഥലത്തു ഇന്നെന്താണ് കാണുന്നതു? കാഷ്മീരിൽ പല പല ഗ്രാമങ്ങളിലും ഭയങ്കരമായ മഞ്ഞും തണുപ്പും വകവെക്കാതെ ആയിരക്കണക്കു ജനങ്ങൾ നിന്നു തോട്ടവെട്ടുന്നതും റോഡു പണിയുന്നതും കാണാം. പണ്ടത്തെപ്പോലെയുള്ള പ്രലോഭനങ്ങൾക്കു വശപ്പെട്ടിട്ടല്ലാ, സ്വന്തം കടമകൾ മനസ്സിലാക്കിയിട്ടാണ് അവർ ആ ദേശീയവികസനബ്ലോക്കുകളിൽ പണിയെടുക്കുന്നതു. ഇന്ന് ഉപായങ്ങൾ പ്രയോഗിക്കേണ്ട ആവശ്യമില്ല. തങ്ങൾക്കാവശ്യമുള്ളതെന്തെല്ലാമെന്നും അതു നേടേണ്ടതെങ്ങിനെയെന്നും ജനങ്ങൾക്കറിയാം. പൊതുനന്മയ്ക്കുവേണ്ടി സ്വമേധയാ സഹകരിച്ച് പ്രവൎത്തിക്കുവാനും അവരെ ആരും നിൎബ്ബന്ധിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യേണ്ടതില്ലതന്നെ. നമ്മുടെ അവകാശങ്ങളെപ്പററി അറിവുണ്ടായിരിക്കേണ്ടതുപോലെതന്നെ കടമകളേപ്പററിയും ഓൎമ്മയുണ്ടായിരുന്നാൽ മാത്രമേ ജനാധിപത്യവ്യവസ്ഥിതി വിജയിക്കുകയുള്ളു. അപ്പോൾ ഈ വികസനപദ്ധതികൾകൊണ്ടുള്ള പ്രയോജനങ്ങൾ അനുഭവിക്കുവാൻ അവകാശമുള്ളതുപോലെതന്നെ അവ വിജയിപ്പിക്കുവാനുള്ള കടമകളും ജനങ്ങൾക്കുണ്ട്.

1956 മാൎച്ചിൽ ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പരിപാടികൾ പൂൎത്തിയാകും. എന്നാൽ നമ്മുടെ നിൎമ്മാണപരിപാടികൾ അതോടുകൂടി അവസാനിക്കുവാൻ പോകുന്നില്ല. ഒന്നാംപഞ്ചവത്സരപദ്ധതിയുടെ അവസാനം രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആരംഭമാണ്. രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു നിങ്ങൾ അറിഞ്ഞിരിക്കും. ഒന്നാം പഞ്ചവത്സരപദ്ധതി രൂപീകരിക്കുന്നതിനു മുൻപു ജനപ്രതിനിധികളുടെയല്ലാതെ ജനങ്ങളുടെ മുഴുവൻ അഭിപ്രായങ്ങൾ ആരാഞ്ഞറിയാൻ തരപ്പെട്ടിരുന്നില്ല. പദ്ധതിയുടെ നിൎവ്വഹണഘട്ടത്തിൽ മാത്രമാണ് പൊതുജനങ്ങൾക്കു പൂൎണ്ണമായ സഹകരണസന്ദൎഭം ലഭിച്ചതു. അതുകൊണ്ടു പ്രാദേശികാവശ്യങ്ങൾ പ്രത്യേകം പ്രത്യേകം അറിയുവാനോ നിൎദ്ദിഷ്ടമായ പദ്ധതികളുടെതന്നെ പ്രവൎത്തനസാദ്ധ്യതകളെപ്പററി മുൻകൂട്ടി വിശദമായി നിശ്ചയിച്ചുറയ്ക്കുവാനോ സാധിച്ചിരുന്നില്ല. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചില പരിപാടികൾതന്നെ ഇടയ്ക്കു വിട്ടുകളയേണ്ടിവന്നതും ആദ്യം ഉൾപ്പെടുത്താതിരുന്ന ചിലതെല്ലാം പിന്നീടു ചേൎക്കേണ്ടിവന്നതും ഇതുമൂലമാണ്. നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് അതിനൊപ്പിച്ചു പ്രവൎത്തനങ്ങൾ നടത്തുക എന്നതാണ് ശരിയായ നിലയിലുള്ള ആസൂത്രണത്തിൻെറ ലക്ഷണം. ആവശ്യമുള്ളതു പലതും ഉൾപ്പെടുത്താതിരിക്കുകയോ ഉൾപ്പെടുത്തിയിട്ടുള്ളവ വിട്ടുകളയേണ്ടിവരുകയോ പ്രതീക്ഷക്കൊപ്പിച്ചു പണികൾ നടത്താൻ സാദ്ധ്യമല്ലാതായിത്തീരുകയോ ചെയ്യുന്നപക്ഷം അത് ആസൂത്രണത്തിൻെറതന്നെ തരക്കേടാണു. വ്യാപകമായ തോതിൽ പൊതുജനാഭിപ്രായം അറിയുവാൻ വേണ്ട സമയവും സൗകര്യവും ഒന്നാം പഞ്ചവത്സരപദ്ധതി രൂപീകരിച്ച സന്ദൎഭത്തിൽ വളരെ കുറവായിരുന്നു. അടുത്ത തവണ

ഈവക കുറവുകൾ ഒന്നുംതന്നെ ഉണ്ടാകരുതെന്നു ഗവൺമെൻറു നിശ്ചയിച്ചു. 1956 മുതൽ 1961 വരെ നടക്കേണ്ട എല്ലാ വികസനപദ്ധതികളും കഴിവുള്ളിടത്തോളം മുൻകൂട്ടികണ്ടുകൊണ്ടു വിപുലവും വിശദവുമായ നിലയിൽ പ്രവൎത്തനപരിപാടികൾ രൂപപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ വേണ്ട നടപടികൾ എടുത്തു. വിവിധഡിപ്പാർട്ടുമെൻറുകൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ചുമതല നല്കിക്കൊണ്ടുള്ള ഒരു വ്യവസ്ഥയാണ് ഗവൺമെൻറു നിർദ്ദേശിച്ചതു. ഓരോ സ്ഥലത്തും ഏതേതെല്ലാം പരിപാടികളാണ് നടപ്പാക്കേണ്ടതെന്ന് വിശദമായി അറിയിക്കുവാൻ പഞ്ചായത്തുകളോടും മുൻസിപ്പാലിററികളോടും മററും ആവശ്യപ്പെട്ടു. ഇങ്ങനെയുള്ള പരിപാടികൾ രൂപീകരിക്കുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങളും ഗവൺമെൻറ് ഡിപ്പാട്ടുമെൻറുകളും പ്രത്യേകം ശ്രദ്ധിക്കേണ്ട ചില വസ്തുതകളും ഗവൺമെൻറ് അവരുടെ ശ്രദ്ധയിൽപ്പെടുത്തി. അതിൽ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ ഇവയാണ്: ഒന്ന്, തികച്ചും പ്രായോഗികമായ പദ്ധതികൾ മാത്രമേ നിർദ്ദേശിക്കാവൂ. അവയുടെ എല്ലാ വശങ്ങളും ശരിയായി പരിശോധിച്ച് അതിൻെറ പ്രായോഗികത സ്വയം ബോധ്യപ്പെടണം. ഇടക്ക് കൂട്ടിച്ചേക്കേണ്ടതായോ വിട്ടുകളയേണ്ടതായോ ഒന്നുംതന്നെ നിവൃത്തിയുള്ളിടത്തോളം ഉണ്ടായിരിക്കാൻ പാടില്ല. ഓരോ പരിപാടിയും പ്രവൎത്തനത്തിലാക്കുമ്പോൾ അതുമൂലം ജനങ്ങൾക്ക് എത്രത്തോളം തൊഴിൽ ലഭിക്കും എന്ന പരിഗണനയാണ് അടുത്തത്. പരിപാടികൾകൊണ്ടുള്ള മററു പ്രയോജനങ്ങൾ കൂടാതെ അവ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമാകും എന്നതുകൂടി പ്രത്യേകിച്ച് നോക്കേണ്ടിയിരിക്കുന്നു. ഒരു പരിപാടിമൂലം എത്രത്തോളമാളുകൾക്ക് കൂടുതൽ തൊഴിൽ ലഭിക്കുമോ അത്രത്തോളം മുൻഗണന ആ പരിപാടി നല്കുന്നതായിരിക്കും. മറെറാന്നുകൂടിയുണ്ട്. പല കാരണവശാലും ഇതേവരെ വികസിപ്പിക്കാൻ സാധിച്ചിട്ടില്ലാത്ത സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണനകൾ നല്കണമെന്നുള്ളതാണത്. ചില ഡിപ്പാർട്ടുമെൻറുകൾക്ക് ഇതുമൂലം അല്പസ്വല്പം നഷ്ടം സഹിക്കേണ്ടിവന്നേക്കും. എങ്കിലും അത് ആ പ്രദേശത്തിൻെറ ആവശ്യങ്ങൾ നിറവേററുന്നതിൽ തടസ്സമായി നില്ക്കുകയില്ല.

ഇപ്പോൾ രണ്ടാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആസൂത്രണത്തിൻെറ പൊതുനയമെന്തെന്നു നാം കണ്ടു. എങ്ങിനെയാണ് ഈ പരിപാടികൾക്ക് രൂപം നല്കുന്നത്? നിങ്ങളിൽ പലൎക്കും അത് അറിയാമായിരിക്കും. അതതു പ്രദേശത്തെ ആവശ്യങ്ങൾ എന്തെന്നു തീരുമാനിക്കാൻ വേണ്ടി പഞ്ചായത്തുകളുടേയും മുൻസിപ്പാലിററികളുടേയും ആഭിമുഖ്യത്തിൽ കൂടിയ പൊതുസമ്മേളനങ്ങളിൽ നിങ്ങളിൽ പലരും പങ്കെടുത്തിരിക്കാം. കൃഷിസൗകര്യങ്ങൾ, കന്നുകാലി വളൎത്തൽ, ഗ്രാമവ്യവസായങ്ങൾ, സഞ്ചാരസൗകര്യം, സഹകരണ സംഘ രൂപീകരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസ സൗകര്യങ്ങൾ, ശുദ്ധജലവിതരണം, ഗ്രാമവൈദ്യുതീ

കരണം എന്നിവ സംബന്ധിച്ച പരിപാടികൾ നിർദ്ദേശിക്കാൻ ഗവമ്മേണ്ടിൽനിന്ന് പഞ്ചായത്തുകളോടും മുൻസിപ്പാലിററികളോടും ആവശ്യപ്പെട്ടു. ഈ തദ്ദേശ സ്ഥാപനങ്ങൾ ചച്ച്ചെയ്ത് അംഗീകരിച്ച പദ്ധതികളുടെ വിശദവിവരങ്ങളും ഓരോ പരിപാടിക്കും പൊതുജനങ്ങളിൽനിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സഹകരണസ്വഭാവവും, ഓരോന്നിൻേറയും പ്രാധാന്യവും താലൂക്ക് തഹശീൽദാരന്മാരെ അറിയിക്കാനാണ് വ്യവസ്ഥചെയ്തിരുന്നത്. തഹശീൽദാർ വിവിധ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് ഈ പദ്ധതികളുടെ പ്രായോഗികത പരിശോധിക്കും. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ താലൂക്കു കമ്മിററികൾ നിർദ്ദേശങ്ങളുടെ ആദ്യപരിശോധന നടത്തും. പിന്നീട് ജില്ലാകലക്ടർ ഈ നിർദ്ദേശങ്ങളെല്ലാം ജില്ലാസമിതിയുടെ പരിശോധനയ്ക്കുവെയ്ക്കുന്നതാണ്. കലക്ടരും ജില്ലാസമിതി അംഗങ്ങളുമാണ് പ്രദേശികപരിപാടികൾ അവസാനമായി തീരുമാനിക്കുന്നത്. അങ്ങിനെ തീരുമാനിയ്ക്കുന്നതു ഡവലപ്പ്മെൻറു കമ്മീഷണരെ അറിയിയ്ക്കും.

ഇതുകൂടാതെ ഓരോ ഡിപ്പാർട്ടുമെൻറും പ്രത്യേകം പ്രത്യേകം പരിപാടികൾ തയ്യാറാക്കുന്നതായിരിയ്ക്കും. പഞ്ചായത്തുകളുമായും മുൻസിപ്പാലിററികളുമായും ആലോചിച്ചാണ് ഇത്തരം പരിപാടികൾ രൂപീകരിയ്ക്കുന്നതു. ഡിപ്പാർട്ടുമെൻറുകൾ രൂപീകരിയ്ക്കുന്ന പരിപാടികൾ ഒടുവിൽ ജില്ലാവികസനസമിതികൾ പരിശോധിയ്ക്കുകയും അവ തദ്ദേശഭരണസ്ഥാപനങ്ങൾ നിർദ്ദേശിച്ച പരിപാടികളുമായി സംയോജിപ്പിയ്ക്കുകയും ചെയ്യും. കേന്ദ്രഗവമ്മേണ്ടിൽനിന്നു ഏറെറടുത്ത് നടത്തേണ്ട പ്രവത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാനഗവമ്മേൻറ് സമാഹരിച്ച് കേന്ദ്രഗവമ്മേൻറിനെ അറിയിയ്ക്കും. 1955 ആഗസ്റ്റുമാസത്തിനു മുമ്പ് എല്ലാപരിപാടികളുടേയും വിശദാംശങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞിരിയ്ക്കും. അവസാനമായി ഡവലപ്പ്മെൻറ് കമീഷണർ കേന്ദ്രഗവമ്മേൻറിൻെറ ആസൂത്രണക്കമ്മീഷനുമായി ആലോചിച്ചു സംസ്ഥാനത്തെ വികസനപദ്ധതികളുടെ പൂണ്ണരൂപം തീരുമാനിക്കുന്നതാണ്. ആസൂത്രണക്കമ്മീഷൻെറ അനുമതിലഭിച്ചുകഴിഞ്ഞാൽ പിന്നെ പരിപാടികളുടെ വികേന്ദ്രീകരണമായി. ജില്ലാ, താലൂക്ക്, പഞ്ചായത്ത് എന്നീ ക്രമത്തിൽ പദ്ധതികൾ വിഭജിയ്ക്കപ്പെടും. ഇങ്ങനെ 1955 നവമ്പർ ഒന്നാം തിയതിയോടുകൂടി പൂണ്ണരൂപം നല്കപ്പെടുന്ന രണ്ടാം പഞ്ചവത്സരപദ്ധതി 1956 ഫെബ്രുവരി ഒന്നാം തീയതി പ്രഖ്യാപിയ്ക്കപ്പെടുന്നതാണ്. നിങ്ങളിൽ പലരും നിർദ്ദേശിച്ച പദ്ധതികളായിരിയ്ക്കും അപ്പോൾ ആ പട്ടികയിൽ കാണുന്നത്. അടുത്ത അഞ്ചു വഷത്തേയ്ക്കുള്ള പ്രവത്തനപരിപാടിയാണത്.

രണ്ടാം പഞ്ചവത്സരപദ്ധതി കരുപ്പിടിയ്ക്കുന്നതെങ്ങിനെയെന്നാണ് ഇപ്പോൾ കണ്ടതു. ഒന്നാം പഞ്ചവത്സരപദ്ധതിയ്ക്കു ചിലവാക്കുന്ന തുകയുടെ ഇരട്ടിയോളം രണ്ടാം പഞ്ചവത്സരപദ്ധതിയ്ക്കു ചിലവാക്കണമെന്നാണ് ഇപ്പോഴത്തെ ഉദ്ദേശം. നമ്മുടെ സാമ്പത്തികസാമൂഹ്യനില

കൾ ഒരുറച്ച അടിസ്ഥാനത്തിൽ എത്തുന്നതുവരെ വൻതോതിലുള്ള പ്രവൎത്തനങ്ങൾ രാജ്യത്തിൻെറ ഓരോ മുക്കിലും മൂലക്കും നടന്നുകൊണ്ടിരിക്കണമല്ലോ. വിപുലമായ തോതിൽ പരിപാടികൾ രൂപീകരിച്ചതുകൊണ്ടുമാത്രം നമ്മുടെ ചുമതല അവസാനിച്ചില്ല. ഈ പരിപാടികൾ ഓരോന്നും വിജയിപ്പിക്കാൻ കടമപ്പെട്ടവരും ജനങ്ങൾതന്നെയാണ്. ലോകത്തിലെ ഏററവും വലിയ ശക്തിയായ ബഹുജനശക്തി നല്ലതുപോലെ നമുക്കുണ്ട്. അതു ശരിയായി വിനിയോഗിക്കണമെന്നുമാത്രം. നമ്മുടേയും നമ്മുടെ ഭാവിതലമുറകളുടേയും നന്മയ്ക്കുവേണ്ടി കുറെയെല്ലാം ത്യാഗങ്ങൾ സഹിക്കുവാൻ നാം തയ്യാറാകണം. അതുകൂടാതെ ഒന്നും നേടുവാൻ സാധ്യമല്ല. പൊതുനന്മയ്ക്കുവേണ്ടിയുള്ള ഓരോ പരിപാടിയും വിജയിപ്പിക്കുന്നതിൽ ഏതു തരത്തിലാണ് നമ്മെക്കൊണ്ടു സഹായിക്കാൻ കഴിയുക എന്നുള്ളത് ഓരോരുത്തരും ചിന്തിച്ചറിയണം. സംഘടിതയത്നവും സഹകരണബുദ്ധിയുമില്ലെങ്കിൽ പലപ്പോഴും നമ്മുടെ ലക്ഷ്യങ്ങൾ പരാജയപ്പെട്ടുപോകും. ഒരു ചെറിയ ഉദാഹരണമെടുക്കാം. ഉൾനാട്ടുകളിലെ അനേകായിരം ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം ഒരു റോഡുവെട്ടണമെന്നിരിക്കട്ടെ. വഴിക്കുള്ള സ്ഥലം ഓരോരുത്തരും സംഭാവനചെയ്താൽ കാര്യം അതിവേഗത്തിൽ നടക്കാനുള്ളതേയുള്ളു. പത്തു പേരുടെ സ്ഥലത്തുകൂടിയാണ് റോഡു പോകേണ്ടതെന്നും ഒരാൾ മാത്രം സ്ഥലം കൊടുക്കുകയില്ലെന്നും വന്നാൽ ആ ഒരാൾ എത്രയായിരം പേരുടെ സൗകര്യങ്ങളും നാട്ടിൻെറ നന്മതന്നെയും ഇല്ലാതാക്കുന്നുവെന്നാലോചിക്കുക. ഐശ്വര്യത്തിലേക്കായി ഒരുങ്ങിയിറങ്ങുമ്പോൾ ഇതുപോലുള്ള ശകുനംമുടക്കുകൾ ഉണ്ടാകുന്ന പക്ഷം അതു ഭാവിതലമുറകളുടെ മേൽകൂടി ശാപമെന്നപോലെ നില്ക്കുന്നതാണ്. ഇങ്ങനെയുള്ള ശാപങ്ങൾക്കിടവരുത്താതിരുന്നാൽ നമ്മുടെ സംരംഭങ്ങളിൽ നാം വിജയിക്കുമെന്നുള്ളതും അങ്ങനെ പരിപൂൎണ്ണമായ ഐശ്വര്യത്തിൽ എത്തിച്ചേരുമെന്നുള്ളതും തീൎച്ചതന്നെ. ജനങ്ങളുടെ ആവശ്യങ്ങളും നിൎദ്ദേശങ്ങളും അനുസരിച്ച് കഴിവുകളുടെ പരമാവധി പ്രയോജനപ്പെടുത്താൻ സന്നദ്ധതയുള്ള ഗവൎമ്മേൻറ്; നാട്ടിൻെറ നന്മയാണ് തങ്ങളുടെ മേന്മയെന്നു കരുതി പൊതുക്ഷേമത്തിനുവേണ്ടി ആത്മാൎത്ഥമായി അദ്ധ്വാനിക്കുവാൻ തയ്യാറുള്ള ജനങ്ങൾ—ഐശ്വര്യത്തിലേക്കുള്ള യാത്ര ശുഭവും ശീഘ്രവും ആകുകതന്നെ ചെയ്യും.

---

1394/983

മാതൃഭൂമി അച്ചുക്കൂടം, കോഴിക്കോട്-1

1955

# മലയാളത്തിലുള്ള മററു പ്രസിദ്ധീകരണങ്ങൾ

| | | | | |
|---|---|---|---|---|
| നമ്മുടെ പഞ്ചവത്സരപദ്ധതി | .... | 0 | 10 | 0 |
| ഒന്നാം പഞ്ചവത്സരപദ്ധതി ചോദ്യോത്തരങ്ങൾ | | 0 | 4 | 0 |
| നവഭാരത നിർമ്മാണം .... | .... | 0 | 8 | 0 |
| വ്യാവസായികനയവും ആസൂത്രണവും | .... | 0 | 6 | 0 |
| ഗ്രാമധർമ്മം—ആചാര്യ വിനോബാഭാവേ | .... | 0 | 1 | 0 |

ഈ വിലാസത്തിൽ ആവശ്യപ്പെടുക:—

**പബ്ലിക്കേഷൻസ് ഡിവിഷൻ**

**ഓൾഡ് സെക്രട്ടേറിയേററ്, ഡൽഹി–8**

പബ്ലിക്കേഷൻസ് ഡിവിഷൻ
ഇൻഫർമേഷൻ ആൻറ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്റ്ററി
ഓൾഡ് സെക്രട്ടേറിയററ്, ഡൽഹി_8

# നാടിന്റെ നന്മ
# നമ്മുടെ നന്മ

सत्यमेव जयते

പബ്ലിക്കേഷൻസ് ഡിവിഷൻ
ൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മിനിസ്റ്ററി
ഇന്ത്യാഗവണ്മെണ്ട്

G
352
GOV

Indic Digital Archive Foundation
gpura.org